Reg. No. C. 101, M, 2293.

ഒററപ്രതിക്കു 2 .ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | 1125 മിഥുനം 21—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1950 ജൂലൈ 5 | ലക്കം 43

## വത്തിക്കാന്റെ മുഖപത്രം

(എം. ഒ. ജോസഫ്, നെടുങ്കുന്നം)

എഴുപത്തിനാലു വയസ്സു പ്രായമായ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാതിരുമനസ്സുകൊണ്ടു പ്രതിദിനം, പതിവുള്ള ഒരു മണിക്കൂർ നേരത്തെ സായന്തനസഞ്ചാരവും ലഘുവായ അത്താഴവും കഴിഞ്ഞാലുടനെ, രാത്രി എട്ടുമണിക്കു മുടക്കം കൂടാതെ ചെയ്തുവരുന്ന ഒരു കൃത്യമുണ്ടു്. ഒസ്സർവത്തോരെ റൊമാനോ (റോമൻ നിരീക്ഷകൻ) എന്ന പേരിൽ അറിയപ്പെടുന്ന വത്തിക്കാൻ പത്രത്തിന്റെ പാരായണമാണതു്. ഏകദേശം 50 മിനിററുനേരത്തേക്കു് അവിടുന്നു് ആ പത്രത്തിന്റെ പാരായണത്തിൽ നിമഗ്നനായിരിക്കും. ഒസ്സർവത്തോരെ ഒരു സായന്തനപത്രമാണു്; അതിന്റെ ആദ്യത്തെ കോപ്പി മാർപ്പാപ്പാതിരുമേനിക്കാണു സമർപ്പിക്കപ്പെടുക.

ആധുനികദിനപത്രങ്ങൾ വായിച്ചുകൊണ്ടിരിക്കുന്ന ഒരു സാധാരണക്കാരനു ഒസ്സർവത്തോരെയെപ്പററിയുള്ള അഭിപ്രായം അത്ര അനുകൂലമായിരിക്കുമെന്നു തോന്നുന്നില്ല. എന്തെന്നാൽ, അപസർപ്പകവൃത്താന്തങ്ങൾ, ആത്മഹത്യാവിവരങ്ങൾ, പ്രണയസംഭവങ്ങൾ, ചെറുകഥകൾ, സ്പോർട്ട്സ്, വിവാഹമോചനകേസുകൾ, ജനനമരണക്കണക്കുകൾ, ധനകാര്യവാർത്തകൾ, വിനോദചിത്രങ്ങൾ മുതലായവയൊന്നും അതിൽ കാണപ്പെടുന്നതല്ല. ഏററവും ആധുനികങ്ങളായ വാർത്തകളും സ്കൂപ്പുകളും പ്രസിദ്ധപ്പെടുത്തുവാൻ അതു വെമ്പൽകൊള്ളുന്നില്ല. ചിലപ്പോൾ സംഭവം നടന്നിട്ടു രണ്ടും മൂന്നും ദിവസം കഴിഞ്ഞിട്ടായിരിക്കും ഒസ്സർവത്തോരെ അതു പ്രസിദ്ധപ്പെടുത്തുന്നതു്. ലത്തീനും സംസ്കൃതവും ഉൾപ്പെടെ 34 ഭാഷകളിലുള്ള ലേഖനങ്ങൾ അതിന്റെ ലക്കങ്ങളിൽ കണ്ടെന്നുവരാം. പന്ത്രണ്ടാം പീയൂസ് തിരുമേനി വളരെ ആഹ്ലാദത്തോടെ ആ പത്രം വായിച്ചുവരുന്നു. അതങ്ങനെയല്ലേ വരികയുള്ളു. എന്തെന്നാൽ അതു് അദ്ദേഹത്തിന്റെ സ്വന്തം പത്രമാകുന്നു.

ഒസ്സർവത്തോരെ റൊമാനോ ആരംഭിച്ചിട്ടു 89 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ഇന്നു് അതൊരു സായന്തനദിനപത്രമാണു്. ഇപ്പോഴത്തെ മാററവിലകണക്കാക്കി പറഞ്ഞാൽ ഒററപ്രതിക്കു 9 പൈസ വിലയാണു്. വത്തിക്കാൻ സംസ്ഥാനത്തിന്റെ അർദ്ധൗദ്യോഗികജിഹ്വയാണു് ഈ പത്രം. വത്തിക്കാൻ ഭരണാധികാരിക്കു സായുധസേനകളും, നാവികപ്പടയോ, വിമാനസമൂഹങ്ങളോ അണുബോംബുകളോ യാതൊന്നുമില്ല. എന്നാൽ അദ്ദേഹത്തിനുള്ള, അണുബോംബിനെക്കാൾ ശക്തിയേറിയ, ഒരായുധമാണു് ഒസ്സർവത്തോരെ. ദൈവത്തിന്റെയും സഭയുടെയും ശത്രുക്കളോടുള്ള നിരന്തരപോരാട്ടത്തിൽ അതു വ്യാപൃതമായിരിക്കയുമാണു. കമ്മ്യൂണിസത്തിനെതിരായുള്ള അതിന്റെ സമരം പ്രതിയോഗികളെ കണക്കിലധികം ക്ഷുഭിതരാക്കുന്നുണ്ടുതാനും.

ഇന്നു ഒസ്സർവത്തോരെ പ്രതിദിനം എൺപതിനായിരം കോപ്പികളാണു പ്രചരിക്കുന്നതു്. പ്രത്യക്ഷത്തിൽ ഇതൊരു ചെറിയ സംഖ്യ ആണെന്നു തോന്നാം. എന്നാൽ അതിനു് ഒരു മറുവശമുണ്ടു്. മററു പത്രങ്ങൾ വായനക്കാരെ തൃപ്തിപ്പെടുത്തുന്നതരത്തിലാണു പ്രസാധനം ചെയ്തുകൊണ്ടിരിക്കുന്നതു്. തന്മൂലം വായനക്കാർ ധാരാളമായി അതു വാങ്ങുന്നു. വായനക്കാരന്റെ ഇഷ്ടാനിഷ്ടങ്ങൾ നോക്കാതെ പ്രസിദ്ധപ്പെടുത്തുന്ന ഒരു പത്രമാണു് ഒസ്സർവത്തോരെ. വായനക്കാരനു് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, പ്രസിദ്ധി അർഹിക്കേണ്ടവയെന്നു തിരുസിംഹാസനം തീരുമാനിക്കുന്ന കാര്യങ്ങൾമാത്രമേ ഒസ്സർവത്തോരെയിൽ പ്രസിദ്ധപ്പെടുത്താറുള്ളു. നമ്മുടെ നാടിനെ സംബന്ധിച്ചും ഇതൊരു വസ്തുതയാണല്ലോ. വായനക്കാരെ തൃപ്തിപ്പെടുത്തുന്നതിനായി സഭ്യേതരമായ വാർത്തകളും ചിത്രങ്ങളും കഥകളും ചേർക്കുന്ന പത്രങ്ങൾക്കു വളരെ പ്രചാരമുണ്ടു്; സത്യം മാത്രമേ പ്രസിദ്ധപ്പെടുത്താവൂ എന്ന നിഷ്ഠയോടുകൂടി കത്തോലിക്കാ ആദർശങ്ങളിൽ നടത്തപ്പെടുന്ന പത്രങ്ങൾക്കു താരതമ്യേന പ്രചാരം കുറവായിരിക്കും.

എന്നാൽ ജനസമുദായത്തിൽ പ്രയോഗിക്കുന്ന സ്വാധീനശക്തിവെച്ചു നോക്കുകയാണെങ്കിൽ ഒസ്സർവത്തോരെയോളം പ്രാമാണ്യം അർഹിക്കുന്ന ഒരു പത്രം വേറേ ഉണ്ടെന്നു തോന്നുന്നില്ല. ലോകത്തിലെ ഏക സാർവ്വരാജ്യപത്രം അതാണെന്നുപറയാം. പാരീസിലും ന്യൂയോർക്കിലും അങ്കാറയിലും നാങ്കിങ്ങിലും മോസ്കോയിലും സെയിഗോണിലും ഒട്ടാവയിലും സിഡ്നിയിലും അതിനു പ്രചാരവും സ്ഥാനവുമുണ്ടു്. ഒസ്സർവത്തോരെയുടെ വരിക്കാർ അധികവും ഗണനീയവ്യക്തികളാണു്. ജാതിമതഭേദമെന്യേ രാജ്യതന്ത്രജ്ഞന്മാർ, മതനേതാക്കന്മാർ മുതലായവർ ആർത്തിയോടെ പാർത്തിരിക്കുന്ന ഒരു പത്രം ഇതുമാത്രമാണു്. അതിന്റെ മുഖപ്രസംഗങ്ങളിൽ പ്രകടിതമാകുന്ന ആശയങ്ങൾ സത്യങ്ങളും സ്വാഗതാർഹങ്ങളുമാണെന്നു് വിശ്വസിക്കുന്ന വലിയ ഒരു ജനസമൂഹം ലോകത്തിലുണ്ടു്.

ഒസ്സർവത്തോരെയുടെ പ്രാധാന്യമെന്തെന്നു ലോകത്തിലെ നാല്പതുകോടിയിൽപ്പരം കത്തോലിക്കർക്കറിയാം. മാർപ്പാപ്പാതിരുമനസ്സിലെ സ്വരം പ്രതിഫലിക്കുന്ന ഒരു പത്രമാകയാൽ പ്രമുഖരായ അകത്തോലിക്കാ നേതാക്കന്മാരും സംഘടനകളും അതു വായിക്കുന്നുണ്ടു്. "ഒസ്സർവത്തോരെ റൊമാനോയിൽ പ്രസിദ്ധീകരിച്ചിരിക്കുന്നതുപോലെ" എന്ന വിശേഷണത്തോടുകൂടിയുള്ള വാർത്തകൾ അമേരിക്കയിലെയോ ഫ്രാൻസിലെയോ ടർക്കിയിലെയോ മററു രാജ്യങ്ങളിലെയോ പ്രമുഖപത്രങ്ങളിൽ സാധാരണ കാണാം.

ഒസ്സർവത്തോരെയുടെ സംഭവബഹുലമായ ചരിത്രത്തിൽ, പൂർവ്വാധികം ശക്തിമത്തായി ആഗോളവ്യാപകമായ സ്വാധീനശക്തിയെയും സ്വാതന്ത്ര്യസിദ്ധമായ കഴിവുകളെയും ഇന്നു് അതു പ്രയോഗിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ അരനൂററാണ്ടുകാലത്തിനുള്ളിലുണ്ടായിട്ടുള്ളതിൽ ഏററവും രൂക്ഷമായ ഒരു സമരത്തിലാണു് കത്തോലിക്കാസഭ ഇന്നു് ഏർപ്പെട്ടിരിക്കുന്നതു്. ഈ സമരത്തിലേർപ്പെട്ടിരിക്കുന്ന കക്ഷികളുടെ നേതൃത്വം ഒരു വശത്തു കത്തോലിക്കാസഭയും, മറുവശത്തു കമ്മ്യൂണിസവും വഹിക്കുന്നു. ഈ സമരത്തിന്റെ ലക്ഷ്യം "ഈ ലോകത്തിലെ കൊച്ചുമനുഷ്യരു"മാകുന്നു.

ലണ്ടൻ "ന്യൂസ് റിവ്യൂ" ഈ അടുത്തകാലത്തു പ്രസ്താവിച്ചതുപോലെ സമരമുന്നണികൾ വത്തിക്കാനിലെ ഒസ്സർവത്തോരെയും, മോസ്കോയിലെ പ്രാവ്ദയുമാകുന്നു. "രണ്ടു ദിനപത്രങ്ങൾ തമ്മിൽ ഉണ്ടായിട്ടുള്ളതിൽ ഏററവും നീണ്ടതും രൂക്ഷമായതുമായ ഒരു വാക്സമരം" ഇവതമ്മിൽ നടക്കുന്നുവെന്നാണു ന്യൂസ്‌റിവ്യൂവിന്റെ പക്ഷം. വത്തിക്കാൻ ഹിററ്ലറുമായി ഉടമ്പടിയുണ്ടാക്കി, മുസ്സോലിനിയുടെ എത്യോപ്യൻ ആക്രമണത്തെ അനുകൂലിച്ചു, സ്പാനിഷ് വിപ്ലവത്തിൽ ഫ്രാങ്കോയെ പിന്താങ്ങി, എന്നിങ്ങനെയുള്ള പച്ചക്കള്ളങ്ങൾ പ്രാവ്ദാ തട്ടിമൂളിക്കുമ്പോൾ ഒസ്സർവത്തോരെയുടെ ധർമ്മരോഷം അതിന്റെ മൂർദ്ധന്യത്തിലെത്തുന്നു. മതത്തെ അപകടത്തിലാക്കാത്ത ഏതു ഭരണസമ്പ്രദായത്തിന്റെ കാര്യത്തിലും നിഷ്പക്ഷത പാലിക്കുകയെന്നുള്ളതാണു വത്തിക്കാന്റെ നയം എന്ന വസ്തുത പ്രാവ്ദായെ മനസ്സിലാക്കുവാൻ ഒസ്സർവത്തോരെ അതിന്റെ കോളങ്ങൾ വിനിയോഗിക്കേണ്ടിവരുന്നു.

ആറു അൽമായരടങ്ങിയ ഒരു പത്രാധിപസംഘമാണു് ഒസ്സർവത്തോരെ നടത്തുന്നതു്. ഇവരെല്ലാം പ്രമുഖരായ വ

(ശേഷം 12-ാം പേജിൽ)


ULTIMA EDIZIONE

L'OSSERVATORE ROMANO

GIORNALE QUOTIDIANO POLITICO RELIGIOSO

UNICUIQUE SUUM NON PRAEVALEBUNT

CITTÀ DEL VATICANO

DOMINO NOSTRO PIO A DEO DECRETO SUMMO PONTIFICI ET UNIVERSALI PAPAE VITA!

L'Urbe e l'Orbe al 262° Successore dell'Apostolo Pietro nel giorno solenne dell'Incoronazione

Un dono del Padre

Il Rito solenne

Nostre Informazioni

രണ്ടടി നീളവും ഒന്നരയടി വീതിയുമുള്ള ഒസ്സർവത്തോരെ റൊമാനോയുടെ പ്രഥമ പക്ഷത്തിന്റെ ഫോട്ടോ.

വിൻസെൻറ ഡി പോൾ സഖ്യം 10

# ഐക്യവും സമാധാനവും

ഐക്യത്തിൻ്റെയും സമാധാനത്തിൻ്റെയും മനോഭാവം വിൻസെൻറ ഡി പോൾ സഖ്യത്തിൻ്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. ദൈവസ്നേഹം സംഘത്തിൻ്റെ എല്ലാ പ്രവൃത്തനങ്ങളിലും വ്യാപിച്ചിരിക്കുന്നു. കലഹത്തിനും ഛിദ്രത്തിനും സഖ്യത്തിൽ സ്ഥാനമില്ല; എന്തുകൊണ്ടെന്നാൽ അവ ഐക്യത്തിൻ്റെയും സമാധാനത്തിൻ്റെയും അഭാവത്തെയാണ് കാണിക്കുന്നത്. "സ്നേഹവും സമാധാനവും നമ്മുടെ ഇടയിൽ സംരക്ഷിക്കുവാൻ നാം ശ്രമിച്ചു വരുന്ന രണ്ടു അനുഗ്രഹങ്ങളാണ്" എന്നത്രേ ബവുഡൻ പ്രസ്താവിച്ചിരിക്കുന്നത്. അംഗങ്ങളേയും കോൺഫറൻസുകളേയും കുടുംബങ്ങളേയും ജനതകളേയും ദൈവസ്നേഹത്തിൻ്റെ ശൃംഖലയാൽ പരസ്പരം ബന്ധിക്കുന്നതിനും അങ്ങനെ ക്രിസ്തുവിൻ്റെ ഭരണത്തിൽ ക്രിസ്തുവിൻ്റെ സമാധാനം സ്ഥാപിക്കുന്നതിനും സഖ്യം ബദ്ധശ്രദ്ധമായിരിക്കുന്നു. തർക്കങ്ങളും വാഗ്വാദങ്ങളും വാദപ്രതിവാദങ്ങളും കോൺഫറൻസുകളിൽ ഒരിക്കലും അനുവദിക്കപ്പെടുന്നതല്ല. അവ സഖ്യത്തിൻ്റെ പാരമ്പര്യത്തിനും ചൈതന്യത്തിനും വിരുദ്ധമാണ്. അവ സ്വാർത്ഥതയുടേയും ഔദ്ധത്യത്തിൻ്റെയും ലക്ഷണങ്ങളാണ്; ദിവ്യനാഥൻ്റെ അരൂപിക്കു യോജിച്ചവയല്ല.

"വിൻസെൻറ ഡി പോൾ സഖ്യത്തിൻ്റെ ഒരു പ്രത്യേക ലക്ഷണം അംഗങ്ങളുടെ ഇടയിലുള്ള ക്രിസ്തീയ സൗഹാർദ്ദതയാണ്. പരസ്പരം അറിയാതെ തന്നെ നാം സ്നേഹിതന്മാരായിരിക്കുന്നു. പരസ്പരം പരിചയപ്പെടാതെ നാം പരസ്പരം അറിയുന്നു. പരസ്പരവിശ്വാസവും ക്രിസ്തീയസാഹോദര്യവും... ആണ് നമ്മുടെ ഐക്യത്തിൻ്റെ ഏകബന്ധം" എന്നത്രേ സഖ്യത്തിൻ്റെ മാനുവലിൽ പറഞ്ഞിരിക്കുന്നത്. സഖ്യാംഗങ്ങളെ പരസ്പരം ബന്ധിക്കുന്ന യാതൊന്നും നിയമാവലിയിൽ ചേർത്തിട്ടില്ല; കർക്കശമായ കർത്തവ്യങ്ങൾ നിയമപ്രകാരം അംഗങ്ങളുടെമേൽ ചുമത്തപ്പെട്ടിട്ടില്ല. അംഗങ്ങളുടെ ഇടയിലുള്ള പരസ്പരബന്ധത്തിൻ്റെ ഏകനിദാനം ദൈവത്തെപ്രതിയുള്ള പരസ്പരസ്നേഹവും സൗഹാർദ്ദതയും മാത്രമാണ്.

അംഗങ്ങൾ എല്ലായ്പോഴും പരസ്പരം സ്നേഹപൂർവ്വം പെരുമാറണം. പരസ്നേഹം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾക്കു വിധേയമല്ല. കോൺഫറൻസുകളിലെ പരസ്നേഹചൈതന്യവും സമാധാനവും ഭഞ്ജിക്കപ്പെടുന്നതിനെക്കാൾ അസൗകര്യങ്ങളും വിഷമതകളും സന്തോഷപൂർവ്വം സഹിക്കുന്നതിനു അംഗങ്ങൾ സന്നദ്ധരായിരിക്കണം. അങ്ങനെയുള്ള വിഷമഘട്ടങ്ങളാണ് അംഗങ്ങളുടെ ക്രിസ്തീയചൈതന്യത്തിൻ്റെ മാറററിയുവാനുള്ള അവസരങ്ങൾ. ക്രിസ്തുനാഥൻ നമ്മെ സ്നേഹിക്കുന്നതുപോലെ നമ്മുടെ അയൽക്കാരനെ നാം യഥാർത്ഥത്തിൽ സ്നേഹിക്കുന്നുണ്ടോ എന്നു അറിയുവാനുള്ള അവസരങ്ങളാണ് അവ.

ചിലരെ മററുള്ളവരെക്കാൾ കൂടുതലായി നാം സ്നേഹിക്കുന്നത് എന്തുകൊണ്ടാണെന്നു വിശുദ്ധ തോമസ് അക്വിനാസ് വിശദീകരിക്കുന്നുണ്ട്. തൻ്റെ അയൽക്കാരനെ സ്നേഹിക്കുന്നതിനു ധാർമ്മികനിയമം എല്ലാവരേയും നിർബന്ധിക്കുന്നു. എന്നാൽ പൊതുവായ ഈ ധാർമ്മികനിയമത്തിനു പുറമേ ചിലരോടു പ്രത്യേകസ്നേഹം കാണിക്കുന്നതിനു പ്രത്യേകകാരണങ്ങൾ ഉണ്ടായെന്നുവരാം. കുടുംബബന്ധം, ജാതിബന്ധം, രാജ്യബന്ധം മുതലായവ ഈ കാരണങ്ങളിൽ പെടുന്നതാണ്. കോൺഫറൻസിനുള്ളിൽ അംഗങ്ങൾ പൊതുവായ ഒരു ജീവിതത്തിൽ ഭാഗഭാക്കുകളും പൊതുവായ പ്രാർത്ഥനകൾ നടത്തുകയും, പരസ്പരം സഹായിക്കുകയും പൊതുവായ ഒരന്ത്യത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുകയും ചെയ്യുന്നു. ആകയാൽ അന്യരുടെ നേർക്കുള്ളതിനെക്കാൾ കൂടുതലായ ഒരു പരസ്നേഹബന്ധം സഖ്യാംഗങ്ങൾക്ക് പരസ്പരം ഉണ്ടായിരിക്കേണ്ടതാണ്. കോൺഫറൻസിൻ്റെ ഉള്ളിൽ പരസ്നേഹം പ്രകടിപ്പിക്കാത്ത കാര്യം ദരിദ്രജനങ്ങളുടെ ഗൃഹങ്ങളിൽ അതു പ്രകടിപ്പിക്കുമെന്നു വിചാരിക്കുന്നതു് അബദ്ധമാണ്. "താൻ ദൈവത്തെ സ്നേഹിക്കുന്നുവെന്നു പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നവൻ നുണയനാകുന്നു. എന്തുകൊണ്ടെന്നാൽ കാണുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണാത്ത ദൈവത്തെ സ്നേഹിക്കാൻ എങ്ങനെ സാധിക്കും?" എന്നാണ് വിശുദ്ധ യോഹന്നാൻ പറയുന്നത്.

ഒരു കുടുംബത്തിൽ ഐക്യവും സമാധാനവും അത്യന്താപേക്ഷിതമായിരിക്കുന്നതുപോലെ തന്നെ ഓരോ കോൺഫറൻസിനും ഐക്യവും സമാധാനവും പാലിച്ചുകൊണ്ടുപോകേണ്ടതു് ആവശ്യമാണ്. ഇതിനായി ഓരോ അംഗവും ത്യാഗപൂർവ്വം പലതും സഹിക്കുവാൻ സന്നദ്ധനായിരിക്കണം. മററംഗങ്ങളിൽനിന്നും ഉണ്ടാകുന്ന വൈഷമ്യങ്ങളെ ക്ഷമാപൂർവ്വം സഹിക്കുവാൻ ഓരോരുത്തനും ഒരുക്കമായിരിക്കണം. അഭിപ്രായഭിന്നതയ്ക്കു കാരണമാകുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കാതിരിക്കാൻ ഓരോരുത്തനും പ്രത്യേകം ശ്രദ്ധിക്കണം. ഒരുവൻ്റെ കഴിവുകൾക്കും ഉത്സാഹത്തിനും അനുസൃതമായ സ്ഥാനം കോൺഫറൻസിൽ ലഭിച്ചില്ലെങ്കിൽ അതിൽ പരിഭവം പ്രകടിപ്പിക്കരുതു്. സംഘത്തിലെ ഔദ്യോഗികസ്ഥാനങ്ങൾ കാംക്ഷിക്കുന്നവരെപ്പററി ഗോസ്സിൻ പറഞ്ഞിരിക്കുന്നതു ശ്രദ്ധേയമാണ്: "ബോർഡിലെ അംഗങ്ങളായി ആരെയൊക്കെയാണ് തിരഞ്ഞെടുക്കേണ്ടതെന്നു എല്ലായ്പോഴും ഞങ്ങൾക്കറിഞ്ഞുകൂടായിരിക്കും. എന്നാൽ ആരെയാണ് തിരഞ്ഞെടുക്കാൻ പാടില്ലാത്തതെന്നു ഞങ്ങൾക്കു തീർച്ചയായും അറിയാം; ഔദ്യോഗികസ്ഥാനങ്ങൾ കിട്ടാൻ ആഗ്രഹം പ്രകടിപ്പിക്കുന്നവരാണവർ."

കോൺഫറൻസിൻ്റെ ഐക്യവും സമാധാനവും ആണ് അതിൻ്റെ വിപുലീകരണത്തെക്കാൾ കൂടുതൽ കാര്യമായി പരിഗണിക്കപ്പെടുന്നതു്. ഈ വിഷയത്തെപ്പററി മൂന്നു പ്രാവശ്യത്തിൽ കുറയാതെ ഒസാനാം കോൺഫറൻസുകളെ ഉൽബോധിപ്പിച്ചിട്ടുണ്ട്. അംഗങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിലല്ല പ്രത്യുത അവരുടെ ഐക്യബോധം വളർത്തുന്നതിൽ ദത്തശ്രദ്ധമായിരിക്കണം എന്നാണ് ഒസാനാം ഉൽബോധിപ്പിച്ചിരിക്കുന്നതു്. "നിങ്ങൾ സ്നേഹബന്ധത്തിൽ ഐക്യപ്പെട്ടിരിക്കുന്നുവെങ്കിൽ നിങ്ങൾ കുറച്ചുപേരായാലും മതി" എന്നാണ് നൈംസിലെ കോൺഫറൻസിനു ഒസാനാം നൽകിയിരിക്കുന്ന ഉപദേശം.

കോൺഫറൻസിൻ്റെ യോഗങ്ങളിൽ രാഷ്ട്രീയമായ യാതൊരു വിഷയവും ചർച്ചചെയ്യരുതെന്നു പ്രത്യേകം നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു. യോഗത്തിനുശേഷം യോഗസ്ഥലത്തുവച്ചും രാഷ്ട്രീയ കാര്യങ്ങൾ വിവാദവിഷയമാക്കാൻ പാടുള്ളതല്ല. യൂറോപ്പിലെ രാഷ്ട്രീയാന്തരീക്ഷം വളരെ ക്ഷോഭിച്ചിരുന്ന ഒരു കാലമായിരുന്നു 1830-നോടു് അടുത്തഘട്ടം. ഇക്കാലത്താണ് ഈ നിയമം നടപ്പിലാക്കിയതെങ്കിലും അന്നത്തെക്കാൾ കൂടുതലായി ഇന്നു ആ നിയമം ആവശ്യമായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ വിവിധങ്ങളായ രാഷ്ട്രീയാഭിപ്രായങ്ങൾ ജനതാമദ്ധ്യത്തിൽ പരന്നിരിക്കുന്ന ഇക്കാലത്തു് രാഷ്ട്രീയ കാര്യങ്ങളെപ്പററിയുള്ള വിവാദങ്ങൾ സഖ്യാംഗങ്ങളുടെ ഐക്യത്തേയും സമാധാനത്തേയും ശിഥിലീകരിപ്പിച്ചേക്കാവുന്നതാണ്. വിൻസെൻറ ഡി പോൾ സഖ്യം ദൈവസ്നേഹത്തിൻ്റെയും സൗഹാർദ്ദതയുടേയും ഐക്യത്തിൻ്റെയും സമാധാനത്തിൻ്റെയും രംഗമാണ്. രാഷ്ട്രീയകാര്യങ്ങൾ പോലെയുള്ള ശിഥിലീകരണഘടകങ്ങൾക്കു അവിടെ പ്രവേശം അനുവദിക്കാവുന്നതല്ല. "വിശുദ്ധ വിൻസെൻറ ഡി പോൾ വ്യത്യസ്തങ്ങളായ രാഷ്ട്രീയാഭിപ്രായങ്ങളെപ്പററി സംസാരിക്കുന്നതിനു പോലും തൻ്റെ വൈദികരെ അനുവദിച്ചിരുന്നില്ല......ദൈവസ്നേഹസംബന്ധമായ പ്രവർത്തനങ്ങളിൽ ഐകമത്യത്തോടെ വ്യാപൃതരായിരിക്കുന്നവർ ജനതയെ വിവിധ ചേരികളിൽ അണിനിരത്തുന്ന രാഷ്ട്രീയ വിവാദങ്ങളിൽനിന്നും അകന്നിരിക്കേണ്ടതു് എത്രയോ ആവശ്യമാണ്. നമ്മുടെ സഖ്യം മുഴുവൻ ദൈവസ്നേഹമയമാണ്; രാഷ്ട്രീയകാര്യങ്ങൾക്കു അതിൽ യാതൊരു സ്ഥാനവുമില്ല" എന്നാണ് സഖ്യത്തിൻ്റെ മാനുവലിൽ പറഞ്ഞിരിക്കുന്നതു്.

കോൺഫറൻസിൻ്റെ അംഗങ്ങൾ തമ്മിൽ ഐക്യമുണ്ടായിരിക്കേണ്ടതുപോലെതന്നെ കോൺഫറൻസുകളും കൗൺസിലുകളും തമ്മിൽ ഐക്യമുണ്ടായിരിക്കേണ്ടതാണ്. സഖ്യം ഒരു വലിയ കുടുംബമാണ്. അതിനു പൊതുവായ നിയമങ്ങളും പ്രാർത്ഥനകളും ഉണ്ട്. സാധുജനസേവനം അതിൻ്റെ പൊതുവായ പ്രവർത്തനമാണ്. അതിനാൽ കോൺഫറൻസുകളിലെ അംഗങ്ങൾ തമ്മിലോ കോൺഫറൻസുകൾ തമ്മിലോ മത്സരത്തിനു കാരണമോ സ്ഥാനമോ ഇല്ല. എല്ലാം ഒന്നാണ്. സഖ്യത്തിൻ്റെ വിജയകരമായ പ്രവർത്തനത്തിൽ—അതു് എവിടെയായിരുന്നാലും—ഓരോ അംഗവും സന്തോഷംകൊള്ളുന്നു. ഏതു കോൺഫറൻസാണ് കൂടുതൽ പ്രവർത്തിക്കുന്നതു് എന്നതു് അത്രകാര്യമായി ശ്രദ്ധിക്കേണ്ട സംഗതിയല്ല. ഓരോ അംഗവും അവനവൻ്റെ കോൺഫറൻസിൻ്റെ വിജയത്തിനു് പരമാവധി തീക്ഷ്ണതയോടെ പ്രവർത്തിക്കുക എന്നതാണ് ഏററം പ്രാധാന്യമേറിയ സംഗതി. അങ്ങനെ ചെയ്യുമ്പോൾ ഓരോ അംഗവും സഖ്യത്തിൻ്റെ മുഴുവൻ വിജയത്തിനുവേണ്ടി പ്രയത്നിക്കുന്നു.

സഖ്യത്തിൻ്റെ ഘടനതന്നെ അതിൻ്റെ അംഗങ്ങളുടെ ഇടയിൽ ഐക്യം ആവശ്യമാക്കിത്തീർക്കുന്നു. കോൺഫറൻസുകളെ നിയന്ത്രിക്കുന്ന കൗൺസിലുകളിൽ മാത്രമാണ് അധികാരം നിക്ഷിപ്തമായിരിക്കുന്നതു്. എന്നിരുന്നാലും ദൈവസ്നേഹം ആവശ്യപ്പെടുമ്പോൾ ഓരോ അംഗവും കോൺഫറൻസിനും തൻ്റെ സഹപ്രവർത്തകനും സ്വമനസ്സാ കീഴ്‌വഴങ്ങണം. സഖ്യത്തിൽ ഐക്യവും സമാധാനവും പാലിക്കുവാൻ ആഗ്രഹിക്കുന്ന അംഗം അധികാരസ്ഥാനങ്ങളിൽ ആവലാതിപ്പെടാതെ ക്ഷമയോടും മൗനത്തോടുംകൂടി പലതും സഹിക്കേണ്ടതായിട്ടുണ്ട്. തൻ്റെ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി—ഒരുവിധം പറഞ്ഞാൽ സ്വാർത്ഥസിദ്ധിക്കുവേണ്ടി—ശ്രമിക്കുന്ന സഖ്യാംഗം സഖ്യത്തിൻ്റെ ചൈതന്യത്തെപ്പററി ശരിയായി പഠിക്കേണ്ടതാണ്. സഖ്യാംഗങ്ങളെ തമ്മിൽ ബന്ധിച്ചുനിർത്തുന്നതു് ഏതെങ്കിലും ബാഹ്യശക്തിയുടെ പ്രകടനം മൂലമല്ല, പിന്നെയോ, ദൈവസ്നേഹത്തിൻ്റെയും സൗമനസ്യത്തിൻ്റെയും ചൈതന്യം മൂലമാണ്. "നമ്മുടെ കോൺഫറൻസിലും സഖ്യത്തിലും എല്ലാം സ്വാതന്ത്ര്യവും സ്വമനസ്സാ ഉള്ളതുമാണ്. നമ്മുടെ സംഘടന ഹൃദയങ്ങളുടെ ഒരു സംഘടനയാണ്. ക്രിസ്തീയസ്നേഹത്തിൻ്റെ നിയമമല്ലാതെ മററു നിയമവും അതിനെ നയിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുന്നില്ല" എന്നത്രേ സഖ്യത്തിൻ്റെ മാനുവൽ പ്രഖ്യാപിക്കുന്നതു്.

(എ. വി. തോമസ്)

——

## മഹറോൻ

ന്യായമായ വൈദികാധികാരികൾക്കെതിരായി ഗൂഢാലോചന നടത്തുന്ന എവരേയും മഹറോൻ ശിക്ഷയിൽ ഉൾപ്പെടുത്തുന്ന ഒരു കല്പന 12-ാം പിയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ജൂൺ 30-ാംനു പ്രസിദ്ധീകരിച്ചിരിക്കുന്നു.

## നിര്യാതനായി

ഫ്രാൻസിൽ അമിയൻസിലെ മെത്രാനായിരുന്ന മോൺസിഞ്ഞോർ ഡ്യൂചെഴ്സ് വൈദികവിദ്യാർത്ഥികൾക്കു പട്ടം കൊടുക്കാൻ ഒരുങ്ങുകയിൽ പെട്ടെന്നു നിര്യാതനായിരിക്കുന്നു. അദ്ദേഹത്തിനു 62 വയസ്സു പ്രായമുണ്ടായിരുന്നു.




അദ്ധ്യാപകൻ: ജോണി, നീയിങ്ങനെ മടിയനായിരുന്നാൽ കൊള്ളാമോ? ജോർജ്ജ് വാഷിംഗ്ടൺ നിൻ്റെ പ്രായത്തിൽ ക്ലാസ്സിലെ ഒന്നാമനായിരുന്നുവെന്നു അറിഞ്ഞുകൂടേ?

ജോണി: അറിയാം സാർ. പക്ഷെ അദ്ദേഹം സാറിൻ്റെ പ്രായത്തിൽ അമേരിക്കയിലെ പ്രസിഡൻറുമായിരുന്നു.

* * *

ഇംഗ്ലണ്ടിലെ ഹെൻട്രി 8-ാമൻ രാജാവു് തൻ്റെ സേവകനായിരുന്ന വി. തോമസ് മോറിനോടു് ഫ്രഞ്ചുരാജാവിൻ്റെ പക്കൽ ചെന്നു പ്രകോപനപരമായ ഒരു സന്ദേശം അറിയിക്കാൻ ആവശ്യപ്പെട്ടു. അപ്പോൾ തോമസ് മോർ പറഞ്ഞു.

"തിരുമേനി, ഇതും പറഞ്ഞുകൊണ്ടു് അങ്ങോട്ടു ചെന്നാൽ അദ്ദേഹം എൻ്റെ തല വെട്ടിക്കളയും."

ഹെൻട്രി: "അതു സാരമില്ല, തോമസേ. ഫ്രഞ്ചുരാജാവു് താങ്കളുടെ തല വെട്ടിയാൽ ഇംഗ്ലണ്ടിലുള്ള എല്ലാ ഫ്രഞ്ചുകാരുടേയും തല ഞാനും വെട്ടിച്ചുകളയും."

തോമസ് മോർ (ഫലിതവും വിനയവും കലന്ന സ്വരത്തിൽ): "പക്ഷെ തിരുമേനി, ഒരു കുഴപ്പമുണ്ടു്; അവരുടെ ആരുടേയും തല എൻ്റെ കഴുത്തിനു പാകമാകുമെന്നു തോന്നുന്നില്ല."

* * *

മി. തോമസ് ഭാര്യയുടെ ടോൺസിൽ ഓപ്പറേഷൻ ചെയ്തുകളയുന്നതിനായി അവളെയും കൊണ്ടു് ഡോക്ടറുടെ പക്കൽ ചെന്നു. ഓപ്പറേഷനുശേഷം അദ്ദേഹം "ഈ ഓപ്പറേഷൻ കുട്ടിക്കാലത്തു തന്നെ നടത്തേണ്ടതായിരുന്നു"വെന്നു അഭിപ്രായപ്പെട്ടു. ആ അഭിപ്രായം മി. തോമസിനു തികച്ചും സ്വീകാര്യമായിരുന്നതിനാൽ, ഡോക്ടറുടെ ബില്ല് സ്വന്തം അമ്മായിയപ്പൻ്റെപേർക്കു് അയച്ചുകൊടുത്തു.

* * *

"ഒരു പല്ലു പറിക്കുന്നതിനു് എന്താ ചാർജ്ജ്?"

"അഞ്ചുരൂപാ."

"അയ്യോ! രണ്ടുമിനിട്ടുനേരത്തെ പണിക്കു അഞ്ചുരൂപയോ?"

"നിങ്ങൾക്കു നിർബന്ധമാണെങ്കിൽ, ഞാനതു വളരെ സാവകാശം പറിച്ചേക്കാം."

## Give Me Laughter Today

Give me laughter today
For the battles I fight.
And let hidden away
Be the weapons of might.
Give me sunshine and cheer
And the grip of a friend,
And I've nothing to fear
From today to—the end.

Give me gladness and joy
As I struggle along
With the zest of a boy
And the snatch of a song;
Let me throw off the chains
And from fetters be free;
Only laughter remains
For the days still to be.

Give me laughter inspired.
By the sting of defeat;
Though I'm wearied and tired
Let me never retreat.
Give me laughter and hope
And the will to forge on,
As through darkness I grope
To a sun-blazoned dawn.

Give me laughter today-
Nothing else do I ask;
Laughter drives care away,
Laughter lightens the task.
This may load-lifting creed
For the frown-laden fray:
For the strength that I need;
Give me laughter today!

C. F. MC DONALD

കുർബാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിരത്തിലും മുത്തുക്കുടകൾ
കൊളംബോ സാരിഷാപ്പ്, ബ്രോഡ്‌വെ- എറണാകുളം.

വിമർശനവീഥി

# ദൈവത്തിന്റെ സ്നേഹത്താൽ തിന്മയിൽനിന്നു നന്മ

ദൈവം ആദത്തേയും സന്താനങ്ങളേയും പ്രകൃത്യതീതമായ നിലയിലേക്കുയർത്തിവച്ചു. ആ സൗഭാഗ്യം നിലനില്ക്കണമെങ്കിൽ മനുഷ്യവർഗ്ഗത്തിന്റെ പ്രാതിനിധ്യം വഹിക്കുന്ന ആദം ഒരു പ്രത്യേകവ്യവസ്ഥയ്ക്കു വിധേയനായിരിക്കണമെന്നു ദൈവം നിശ്ചയിച്ചു. വ്യവസ്ഥയനുസരിച്ചു് ആദം പ്രവർത്തിച്ചില്ല. തന്മൂലം പ്രകൃത്യതീതാവസ്ഥ ആദത്തിനും സന്താനങ്ങൾക്കും എന്നേക്കുമായി നഷ്ടപ്പെട്ടു. ആദം വ്യവസ്ഥയനുസരിക്കാഞ്ഞതും തൽഫലമായി തനിക്കും സന്താനങ്ങൾക്കും നാശം വരുത്തിക്കൂട്ടിയതും ആദത്തിന്റെ സ്വന്തം കുററത്താലാണു്. അതിനു ദൈവത്തിന്റെ സ്നേഹത്തേയോ നീതിയേയോ യാതൊരു വിധത്തിലും പഴിച്ചുകൂടാ. ആദത്തിന്റെ അവിശ്വസ്തതയും തന്മൂലം ആദത്തിനും സന്താനങ്ങൾക്കുമുണ്ടാകുന്ന നാശവും ദൈവം അനാദിമുതൽ കണ്ടിരുന്നു. എന്നുവരികിലും തന്റെ പ്ലാൻ ഭേദപ്പെടുത്തുവാൻ ദൈവം ബാദ്ധ്യസ്ഥനല്ല. സൃഷ്ടിയുടെ ദുർബുദ്ധിയാൽ സ്രഷ്ടാവിന്റെ പ്ലാൻ ഭേദപ്പെടുത്തുന്നതു് അവിടുത്തെ പരമമായ സ്വാതന്ത്ര്യത്തിനും, അധികാരത്തിനുംയോജിക്കാത്തതാണു്.

എന്നാൽ ദൈവത്തിന്റെ പ്ലാനിൽ ഇത്രയും മാത്രമല്ല ഉൾപ്പെട്ടിരുന്നതു്. ആദം വരുത്തിവച്ച നാശത്തിൽനിന്നു് ആദത്തേയും സന്താനങ്ങളേയും സമുദ്ധരിക്കുവാൻ, അങ്ങനെ തിന്മയിൽനിന്നു നന്മയുളവാക്കുവാൻ, സ്നേഹത്താൽ തന്നെ ദൈവം പ്രേരിതനായി. അതും പ്രസ്തുത പ്ലാനിൽ ഉൾപ്പെട്ടതായിരുന്നു. ഇതു കൂടി ഉൾപ്പെടുത്തി ചിന്തിച്ചാൽ കാണാം, ദൈവത്തിനു മനുഷ്യവർഗ്ഗത്തോടുള്ള സ്നേഹം അവിടുത്തെ പ്ലാനിൽ എത്ര പരമമായി പ്രശോഭിക്കുന്നുണ്ടെന്നു്. ആദത്തിന്റെ സ്വന്തം കുററത്താൽ ആദത്തിനും സന്താനങ്ങൾക്കും നാശംഭവിക്കുവാൻ ഇടയായതു്, ആ നാശത്തെ ദൈവം തടയാതിരുന്നതു്, ദൈവത്തിന്റെ നീതിയുടെ ശാസനയാലാണല്ലൊ. ആ ശാസനയുടെ ദുഷ്ഫലങ്ങൾ അനുഭവിക്കുവാൻ ആദവും ആദം മുഖാന്തിരം സന്താനങ്ങളും അർഹരായിരുന്നെങ്കിലും പ്രസ്തുത ദുരനുഭവത്തിൽനിന്നു് അവരെ രക്ഷിക്കുവാൻ ദൈവത്തിന്റെ സ്നേഹം തീച്ചയാക്കി. ദൈവത്തിന്റെ പ്ലാനിലെ ഈ ഭാഗം അതിലെ ആദ്യഭാഗത്തെക്കാൾ സ്നേഹദ്യോതകമാണു്. പ്ലാനിലെ ആദ്യഭാഗമനുസരിച്ചു് ആദത്തിനും സന്താനങ്ങൾക്കും ലഭിക്കുമായിരുന്ന സൗഭാഗ്യത്തെക്കാൾ ഉറപ്പുള്ള സൗഭാഗ്യത്തിന്റെ പ്രാപ്തിയാണു് പ്ലാനിന്റെ അവസാനഭാഗത്തിലെ നിശ്ചയത്തിൽ ഉൾക്കൊണ്ടിരിക്കുന്നതു്. തന്മൂലം ആദം പാപം ചെയ്തതും തൽഫലമായി മനുഷ്യവർഗ്ഗത്തിനു നാശം നേരിട്ടതും ഒരുവിധത്തിൽ വലിയ അനുഗ്രഹമായിരുന്നുവെന്നു തന്നെ പറയാം. ഇതുകൊണ്ടാണു് ആദത്തിന്റെ പാപത്തെ "സൗഭാഗ്യകരമായ പാപം" എന്നു പോലും വിളിക്കുവാൻ തിരുസ്സഭ മുതിർന്നിട്ടുള്ളതു്. അതിന്റെ കാരണവും തിരുസ്സഭ പറയുന്നുണ്ടു്. ആദത്തിന്റെ പാപംനിമിത്തം "ഇത്തരത്തിലുള്ള, ഇത്ര വലിയ രക്ഷകനെ ലഭിക്കുവാൻ" മനുഷ്യവർഗ്ഗത്തിനു ഭാഗധേയമുണ്ടായി.

## രണ്ടാമത്തെ ആദം
## പ്രകൃത്യതീതാവസ്ഥ പുനഃസ്ഥാപിച്ചു

ആദ്യത്തെ ആദം തനിക്കും സന്താനങ്ങൾക്കും വരുത്തിവച്ച നാശത്തിൽ നിന്നു് അവരെ സമുദ്ധരിക്കുകയും നഷ്ടപ്പെട്ട പ്രകൃത്യതീതാവസ്ഥ പുനഃസ്ഥാപിക്കുകയും ചെയ്യുവാൻ രണ്ടാമതൊരാദത്തെ ദൈവം മനുഷ്യവർഗ്ഗത്തിനു പ്രദാനംചെയ്യുവാൻ തീർച്ചയാക്കി. മുകളിൽ സൂചിപ്പിച്ചതുപോലെ ഈ നിശ്ചയവും ദൈവത്തിന്റെ പ്ലാനിൽ ഉൾപ്പെട്ടതാണു്. ഇതുംകൂടി ഉൾപ്പെടുത്തിവേണം ആ പ്ലാനിനെപ്പററി ചിന്തിക്കുവാനും പരാമർശിക്കുവാനും. എന്നാൽ മാത്രമേ കത്തോലിക്കാതത്വസംഹിത സംബന്ധിച്ചുള്ള പരാമർശനമാകയുള്ളു. അങ്ങനെയല്ലാത്ത പരാമർശനത്തിനു കത്തോലിക്കർ സമാധാനം പറയേണ്ടതുമില്ല. ആദ്യത്തെ ആദത്തിന്റെ പാപത്താൽ മനുഷ്യവർഗ്ഗത്തിനു നഷ്ടപ്പെട്ട പ്രകൃത്യതീതാവസ്ഥ രണ്ടാമത്തെ ആദമായ ദിവ്യരക്ഷകന്റെ പുണ്യത്താൽ മനുഷ്യവർഗ്ഗത്തിനു തിരിയെ ലഭിക്കുന്നു. ആദ്യത്തെ ആദം പാപം ചെയ്യാതെയിരുന്നെങ്കിൽ അദ്ദേഹത്തിൽനിന്നു തുടങ്ങുന്നതും തുടർന്നുകൊണ്ടിരിക്കുന്നതുമായ ജനനത്താൽ എല്ലാ മനുഷ്യവ്യക്തികൾക്കും പ്രകൃത്യതീതാവസ്ഥ ലഭിക്കുമായിരുന്നു. രണ്ടാമത്തെ ആദത്തിൽനിന്നു തുടങ്ങുന്നതും തുടരുന്നതുമായ വേറൊരു ജനനത്താൽ, "വെള്ളത്താലും പരിശുദ്ധാത്മാവാലുമുള്ള ജനനത്താൽ, ക്രിസ്തീയ സഭയിലെ മാമ്മോദീസായാൽ, എല്ലാ മനുഷ്യവ്യക്തികൾക്കും പ്രകൃത്യതീതാവസ്ഥ തിരിയെ ലഭിക്കുവാൻ കഴിയുന്നു. ആദ്യത്തെ ആദം പാപം ചെയ്യാതിരുന്നെങ്കിൽ ഓരോ മനുഷ്യവ്യക്തിക്കും ലഭിക്കുമായിരുന്ന പ്രകൃത്യതീതാവസ്ഥ അവന്റെ സ്വന്തം കുററത്താൽ നഷ്ടപ്പെടുവാൻ പാടുണ്ടായിരുന്നു. ആദത്തിനു സ്വന്തം കുററത്താലാണല്ലൊ അതു നഷ്ടപ്പെട്ടതു്. അതുപോലെ ആദത്തിന്റെ സന്താനങ്ങളിൽ ആർക്കും അതു നഷ്ടപ്പെടുവാൻ പാടില്ലായ്കയില്ല. അങ്ങനെ ഒരു മനുഷ്യവ്യക്തിക്കു് അതു നഷ്ടപ്പെട്ടാൽ പിന്നെ അവന്റെ ഗതി എന്താകുമായിരുന്നു? എന്നേക്കും അതു് അവനു നഷ്ടപ്പെട്ടതുതന്നെ. അതു തിരിയെ പ്രാപിക്കുവാൻ അവനു സാദ്ധ്യമാകുമായിരുന്നില്ല. മററാർക്കും അവനെ അതിൽ സഹായിക്കുവാനും സാദ്ധ്യതയുണ്ടാകുമായിരുന്നില്ല. രണ്ടാമത്തെ ആദമായ ദിവ്യരക്ഷകൻവഴിയായി മനുഷ്യവർഗ്ഗത്തിനു ലഭിച്ചിരിക്കുന്ന വിശേഷമായ അനുഗ്രഹം ഇവിടെ കാണാവുന്നതാണു്. മാമ്മോദീസാവഴിയായി തിരിയെ ലഭിക്കുന്ന പ്രകൃത്യതീതാവസ്ഥ സ്വന്തം കുററത്താൽ ഏതെങ്കിലും മനുഷ്യവ്യക്തിക്കു നഷ്ടപ്പെട്ടാലും, ദിവ്യരക്ഷകൻ വഴിയായിത്തന്നെ അവനു് അതു വീണ്ടും പ്രാപിക്കുവാൻ സാദ്ധ്യതയുണ്ടു്. അതിലേക്കു വേണ്ട ദിവ്യമായ മാർഗ്ഗങ്ങൾ രക്ഷകൻ ഏർപ്പെടുത്തിയിട്ടുമുണ്ടു്. കുമ്പസാരവും ഒടുവിലത്തെ ഒപ്രുശുമായും. ദൈവം നിരോധിച്ച പഴം ഭക്ഷിക്കാൻ ഹവ്വായെ പിശാചു പ്രേരിപ്പിച്ചതു് അതു ഭക്ഷിച്ചാൽ "ദൈവത്തെപ്പോലെയാകും" എന്നു പറഞ്ഞാണല്ലൊ. ദൈവത്തിന്റെ "ഛായയിലും സാദൃശ്യത്തിലും" സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യനു് സൃഷ്ടികൾക്കു സാധിക്കുന്നേടത്തോളം ദൈവത്തെപ്പോലെയാകുവാൻ ആകാംക്ഷയുണ്ടാകുക സ്വാഭാവികമാണല്ലൊ. ഈ ആകാംക്ഷ ദൈവഹിതത്തിനു വിരുദ്ധമായവിധത്തിൽ തൃപ്തിപ്പെടുത്തുവാൻ ആദ്യത്തെ ആദം ശ്രമിച്ചതുകൊണ്ടാണു് ആദത്തിനും സന്താനങ്ങൾക്കും നാശംഭവിച്ചതു്. ആദ്യത്തെ ആദം നിഷിദ്ധമായമാർഗ്ഗത്തിൽക്കൂടി തൃപ്തിപ്പെടുത്തുവാൻ ശ്രമിച്ച ഈ ആകാംക്ഷ ഏതൊരു മനുഷ്യവ്യക്തിക്കും സഫലമാക്കുവാൻ കഴിയുന്ന ദിവ്യമായ മാർഗ്ഗം രണ്ടാമത്തെ ആദം ഏർപ്പെടുത്തിയിട്ടുണ്ടു്. അതാണല്ലോ കുർബാനയെന്ന കൂദാശ. "ഞാൻ പിതാവിനാൽ ജീവിക്കുന്നതുപോലെ, എന്റെ മാംസം ഭക്ഷിക്കുകയും, എന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നവൻ എന്നാൽ ജീവിക്കും" എന്നതിന്റെ അർത്ഥം ഇതല്ലാതെ മറെറന്താണു്?

## ജീവിതദുരിതങ്ങളെ അനുഗ്രഹങ്ങളാക്കി

ആദം പാപംചെയ്യാതിരുന്നെങ്കിൽ ശാരീരികവും മാനസികവുമായ ജീവിതദുരിതങ്ങൾ മനുഷ്യവർഗ്ഗം അനുഭവിക്കേണ്ടിവരുമായിരുന്നില്ല, ശരിതന്നെ. ആ വിഷയത്തിൽ ആദ്യത്തെ ആദത്തിൽ നിന്നു ലഭിക്കുമായിരുന്നതിനെക്കാൾ വളരെ മെച്ചമായ, അമൂല്യമായ, അവസ്ഥയാണു് രണ്ടാമത്തെ ആദംവഴിയായി ഏതു മനുഷ്യവ്യക്തിക്കും കൈവരുത്തുവാൻ സാദ്ധ്യമായിരിക്കുന്നതു്. "മരിക്കണമോ, സഹിക്കണമോ" എന്ന ചോദ്യത്തിനു "മരിക്കണ്ട, സഹിക്കണം" എന്നു ധൈര്യമായിപ്പറയുവാൻ സ്വതേ അബലന്മാരും അബലകളുമായ വ്യക്തികൾക്കു കഴിവുലഭിച്ചിരിക്കുന്നു. ഇതിന്റെ രഹസ്യമെന്തു്? കല്ലും മണ്ണും സ്വർണ്ണമായി രൂപാന്തരപ്പെടുത്തുവാൻ ശക്തിയുള്ള ഏതോ അമൂല്യവസ്തു പണ്ടത്തെ "രസവാദികൾ" അന്വേഷിച്ചിരുന്നതായി കേട്ടിട്ടുണ്ടല്ലൊ. അവർ വ്യർത്ഥമായി അന്വേഷിച്ച അമൂല്യവസ്തു ദിവ്യരക്ഷകൻ മനുഷ്യവർഗ്ഗത്തിനു പ്രദാനംചെയ്തിട്ടുണ്ടു്. അതു് അവിടുത്തെ പീഡാസഹനം തന്നെയാണു്. അതിനോടു് ആത്മനാ യോജിപ്പിച്ചു സ്വീകരിക്കുന്ന ഏതു ജീവിതദുരിതവും സ്വർണ്ണസമാനം ദൈവതിരുമുമ്പിൽ വിലയുള്ളതായിത്തീരുന്നു. ദുരിതത്തിന്റെ ഭയങ്കരതയുടെ ആധിക്യമനുസരിച്ചു് പ്രസ്തുത രൂപാന്തരത്താൽ അതിനു വിലവർദ്ധിക്കുകയും ചെയ്യുന്നു. "ക്രിസ്തുവിനോടുകൂടി സഹിച്ചാൽ ക്രിസ്തുവിനോടുകൂടി വാഴാം."

ആദത്തിന്റെ പാപത്താൽ മനുഷ്യവർഗ്ഗത്തിനു ഭവിച്ച മറെറാരു നാശം ചിന്താശക്തിയായ ബുദ്ധിക്കും ഇച്ഛാശക്തിയായ മനസ്സിനും നേരിട്ട ബലഹീനതയും ക്രമക്കേടുമാണു്. ഇവ നൂറു ശതമാനം പരിഹരിക്കുവാൻ പര്യാപ്തമായ മാർഗ്ഗങ്ങളും ദിവ്യരക്ഷകൻ ഏതൊരു മനുഷ്യവ്യക്തിക്കും പ്രദാനം ചെയ്തിട്ടുണ്ടു്. ബുദ്ധിക്കു പ്രകാശവും മനസ്സിനു പ്രചോദനവും ആന്തരികമായിത്തന്നെ നല്കുന്ന ദിവ്യപ്രസാദവരമാണു് അവയിൽ ഒന്നു്. മറേറതു് വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിച്ച കാര്യങ്ങൾ അപ്രമാദമായി എല്ലാ മനുഷ്യവ്യക്തിയേയും പഠിപ്പിക്കുവാൻ കഴിവും സന്നദ്ധതയുമുള്ള അദ്ധ്യാപനാധികാരം—തിരുസ്സഭ—ആണു്.

ചുരുക്കത്തിൽ ആദ്യത്തെ ആദംവഴിയായി നഷ്ടപ്പെട്ടതും അതിലധികവും രണ്ടാമത്തെ ആദമായ രക്ഷകൻവഴി മനുഷ്യവർഗ്ഗത്തിനു ലഭിച്ചിട്ടുണ്ടു്. ആദംവഴിയായി മനുഷ്യവർഗ്ഗത്തിനു നേരിടാനിരുന്ന നാശത്തെ അനാദിമുതൽ കണ്ട ദൈവം, രക്ഷകൻവഴിയായി ലഭിക്കുവാനിരിക്കുന്ന പൂർവ്വാധികനന്മയേയും അനാദിമുതൽ കണ്ടിരുന്നു. ആദംവഴിയായുള്ള നാശം അനുവദിച്ച പ്ലാനിൽത്തന്നെ രക്ഷകൻവഴിയായുള്ള പൂർവ്വാധികനന്മയേയും ദൈവം ഉൾക്കൊള്ളിച്ചിരുന്നു.

## ദൈവസ്നേഹത്തിന്റെ പാരമ്യം

ആദവും സന്താനങ്ങളായ മററു സകല മനുഷ്യരും സ്വതവേ ഇല്ലായ്മയായിരുന്നു. അങ്ങനെ ഇല്ലായ്മാവസ്ഥയിലിരുന്ന അവരെ ദൈവം സ്നേഹിച്ചു. തന്റെ സൗഭാഗ്യത്തിൽ അവരെ പങ്കുകൊള്ളിക്കാൻ, തന്നെത്തന്നെ അവർക്കു കൊടുക്കുവാൻ, അവിടുന്നു തീർച്ചയാക്കുകയും അതിനാവശ്യകങ്ങളായ വരദാനങ്ങൾ അവർക്കു നല്കുകയും ചെയ്തു. ആദം പാപംചെയ്തപ്പോൾ ആദവും സന്താനങ്ങളായ സകലമനുഷ്യരും ഇല്ലായ്മയെന്ന അവസ്ഥയെക്കാൾ മോശമായ അവസ്ഥയിൽ നിപതിച്ചു അവർ ദൈവത്തിന്റെ ശത്രുക്കളായിത്തീർന്നു; നരകശിക്ഷയ്ക്കു പാത്രവാന്മാരായി ഭവിച്ചു. തന്മൂലം ആരുടേയും സ്നേഹത്തെയെന്നതിനെക്കാൾ ദ്വേഷത്തെയാണു് അവർ അർഹിച്ചതു്. എന്നിട്ടും ദൈവം തന്റെ സ്നേഹത്തെ അവരിൽനിന്നു തിരിച്ചുകളഞ്ഞില്ല. തന്റെ ശത്രുക്കളായിത്തീർന്നിട്ടും, തന്റെ ദ്വേഷത്തെ അർഹിച്ചവരായിട്ടും, ദൈവം തന്റെ സ്നേഹത്തെ അവരുടെമേൽ കൂടുതൽ ആഴമായി പതിക്കുകയാണു ചെയ്തതു്. മനുഷ്യസ്വഭാവം സ്വീകരിച്ചു് പാപമൊഴിച്ചു മറെറല്ലാററിലും മനുഷ്യർക്കു സമനായിത്തീർന്നുകൊണ്ടു് അവരുടെ പാപഭാരം മുഴുവനും ദൈവം ഏററെടുക്കുകയും, അതിന്റെ പരിഹാരത്തിനായി ആ മനുഷ്യസ്വഭാവത്തിൽ തന്നെത്തന്നെ മുഴുവനും അവർക്കുവേണ്ടി ഹോമിക്കുകയും ചെയ്തു. സ്നേഹിതന്മാർക്കുവേണ്ടി സ്വജീവൻ ബലികഴിക്കുന്നതു് ഏററവും വലിയ സ്നേഹമാണെങ്കിൽ, ശത്രുക്കൾക്കുവേണ്ടി സ്വജീവൻ ബലികഴിക്കുന്നതിനെപ്പററി എന്തുപറയാനാണു്! കുരിശിൽ തൂങ്ങിക്കിടക്കുന്ന ദിവ്യരക്ഷകനെ നോക്കുമ്പോൾ ദൈവസ്നേഹത്തിന്റെ പാരമ്യമല്ലയോ നാം കാണുന്നതു്? "ദൈവം സ്നേഹമാകുന്നു" എന്ന വേദവാക്യം എത്ര അർത്ഥവത്തു്! അതെ, കത്തോലിക്കർ വിശ്വസിക്കുന്ന ദൈവം സ്നേഹസ്വരൂപനാണു്, സ്നേഹംതന്നെയാണു്. ഈ സ്നേഹത്തിന്റെ ജ്വാലയിൽ ദഹിച്ചുപോകാത്ത യാതൊരു മാനസികവൈഷമ്യവും, യാതൊരു ജീവിതദുരിതവും മനുഷ്യമക്കൾക്കില്ല. ഈ വസ്തുത കത്തോലിക്കർ വേണ്ടവിധം ഗ്രഹിച്ചിരുന്നെങ്കിൽ! ഗ്രഹിച്ച ശേഷം അവർ അതു അന്യരെ ഗ്രഹിപ്പിച്ചിരുന്നെങ്കിൽ!!

# വൈദികവിദ്യാർത്ഥികൾക്കുള്ള സഹായനിധി

സെമിനാരികളിലെ ചെലവുകൾ വർദ്ധിച്ചിരിക്കുന്ന ഇക്കാലത്തു് വൈദികവിദ്യാർത്ഥികളുടെ പഠനച്ചെലവിനു ചില സഹായനിധികൾ ഉണ്ടാകുന്നതു നന്നായിരിക്കും. അയ്യായിരമോ ആറായിരമോ ഉറപ്പികയുടെ പലിശകൊണ്ടു് ഒരു കുട്ടിയുടെ ചെലവു വഹിക്കുവാൻ കഴിയും. ഒരാൾക്കു് തനിച്ചു് ഇത്തരം നിധികൾ സെമിനാരിയിൽ ഏല്പിക്കുവാൻ പ്രയാസമാണെങ്കിലും പലർകൂടിയാൽ ഇക്കാര്യം പ്രയാസമായിരിക്കയില്ല. അതിനാൽ ആദ്യമായി സെൻറു് ജോസഫ്സ് ബേഴ്സ് എന്ന പേരിൽ ഒരു നിധി ഉണ്ടാക്കുന്നതിനു വൈദികരുടേയും അൽമേനികളുടേയും സഹായം അഭ്യർത്ഥിക്കുന്നു. ഈ ബേഴ്സിലേക്കു സഹായം ചെയ്യുന്നവരുടെ പേരു "മിസ്സ"ത്തിൽ പ്രസിദ്ധം ചെയ്യുന്നതാണു്. ഒരു ബേഴ്സ് ഉണ്ടായിക്കഴിയുമ്പോൾ വേറൊന്നു്. ഇങ്ങനെ ചില ബേഴ്സുകൾ ശേഖരിക്കുവാൻ ഉദ്ദേശിക്കുന്നു.

ബേഴ്സ്കൊണ്ടു പഠിച്ചു പട്ടമേൽക്കുന്ന വൈദികരെല്ലാവരുംകൊല്ലംതോറും ആറു കുർബാന ബേഴ്സ് സ്ഥാപകർക്കുവേണ്ടി ചൊല്ലുന്നതാണു്. ഒരു വൈദികന്റെ ശിക്ഷണത്തിനു സഹകരിക്കുവാൻ കഴിഞ്ഞു എന്നൊരു കൃതാർത്ഥതയും അവർക്കുണ്ടു്. പൗരോഹിത്യത്തിന്റെ ഉൽകൃഷ്ടതഗ്രഹിച്ചിട്ടുള്ളവരെല്ലാം ഈ കാര്യത്തിൽ ഔത്സുക്യം പ്രദർശിപ്പിക്കുമെന്നു പ്രതീക്ഷയുണ്ടു്. കൊല്ലംതോറും നൂറോ ഇരുനൂറോ രൂപ തന്നുകൊണ്ടിരിക്കുന്നതായാൽ ആ സംഖ്യ അതാതുകൊല്ലം ഓരോ വൈദികവിദ്യാർത്ഥിയുടെ ചെലവിനു കൊടുക്കുന്നതും അവർ പുരോഹിതാഭിഷേകത്തിനുശേഷം പത്തുകൊല്ലത്തേക്കു് ഈ രണ്ടു കുർബാന തങ്ങളുടെ ഉപകാരികൾക്കുവേണ്ടി ചൊല്ലുന്നതുമാണു്.

മരണപത്രമെഴുതുമ്പോൾ വൈദികവിദ്യാർത്ഥികൾക്കായി കഴിവുള്ള ഒരു സംഖ്യ നീക്കിവയ്ക്കുന്നതും ആ സംഖ്യയ്ക്കു കിട്ടുന്ന പലിശ ഏതെങ്കിലും ഒരു വിദ്യാർത്ഥിയുടെ പഠനത്തിനു നൽകുവാൻ നിശ്ചയിക്കുന്നതും വളരെ പ്രശംസനീയമായ ഒരു സ്നേഹപ്രവൃത്തി ആയിരിക്കും. ഈ ഫണ്ടിലേക്കു് സഹായം നൽകുന്നതിനു് ബ. വികാരിമാർ തങ്ങളുടെ ഇടവകജനങ്ങളെ കഴിവുപോലെ പ്രേരിപ്പിക്കണമെന്നഭ്യർത്ഥിക്കുന്നു.

സെൻറു ജോസഫ്സ് ബേഴ്സു് ഉണ്ടാക്കുന്നതിനോ മറേറതെങ്കിലും വിധത്തിലോ വൈദിക വിദ്യാർത്ഥി ഫണ്ടിലേക്കു് എന്തെങ്കിലും സഹായം അയയ്ക്കുവാനാഗ്രഹിക്കുന്നവർ പ്രസ്തുത സംഖ്യ താഴെ കാണുന്ന മേൽവിലാസത്തിൽ അയയ്ക്കുക.

റവ. ഫാദർ തോമസ് മൂത്തേടൻ
റെക്ടർ, തിരുഹൃദയ
പെററിസെമിനാരി, എറണാകുളം
("എറണാകുളം മിസ്സ"ത്തിൽനിന്നു്)




# അയൽവാസികൾ

"നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ ശപിക്കുന്നവനെ അനുഗ്രഹിക്കുവിൻ; നിങ്ങളെ ദ്വേഷിക്കുന്നവർക്കു നന്മചെയ്യുവിൻ." (മത്താ: V,44).

അഹന്തകൊണ്ടു അകംനിറഞ്ഞ ഒരു നിയമജ്ഞൻ ഒരിക്കൽ ക്രിസ്തുനാഥനോടു് ഇപ്രകാരം ചോദിച്ചു: "എൻ്റെ അയൽക്കാരൻ ആരാകുന്നു." ഇതിനു് അങ്ങുന്നു് നല്ലസമറായക്കാരൻ്റെ അന്യാപദേശംവഴിയായി മറുപടി നല്കി; ശത്രുക്കൾപോലും അയൽക്കാരാണെന്നു്, ശത്രുമിത്രഭേദമെന്യേ ലോകത്തിലുള്ള സകല മനുഷ്യരേയും അയൽക്കാരനെപ്പോലെ നാം സ്നേഹിക്കണമെന്നു്. എന്നാൽ ഇന്നത്തെ പ്രഭാഷണത്തിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്ന "അയൽവാസികൾ" എന്ന പദത്തിൻ്റെ അർത്ഥവ്യാപ്തി വളരെ സങ്കുചിതമാണു്; അതായതു് ഒരു വീടിൻ്റെ അയൽപക്കത്തു് നാലുപാടും നിവസിക്കുന്ന വീട്ടുകാർ എന്നുമാത്രമാണു് ഇവിടെ വിവക്ഷ. സാധാരണ നാടോടിഭാഷയിൽ അയൽപക്കക്കാർ എന്നു് പറയുന്നതു് ഈ അർത്ഥത്തിലാണല്ലോ. വടക്കേ ഇന്ത്യയിലേയും അമേരിക്കയിലേയും മനുഷ്യജീവികളേയും നമ്മുടെ സ്നേഹസീമയിൽ പെടുത്തിയേ കഴിയൂ; എന്നാൽ വടക്കേതിലെ കൊച്ചൗസേപ്പിനോടും തെക്കേതിലെ മത്തായി ജ്യേഷ്ഠനോടും കൂടുതൽ സ്നേഹബന്ധങ്ങളും ചുമതലാവകാശങ്ങളും അവശ്യം ഉണ്ടായേ കഴിയൂ. വിസ്തൃതമായ ഒരു ജലാശയത്തിൽ നിപതിക്കുന്ന കല്ലിൻകഷണം തരംഗങ്ങളെ ഉൽപ്പാദിപ്പിക്കുന്നു. വീണസ്ഥലത്തു് വലിയ വീചികളായിരിക്കും; അകന്നുപോകുംതോറും അവ ചെറുതായി, അവസാനം കൊച്ചലച്ചാർത്തുകളായി വിദൂരതയിൽ വിലയിക്കയും ചെയ്യുന്നു. ഇതുപോലെ ഒരു വ്യക്തി അസ്തിത്വത്തിലേക്കു് ഉരുണ്ടുവീഴുമ്പോൾ നിപാതസ്ഥാനത്തു് സ്നേഹത്തിൻ്റെ വലിയ ഓളങ്ങൾ ഉണ്ടാകും; മാതൃസ്നേഹം, പിതൃസ്നേഹം, സഹോദരസ്നേഹം എന്നിങ്ങനെ സമാരംഭിക്കുന്ന മഹാവീചികൾ ക്രമേണ കുറഞ്ഞു് ബന്ധുസ്നേഹം, തറവാട്ടുസ്നേഹം, മിത്രസ്നേഹം, അയൽപക്കസ്നേഹം, നാട്ടുകാരോടുള്ള സ്നേഹം എന്നിങ്ങനെ മനുഷ്യരാശിയുടെ അതിർത്തികൾവരേയും എത്തിച്ചേരുന്നു. പരസ്നേഹത്തിൽ ഡിഗ്രിവ്യത്യാസമുണ്ടെന്നു് ചുരുക്കം. തന്നിമിത്തം നമ്മുടെ അയൽവാസികൾക്കു് നമ്മുടെ സ്നേഹസാമ്രാജ്യത്തിൽ പ്രത്യേകസ്ഥാനം കല്പിച്ചുകൊടുത്തേ കഴിയൂ; ഇതു പ്രകൃതിനിയമമാണു്.

ഒരു കുടുംബത്തിൻ്റെ സൗഭാഗ്യസംവിധാനത്തിൽ അയൽവാസികളും പ്രധാനമായ പങ്കുവഹിക്കുന്നുണ്ടു്. താമസത്തിനായി പുതിയ വീടന്വേഷിക്കുന്നവർ അയൽപക്കം നല്ലതാണോ എന്നുംകൂടി അന്വേഷിക്കുന്നതിൻ്റെ രഹസ്യവും ഇതുതന്നെയാണു്. അയൽവാസികൾ നല്ലവരായാൽ അതു് ആ കുടുംബത്തിനു് ഗണ്യമായ സഹായവും സൗഭാഗ്യനിദാനവുമായിരിക്കും. സ്വന്തം കുടുംബത്തിൽ ക്ലേശങ്ങളും അന്തഃഛിദ്രങ്ങൾതന്നെയും ഉണ്ടായാലും നല്ലവരായ അയൽവാസികൾ സാന്ത്വനോക്തികൾകൊണ്ടും സഹായഹസ്തം നീട്ടിക്കൊണ്ടും തുണനല്കാതിരിക്കയില്ല. എന്നാൽ അയൽവാസികൾ ദുഷ്ടന്മാരും അധമന്മാരുമാണെങ്കിൽ അതു് ആ കുടുംബത്തിനു വലിയ ശല്യമായിത്തീരും; കുടുംബത്തു് ആഭ്യന്തരസമാധാനം കളിയാടിക്കൊണ്ടിരുന്നാലും അയൽവാസികളുടെ കുസൃതികളും ഏഷണികളും അതിനെ കരണ്ടുതിന്നുകൊണ്ടിരിക്കും.

അയൽവാസികളുമായുള്ള ഏററുമുട്ടലുകൾ നാലഞ്ചു തുറകളിലാണു് സാധാരണയായി സംഭവിക്കാറുള്ളതു്. ആദ്യത്തേതു് "പിള്ളേർപ്പട"യാണു്. ജോണിക്കുട്ടി അയൽവീട്ടിലേക്കു് കളിക്കാൻപോകുന്നു. അവിടെ ജോർജ്ജും കൊച്ചുമേരിയും അവൻ്റെ കളിത്തോഴരാണു്. കളിയുടെ ഇടയ്ക്കു ജോണിക്കുട്ടി ജോർജ്ജിനെ ഉന്തിത്തള്ളിയിടുന്നു. അവൻ നിലവിളിക്കാൻ തുടങ്ങുന്നു. നിലവിളികേട്ടു ജോർജ്ജിൻ്റെ അമ്മ കുഞ്ഞേലി അടുക്കളയിൽനിന്നും ഓടിവന്നു ജോണിക്കുട്ടിയെ കഠിനമായി പ്രഹരിക്കുന്നു. ജോണിക്കുട്ടി നിലവിളിച്ചുകൊണ്ടു വീട്ടിലേക്കു് മടങ്ങിച്ചെല്ലുന്നു. ജോണിക്കുട്ടിയുടെ അമ്മ കൊച്ചുറോത ഒരു ഭദ്രകാളിയെപ്പോലെ മകനേയുംകൊണ്ടു വേലിവരെ ചെന്നുനിന്നു ശകാരവർഷം തുടങ്ങുന്നു. വേലിക്കപ്പുറത്തുനിന്നുകൊണ്ടു് കുഞ്ഞേലിയും തകർക്കുന്നു. വികാരം മൂർദ്ധന്യത്തിലെത്തുന്നു. കടുകുവറക്കുന്നതുപോലെയുള്ള "സ്പീഡി"ൽ അസഭ്യങ്ങളും ശകാരങ്ങളും രഹസ്യനടപടിദോഷങ്ങളും എല്ലാം എടുത്തു വിളമ്പുന്നു. ഉറക്കെപറയുന്നവർ ജയിക്കുമെന്നു് ഒരു ധാരണയും. ഇക്കഴിഞ്ഞ മഹായുദ്ധത്തിൻ്റെ ആരംഭത്തിൽ മജിനോലൈനിൻ്റെ അപ്പുറവും ഇപ്പുറവും ജർമ്മൻകാരും ഫ്രഞ്ചുകാരും സമരം നടത്തിയതുപോലെ വേലിക്കപ്പുറവും ഇപ്പുറവുമായി വാക്ശരങ്ങൾകൊണ്ടുള്ള സമരംതന്നെ നടക്കുന്നു. അവസാനം ക്ഷീണിക്കുമ്പോൾ ഇരുവരും പിറുപിറുത്തുകൊണ്ടുതന്നെ പിന്മാറുന്നു. ഭർത്താവു് ജോലി കഴിഞ്ഞു് മടങ്ങിവരുമ്പോൾ "ജ്വലിച്ച കൺകൊണ്ടൊരു നോക്കു നോക്കി" അന്നത്തെ സംഭവവികാസങ്ങൾ പർവ്വതീകരിച്ചു പറഞ്ഞു കേൾപ്പിക്കുന്നു. ഇതൊന്നു "ചോദിക്കു"വാനായി ഇരുവരും പുറപ്പെടുന്നു.................ഇങ്ങനെയാണു് പിള്ളേർപ്പടയുടെ പോക്കു്. രണ്ടാമതായി ഏററുമുട്ടലുകൾക്കു് കാരണമുണ്ടാകുന്നതു് വീട്ടുമൃഗങ്ങൾ വഴിയായിട്ടാണു്. കൊച്ചുറോത നട്ടുനനച്ചുണ്ടാക്കുന്ന കൃഷികൾ കുഞ്ഞേലിയുടെ ആടുമാടുകളും കോഴികളും വന്നു തിന്നൊടുക്കുന്നു. പലപ്രാവശ്യം പറഞ്ഞിട്ടും നിവൃത്തിമാർഗ്ഗം കാണാതെയായപ്പോൾ ഉന്നംപിഴക്കാത്ത ജോണിക്കുട്ടി ഒരു കൽപ്രയോഗം നടത്തുന്നു. ആടിൻ്റെ അല്ലെങ്കിൽ കോഴിയുടെ കാൽ ഒടിയുന്നു. തുടന്നു രണ്ടുകൂട്ടരുംതമ്മിൽ വഴക്കും ശകാരവർഷവും. ഭർത്താക്കന്മാരേയും ഇതിൽ അവർ പങ്കുചേർക്കാതിരിക്കയില്ല. ആടുമാടുകളെ സ്വൈരവിഹാരത്തിനായി അഴിച്ചുവിട്ടാൽ അവ അയൽവീട്ടുകാരുടെ കൃഷികൾ നശിപ്പിക്കുമെന്നതിനെപ്പററി എത്രതന്നെ പറഞ്ഞാലും മനസ്സിലാക്കാത്ത ചില തൊലിതഴമ്പിച്ച സ്വാർത്ഥബുദ്ധികൾ ലോകത്തിലുണ്ടെന്നുള്ളതു് അനുഭവസിദ്ധമാണു്. മുതലാളിയുടെ പശുവാണു് തിന്നു നശിപ്പിക്കുന്നതെങ്കിൽ ഒരക്ഷരംപോലും മിണ്ടാതെ അനീതിക്രിയ കടിച്ചിറക്കിക്കൊണ്ടു് നിസ്സഹായമായി സഹിക്കുന്ന സാധുക്കളും ഉണ്ടു്. തങ്ങളുടെ ആടുമാടുകൾ വരുത്തിവെക്കുന്ന നാശങ്ങൾക്കു് ഉത്തരിപ്പുകടമുണ്ടെന്നുള്ളതു് ഏവരും മനസ്സിലാക്കട്ടെ!

രണ്ടു പറമ്പുകളുടേയും അതിരിൽ നില്ക്കുന്ന ഫലവൃക്ഷങ്ങൾ ചില വഴക്കുകൾക്കു് കാരണമാകാറുണ്ടു്. അപ്രകാരംതന്നെ പറമ്പുകളുടെ അതിരു കുറയ്ക്കുന്നതുമൂലവും അയൽവാസികൾ തമ്മിൽ ചില ഏററുമുട്ടലുകൾ ഉണ്ടാകാറുണ്ടു്. കുഞ്ഞേലി ഒരു വെട്ടുകത്തി കൊച്ചുറോതയുടെ പക്കൽനിന്നു് തല്ക്കാലാവശ്യത്തിനായി വാങ്ങിക്കൊണ്ടുപോയി. അതു് എവിടെയാണെന്നു് കാണാനില്ലത്രെ. തിരുവാതിര പിറന്നപ്പോൾ കൊച്ചുറോത ഒരു കൈക്കോട്ടു കുഞ്ഞേലിയുടെ പക്കൽനിന്നു തല്ക്കാലാവശ്യത്തിനായി വാങ്ങി. പിന്നീടു് അതു ചോദിച്ചപ്പോൾ മടക്കിക്കൊടുത്തില്ല. "എൻ്റെ വെട്ടുകത്തി എവിടെ? അതിങ്ങു കൊണ്ടാ; അപ്പോൾ കൈക്കോട്ടു തരാനെ ഉണ്ടാകൂ. ഇങ്ങനെ വഴക്കു മൂക്കുന്നു. കൊച്ചൗസേപ്പു മത്തായിയോടു് തല്ക്കാലം രണ്ടുരൂപ വായ്പചോദിച്ചു. ഇല്ലെന്നു മറുപടിയും. "ഹും, അത്യാവശ്യമായി രണ്ടുരൂപ ചോദിച്ചപ്പോൾ ഇല്ലത്രെ! എനിക്കറിയാമല്ലോ അവൻ്റെ പക്കൽ ഇരുപതുരൂപ ഇരിപ്പുണ്ടെന്നു്. ആകട്ടെ." അങ്ങനെ അയൽവാസികൾതമ്മിൽ പിളപ്പു വർദ്ധിക്കുന്നു.

ഇതിനെല്ലാം പ്രതിവിധിയായി അയൽവാസികൾ ക്രിസ്തുനാഥൻ്റെ പരസ്നേഹത്തെക്കുറിച്ചുള്ള അമൃതസൂക്തങ്ങൾ മുറുകെപ്പിടിക്കണം. "നിന്നെപ്പോലെതന്നെ നിൻ്റെ അയൽക്കാരനേയും സ്നേഹിക്കുക. അന്യർ നിന്നോടു ചെയ്യാൻ നീ ഇഷ്ടപ്പെടാത്തതു് നീ അന്യരോടും ചെയ്യരുതു്." ഈ പ്രമാണങ്ങൾ സ്വകൃത്യപരമ്പരകളിൽ പ്രതിഫലിപ്പിച്ചാൽ അയൽവാസികൾതമ്മിൽ സമാധാനവും സൗഹാർദ്ദതയും കളിയാടും. നിൻ്റെ കുഞ്ഞിനെ മററുള്ളവർ മർദ്ദിക്കുന്നതു് കാണുമ്പോൾ നിനക്കു സഹിക്കുന്നില്ലെങ്കിൽ നീയും അന്യരുടെ കുഞ്ഞുങ്ങളെ മർദ്ദിക്കരുതു്. നിൻ്റെ കൃഷികൾ അയൽക്കാരുടെ ആടുമാടുകൾ തിന്നു നശിപ്പിക്കുവാൻ നീ അനുവദിക്കുകയില്ലെങ്കിൽ നിൻ്റെ മൃഗങ്ങളേയും നീ സ്വൈരവിഹാരത്തിനായി അഴിച്ചുവിടരുതു്. ഇപ്രകാരം തന്നെ വഴക്കിനിടയാക്കുന്ന ഓരോ കാര്യത്തിലും ഈ സുവർണ്ണനിയമം അനുഷ്ഠിച്ചാൽ അസ്വാരസ്യങ്ങളുടെ കരിനിഴലുകൾ ഒളിച്ചോടുകയും സൗഹാർദ്ദതയുടെ പൂനിലാവു് പുഞ്ചിരിതൂകുകയും ചെയ്യും. അകൽച്ചകൾക്കിടവരുത്തുന്ന കാര്യങ്ങൾ ശാന്തമായി തമ്മിൽ പറഞ്ഞുതീർക്കുകയാണു വേണ്ടതു്. എത്ര പറഞ്ഞാലും ഒരു കക്ഷി തൻ്റെകാര്യം മാത്രം നേടാൻ വേണ്ടി യാതൊരു വിട്ടുവീഴ്ചകൾക്കും വശംവദനാകാതെ കോപാഗ്നിയാൽ എരിയുകയും കൂടുതൽ കുസൃതികൾ കാണിക്കുകയുമാണെങ്കിൽ അവനോടു ക്ഷമിക്കുക. ഒരിക്കലും പ്രതിക്രിയ ചെയ്യരുതു്. പലരിൽനിന്നും നമുക്കു് സഹിക്കേണ്ടതായിട്ടുണ്ടു്. ചിലപ്പോൾ അയൽവാസികളിൽനിന്നായിരിക്കാം നമുക്കു് വളരെയധികം സഹിക്കേണ്ടിവരുന്നതു്. അതായിരിക്കും ദൈവം നമുക്കു തയ്യാറാക്കിയിരിക്കുന്ന കുരിശു്. തന്നിമിത്തം നാം നല്ലമനസ്സോടെ അതിനെ ആശ്ലേഷിക്കണം. "എത്ര പ്രാവശ്യം നാം ക്ഷമിക്കയും സഹിക്കയും വേണം, ഏഴുപ്രാവശ്യം മതിയോ?" ഇതിനുള്ള മറുപടി വി. പത്രോസിനു് നമ്മുടെ ദിവ്യരക്ഷകൻ നൽകിയിട്ടുണ്ടു്. "ഏഴു് എഴുപതു പ്രാവശ്യം", അതായതു് ക്ഷമയ്ക്കു് ഒരു പരിധി നിശ്ചയിക്കാനില്ല. സ്ത്രീജനങ്ങളാണു് ഇക്കാര്യത്തിൽ പ്രത്യേകം സൂക്ഷിക്കേണ്ടതു്. വഴക്കുകൾ കുത്തിപ്പൊക്കുന്നതിൽ അവർക്കു ഒരു പ്രത്യേകപങ്കുണ്ടെന്നു തോന്നുന്നു. അവർ കൂടുതൽ ക്ഷമിക്കയും സഹിക്കയും ചെയ്യട്ടെ. അയൽവാസികളായ സ്ത്രീകൾ വേലിയുടെ ഇരുപുറവും നിന്നുകൊണ്ടു് ഉച്ചത്തിലുള്ള വാക്സമരങ്ങൾ നടത്തുന്നതു് സ്ത്രീത്വത്തിനു് ഒട്ടുംതന്നെ യോജിച്ചതല്ല. അസഭ്യങ്ങളും ശകാരങ്ങളുമായാൽ പറയാനുമില്ല. ഒരു സ്ത്രീയുടെ ഭൂഷണം അടക്കമാണെന്നു് അവർ ധരിക്കണം. ലോകവും അവരെ വിധിച്ചു കഴിയും. "അവളുടെ നാവു് ഒരുമുഴം നീളമുണ്ടു്." എന്നെല്ലാം ജനങ്ങൾ പ്രസ്താവിക്കുന്നതു് നാം കേട്ടിട്ടില്ലേ? എല്ലാം ശാന്തമായും മിതസ്വരത്തിലും പറഞ്ഞവസാനിപ്പിക്കണം.

അയൽവാസിക്കു് സുഖക്കേടു് പിടിപെട്ടാൽ അവരെ സന്ദർശിക്കയും വേണ്ട ശുശ്രൂഷകൾ ചെയ്തുകൊടുക്കയും വേണം. കുബേരനാണെങ്കിൽ ദരിദ്രനായ തൻ്റെ അയൽവാസിയെ പണംകൊണ്ടു സഹായിച്ചുകഴിയും. പുരയ്ക്കു തീപിടിക്കുക, ഒരാൾ മരത്തിന്മേൽനിന്നു് താഴെ വീഴുക, മകൾ പ്രസവവേദനയനുഭവിക്കുക, പെട്ടെന്നുള്ള മരണപരാക്രമങ്ങൾ കാണിക്കുക, തുടങ്ങിയ അപകടസന്ധികളിൽ അയൽവാസികളെല്ലാവരും ഉടനടി ഓടിക്കൂടുകതന്നെ വേണം. കടംവായ്പകളും കൊള്ളക്കൊടുക്കകളും കുറെയൊക്കെ കൂടിയേകഴിയൂ. കല്യാണം, മരണാടിയന്തിരം എന്നിവയിൽ ആളെക്കൊണ്ടും, അർത്ഥംകൊണ്ടും വേണ്ട ഒത്താശകളെല്ലാം ചെയ്തുകൊടുക്കണം. കരയുന്നവരോടുകൂടി കരയുക, സന്തോഷിക്കുന്നവരോടുകൂടി സന്തോഷിക്കുക, ഇതായിരിക്കട്ടെ നമ്മുടെ പ്രമാണം. പ്രായംതികഞ്ഞ പെൺമക്കളുള്ള നിങ്ങളുടെ വീട്ടിൽ അയൽവീട്ടിലെ യുവാക്കന്മാർക്കു് അമിതമായ സ്വാതന്ത്ര്യം അനുവദിക്കരുതു്. മാതാപിതാക്കന്മാരും രക്ഷാകർത്താക്കളും പ്രത്യേകം ഇക്കാര്യത്തിൽ ജാഗരൂകരായിരിക്കണം. അലസാന്ത്രായുടേയും വി. മരിയഗൊരേത്തിയുടേയും കഥ ഓർമ്മയിലിരിക്കട്ടെ!

(ജെ. ചെമ്മണൂർ)

# വർത്തമാനപ്പുസ്തകം

"അററ്ലാൻറിക്കിൽ അലറിയുയരുന്ന തരംഗപരമ്പരകളിലൂടെ നയിക്കപ്പെട്ട ആ കാര്യനൗക"

(ജയിംസ് കെ. സി. മണിമല)

കഴിഞ്ഞ മേയ് 10-ാംതിയതിയിലെ സത്യദീപത്തിൽ കേരളക്കരയിലെ ക്രൈസ്തവസാഹിത്യമെന്ന ശീർഷകത്തിൽ ഞാൻ എഴുതിയിരുന്ന ലേഖനത്തിൽ വർത്തമാനപ്പുസ്തകത്തെപ്പററി ദിങ്മാത്രമായി സ്പർശിച്ചിരുന്നല്ലൊ. അതു സംബന്ധിച്ച ചില കൂടുതൽ വിവരങ്ങൾ അടുത്ത ലക്കത്തിൽ ഒരു ചരിത്രാന്വേഷകനും, ഗവേഷണവിദഗ്ദ്ധനുമായ ശ്രീ ടി. കെ. ജോസഫ് ബി. എ. എൽ. ററി. പ്രസ്താവിച്ചിട്ടുണ്ടു്. ക്രൈസ്തവസാഹിത്യത്തറവാട്ടിലേക്കുള്ള അസ്തിവാരന്മാരുടെ "പിച്ചവച്ചു" പണ്ഡിതരായ ഗുരുജനങ്ങളുടെ പരിലാളനങ്ങൾക്കു പാത്രീഭവിക്കുന്നതിൽ അനല്പമായ ചാരിതാർത്ഥ്യമുണ്ടു്. അതിനാൽ പ്രകൃതഗ്രന്ഥത്തെപ്പററി എൻ്റെ അന്വേഷണത്തിൽ ലഭിച്ചിട്ടുള്ള ചില വസ്തുതകൾകൂടെ പ്രസ്താവിച്ചുകൊള്ളട്ടെ.

പതിനെട്ടാം ശതകത്തിൻ്റെ പൂർവ്വാർദ്ധത്തിൽ ജനിച്ചു്, അതേ നൂററാണ്ടിൻ്റെ അന്ത്യശ്വാസത്തോടൊന്നിച്ചു് (1799 മാർച്ചു 20-ാംതിയതി) നിത്യനിദ്രയിലാണ്ട പെ. ബ. പാറേമ്മാക്കൽ ഗോവർണ്ണദോരച്ചൻ കർമ്മകുശലനായ ഒരു ഭരണതന്ത്രജ്ഞനെന്നതുപോലെ ധർമ്മനിരതനായ സാഹിത്യധർമ്മജ്ഞനുമായിരുന്നു. പ്രാർത്ഥനപ്പുസ്തകങ്ങളിലെ പഴഞ്ചൻശൈലികളെ ആശ്രയിച്ചു നിന്നിരുന്ന ക്രൈസ്തവസാഹിത്യത്തെപ്പററി അന്നുവരെ അധികമാരും അത്ര ഗൗനിച്ചിരുന്നിരിക്കയില്ല. എന്നാൽ ബ. ഗോവർണ്ണദോരച്ചൻ്റെ വർത്തമാനപ്പുസ്തകം പണ്ഡിതലോകത്തെ കണ്ണു തുറപ്പിക്കുകതന്നെ ചെയ്തു. സംഹിത്യചരിത്രാന്വേഷകർക്കു് ഇന്നു അതൊരു മായാത്ത വെളിച്ചമായി പ്രശോഭിക്കുന്നുമുണ്ടു്.

ബ. ഗോവർണ്ണദോരച്ചൻ ശീമയാത്ര കഴിഞ്ഞു മടങ്ങിയെത്തിയശേഷമാണു് ഈ ഗ്രന്ഥം രചിച്ചതെന്നും, അതല്ല യാത്രാവേളയിൽത്തന്നെ അതു നിർമ്മിതമായെന്നും അഭിപ്രായഭിന്നതകളുണ്ടു്. ഗ്രന്ഥത്തിൻ്റെ പൂർവ്വഭാഗംമാത്രമേ പ്രസിദ്ധീകൃതമായിട്ടുള്ളുവെന്നാണറിയുന്നതു്. ഗ്രന്ഥകർത്താവു് 1785 കന്നി 1-ാം തിയതി പേരും ഒപ്പുംവച്ചു് ഗ്രന്ഥത്തിനു് ഒരു മുഖവുര എഴുതിച്ചേർത്തിട്ടുള്ളതിനാലും, അതേവർഷം 60-ാംതിയതി തെക്കെ അമേരിക്കയിൽ "ബെയ്യാ" എന്ന സ്ഥലത്തുനിന്നും അദ്ദേഹം യാത്ര തിരിച്ചിരിക്കുന്നതുകൊണ്ടും രണ്ടാമത്തെ അഭിപ്രായത്തിനാണു കൂടുതൽ സാധൂകരണം സിദ്ധിക്കുന്നതു്. അററ്ലാൻറിക്കു് സമുദ്രത്തിൽ അലറിയുയരുന്ന തരംഗപരമ്പരകളിലൂടെ അദ്ദേഹം തൻ്റെ കാര്യനൗകയെയുംകൂടെ നയിക്കുന്നുണ്ടായിരുന്നിരിക്കണം. അനുഗൃഹീതനായ ഒരു കലാകാരനു പ്രകൃതിയുടെ പ്രതിഭാസങ്ങളിലെല്ലാം വിശ്രമമെന്യേ ഭാവന ചെലുത്തുവാൻ കഴിവുണ്ടല്ലൊ.

1786 ൽ അദ്ദേഹം കേരളക്കരയിൽ

(ശേഷം 9-ാം പേജിൽ)



## ഫാത്തിമാബാലസമിതി

ലക്ഷ്യം: ഫാത്തിമാസന്ദേശം പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിക്കുക.

മുദ്രാവാക്യം: പ്രാർത്ഥന, പ്രായശ്ചിത്തം, പരോപകാരം.

ചുമതലകൾ: (1) മറിയത്തിൻെറ വിമലഹൃദയത്തിൻെറ സ്തുതിക്കായി ദിവസവും ജപമാല ചൊല്ലുക; കുടുംബത്തിലെ മററംഗങ്ങളും മുടങ്ങാതെ ജപമാല ചൊല്ലുന്നതിനു പ്രേരണ നല്കുക. (2) പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ത്യാഗകൃത്യങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുക. (3) നിവൃത്തിയുള്ളപക്ഷം, ആദ്യശനിയാഴ്ച ഭക്തി ആചരിക്കുക. (4) സാധുക്കൾക്കു പാടുള്ള സഹായം ചെയ്യുക.

# മാതാവിൻെറ നിർദ്ദേശം

പ്രിയ കുഞ്ഞുങ്ങളേ,

നമുക്കു ലഭിക്കുന്ന അവസരങ്ങളിലെല്ലാം ജപമാല ജപിക്കുവാൻ, കുറഞ്ഞപക്ഷം ദിവസത്തിൽ ഒരു കൊന്തയെങ്കിലും മുടങ്ങാതെ ചൊല്ലുവാൻ, ഫാത്തിമായിൽവച്ചു മാതാവു കൊന്തയെ സംബന്ധിച്ചു പറഞ്ഞവ നമുക്കു പ്രേരണ നൽകുന്നുണ്ടു്. മാതാവു കുട്ടികൾക്കു കാണപ്പെട്ടപ്പോഴെല്ലാം അവരോടു പറഞ്ഞു അവർ കൊന്ത ചൊല്ലണമെന്നു്. ഒരുതവണയെങ്കിലും ഇതു സംബന്ധിച്ചു മാതാവു അവരോടു പറയാതിരുന്നിട്ടില്ല. കുട്ടികൾ കൊന്ത ചൊല്ലിക്കൊണ്ടിരുന്ന അവസരത്തിലാണു മാതാവു ആദ്യമായി അവർക്കു പ്രത്യക്ഷയായതു്. ഈ ദർശനാവസരത്തിൽ, സ്വർഗ്ഗത്തിൽനിന്നു വന്നവളാണു മാതാവു എന്നറിഞ്ഞയുടനെ ലൂസിയുടെ ജിജ്ഞാസ വർദ്ധിച്ചു അവളുടെ ഭാവിയെക്കുറിച്ചു അറിയുന്നതിനു അവൾ ആഗ്രഹിച്ചു. അവരുടെ മുമ്പിൽ നിന്നിരുന്ന ആ സ്വർഗ്ഗീയകന്യകയോടു അവൾ ചോദിച്ചു, താൻ സ്വർഗ്ഗത്തിൽ ചെന്നെത്തുമോ എന്നു്. അവൾ സ്വർഗ്ഗപ്രാപ്തയാകുമെന്നുള്ള മറുപടി കിട്ടിയ ഉടനെ അവൾ ജസീന്തായുടെ കാര്യം ചോദിച്ചു. അവളെക്കുറിച്ചും സന്തോഷപ്രദമായ മറുപടി കിട്ടിക്കഴിഞ്ഞപ്പോൾ ലൂസി വീണ്ടും ഫ്രാൻസിസിൻെറ കാര്യം ചോദിക്കുകയുണ്ടായി. എന്നാൽ ഈ മൂന്നാമത്തെ ചോദ്യത്തിനു നമ്മുടെ പരി. അമ്മ ഉടനെ ഉത്തരം നൽകിയില്ല. ഫ്രാൻസിസ് ഒരു ചെറിയ വികൃതിയും ജപമാലജപിക്കുന്നതിൽ ഉദാസീനനുമായിരുന്നതുകൊണ്ടായിരിക്കാം മാതാവു ഉടനെ ഉത്തരം കൊടുക്കാഞ്ഞതു്. മാതാവിൻെറ വാക്കുകൾതന്നെ ഇതിനു തെളിവു നൽകുന്നുണ്ടു്. ഫ്രാൻസിസിനെ സംബന്ധിച്ചുള്ള ചോദ്യമുണ്ടായയുടനെ നമ്മുടെ അമ്മയുടെ കണ്ണുകളേയും, മാതൃസഹജമായ സഹതാപവും സ്നേഹിക്കുന്നവയായിത്തീർന്നു. മാതാവു ഫ്രാൻസിസിൻെറ പക്കലേക്കു സാവധാനത്തിൽ തിരിഞ്ഞു അവനെ നോക്കിക്കൊണ്ടു പറഞ്ഞു: "അവനും സ്വർഗ്ഗത്തിൽ പോകും. പക്ഷെ അവൻ ധാരാളം കൊന്ത ജപിക്കേണ്ടിയിരിക്കുന്നു."

മൂന്നാം പ്രാവശ്യം മാതാവു പ്രത്യക്ഷയായ അവസരത്തിൽ ഏകദേശം അയ്യായിരമോ ആറായിരമോ ആളുകൾ കുട്ടികളോടുകൂടെ ജപമാല ജപിക്കുന്നുണ്ടായിരുന്നു. ഇത്തവണ കൊന്ത ജപിക്കേണ്ടതിൻെറ ആവശ്യത്തെപ്പററി വളരെ ശക്തിയായ ഭാഷയിലാണു മാതാവു കുട്ടികളോടു പറഞ്ഞതു്. അന്നത്തെ യുദ്ധം അവസാനിക്കുന്നതിനുള്ള ഏകമാർഗ്ഗം മാതാവിൻെറ ബഹുമാനാർത്ഥം ജപമാല ജപിക്കുകയാണെന്നാണു മാതാവു് അന്നു അറിയിച്ചതു്. ഈ ദർശനാവസരത്തിലാണു ഓരോ ദശകത്തിൻെറയും അവസാനത്തിൽ ചൊല്ലുവാനുള്ള "എൻെറ ഈശോ! ഞങ്ങളുടെ പാപങ്ങൾ പൊറുക്കേണമെ... ..." എന്ന ജപം കുട്ടികളെ പഠിപ്പിച്ചതു്.

ജപമാലഭക്തി വർദ്ധിക്കുന്നതിനുവേണ്ടി ജപമാലത്തിരുനാൾ ആഘോഷമായി കൊണ്ടാടണമെന്നു മാതാവിനുണ്ടായിരുന്ന ആഗ്രഹം നാലാമത്തെ ദർശനത്തിൽ അവിടുന്നു വെളിപ്പെടുത്തി. കോവാ ദാ ഈറിയായിൽ മാതാവു കാണപ്പെട്ട സ്ഥലത്തുണ്ടായിരുന്ന വൃക്ഷത്തിൻെറ ചുവട്ടിൽ വന്നുകൊണ്ടിരുന്ന നേർച്ചകാഴ്ചകൾ എന്തിനായി ചെലവഴിക്കണമെന്നു ലൂസി മാതാവിനോടു ചോദിച്ചപ്പോൾ, അതു ഒക്ടോബർമാസത്തിലെ ജപമാലത്തിരുനാൾ ആഡംബരപൂർവ്വം കൊണ്ടാടുന്നതിനു സൂക്ഷിച്ചുവയ്ക്കണമെന്നാണു മാതാവു് പ്രതിവചിച്ചതു്.

ആറാമത്തേതും അവസാനത്തേതുമായ ദർശനാവസരമാണു ജപമാല ജപിക്കുന്നതിനു ഏററവും വലിയ പ്രേരണ നൽകുന്നതു്. അത്ഭുതകരമായിത്തീർന്ന അളവറ്റ ഒരു വലിയ സംഘം ജനങ്ങൾ ഭക്തിപരവശരായി ജപമാല ചൊല്ലിക്കൊണ്ടിരുന്നപ്പോഴാണു മാതാവു പ്രത്യക്ഷയാകുന്നതു്. മാതാവു പ്രത്യക്ഷപ്പെട്ട എല്ലായ്പോഴും തൻെറ കൂപ്പുകൈകൾക്കിടയിൽക്കൂടെ ഒരു ജപമാല തൂങ്ങിക്കിടക്കുന്നുണ്ടായിരുന്നു. ഒക്ടോബർ മാസം 13-ാം നു- ഉണ്ടായ ഈ ദർശനാവസരത്തിൽ താൻ ആരാകുന്നു എന്നു ലൂസിയോടു പറയാമെന്നു മാതാവു നേരത്തെ വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. അതുകൊണ്ടു മാതാവു കാണപ്പെട്ട അവസരത്തിൽ ലൂസി ചോദിക്കുന്നു: "ഭവതി, അങ്ങുന്നു ആരാണു്?" ഈ ചോദ്യത്തിനു ഇപ്രകാരമാണു മാതാവു ഉത്തരം നൽകിയതു്. "ഞാൻ ജപമാല നാഥയാകുന്നു." ജപമാലനാഥയായി സ്വയം പ്രഖ്യാപനം ചെയ്തശേഷം പ്രാർത്ഥനയേയും പ്രായശ്ചിത്തത്തേയും കുറിച്ചു മാതാവു പറഞ്ഞു. ആ സംഭാഷണം അവസാനിപ്പിച്ചതു് ഇങ്ങനെയാണു്: "എല്ലാദിവസവും തുടർച്ചയായി നിങ്ങൾ ജപമാല ജപിക്കണം." മാതാവിൻെറ പ്രവൃത്തനങ്ങളിൽനിന്നും വാക്കുകളിൽനിന്നും ജപമാല അടുക്കലടുക്കൽ ചൊല്ലുന്നതു് അവിടുത്തേക്കു എത്ര പ്രിയങ്കരമാണെന്നും നമ്മുടെ കോരോരുത്തർക്കും ലോകത്തിൻെറ മാനസാന്തരത്തിനും എത്ര അത്യാവശ്യമാണെന്നും തെളിയുന്നു.

"കത്തോലിക്കാസഭയ്ക്കു അതിൻെറ ശത്രുക്കളിൽനിന്നുള്ള സംരക്ഷണം ദൈവത്തിൽനിന്നു ലഭിക്കുന്നതിനു്" സാർവലൗകികമായ ഒരു കത്തോലിക്കാ കുരിശുയുദ്ധം മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഉൽഘാടനം ചെയ്തിരിക്കുന്നവിവരം നിങ്ങളെല്ലാവരും അറിഞ്ഞിരിക്കുമല്ലോ. ഈ കുരിശുയുദ്ധത്തിൽ ചേരുന്നവർ അനുഷ്ഠിച്ചുകൊള്ളാമെന്നു വാഗ്ദാനംചെയ്യേണ്ട മൂന്നുകാര്യങ്ങളിൽ ഒന്നു "എല്ലാദിവസവും കൊന്തനമസ്കാരം എത്തിച്ചുകൊള്ളാ"മെന്നുള്ളതാണെന്നും നിങ്ങൾ അറിഞ്ഞുകാണുമെന്നു വിശ്വസിക്കുന്നു.

ഫാത്തിമാമാതാവിൻെറ ആഗ്രഹാനുസരണം നിങ്ങളെല്ലാവരും നേരത്തേതന്നെ മാതാവിൻെറ നിർദ്ദേശങ്ങൾ അനുസരിച്ചു ദിവസേന ജപമാല ജപിച്ചുകൊള്ളാമെന്നു പ്രതിജ്ഞചെയ്തിട്ടുള്ളവരാണല്ലോ. ഈ പ്രതിജ്ഞയ്ക്കു യാതൊരു ലംഘനവും വരുത്തുകയില്ലെന്നു ഒരു ദൃഢനിശ്ചയം നിങ്ങൾ ഓരോരുത്തരും ചെയ്യണം. ഏതെങ്കിലും ഒരു ദിവസം വീട്ടിൽ ചൊല്ലുന്ന കൊന്തയിൽ സംബന്ധിക്കുന്നതിനു നിങ്ങൾക്കു സാധിക്കാതെവന്നാൽ അന്നു കിടക്കുന്നതിനുമുമ്പു മുട്ടുകുത്തി കൊന്ത ചൊല്ലിയതിനുശേഷം മാത്രമേ കിടക്കുകയൊള്ളു എന്നുകൂടി ഒരു പ്രതിജ്ഞചെയ്യണം. കൊന്തയിലെ രഹസ്യങ്ങൾ ഒരുപക്ഷെ മനഃപാഠമായി അറിഞ്ഞുകൂടെങ്കിൽ തിങ്കൾ വ്യാഴം ഈ ദിവസങ്ങളിൽ കർത്താവിൻെറ പിറവിയെ സംബന്ധിക്കുന്ന ഏതെങ്കിലും സംഭവം ഓർത്തുകൊണ്ടും, ചൊവ്വാ വെള്ളി എന്നീ ദിവസങ്ങളിൽ കർത്താവിൻെറ പീഡാനുഭവങ്ങൾ ഓർമ്മയിൽ വരുത്തിക്കൊണ്ടും, ബുധൻ ശനി ഞായർ എന്നീ ദിവസങ്ങളിൽ ഉയിർപ്പിലെ സംഭവങ്ങൾ സ്മരിച്ചുകൊണ്ടും 1 ആകാ. 10 നന്മ. 1 ത്രി. അഞ്ചുപ്രാവശ്യം ചൊല്ലുവാൻ ശ്രമിക്കണം. ഇതിനു നിങ്ങളിൽ ആർക്കും പ്രയാസമുണ്ടാകുമെന്നു തോന്നുന്നില്ല. ഇങ്ങനെ കുഞ്ഞുങ്ങളെല്ലാവരും ചെയ്യുമെന്നു വല്യച്ചൻ വിശ്വസിക്കുന്നു.



തൃശ്ശൂർ രൂപതാ ചാൻസലർ റവ. ഡോക്ടർ ചിറയത്തു അവർകളുടെ മാതാവിൻെറ ശവസംസ്കാരാവസരത്തിൽ എടുത്ത ഫോട്ടോ.


## ഡാനിയേലിൻെറ

### ഷഴങ്കഥകളും കോടതിവിധിയും

ഗ്രന്ഥകർത്താ: റവ. ഫാ. തോമസ് ഇഞ്ചയ്ക്കലോടി വില 8 ണ.

മാർ ളൂയിസ് മെമ്മോറിയൽ പ്രസ്സ്,

എറണാകുളം


### പ്രബന്ധമത്സരം

ഇപ്രാവശ്യത്തെ പ്രബന്ധമത്സരത്തിൽ ആകെ 15 പേർ മാത്രമേ പങ്കെടുത്തിട്ടുള്ളു. രണ്ടുപേരുടെ പ്രബന്ധം യഥാസമയം ലഭിക്കാതിരുന്നതിനാൽ തിരസ്കരിക്കേണ്ടിവന്നു. ബാക്കി 13 പേർക്കും "തിരുഹൃദയാരാമം" എന്ന പുസ്തകം സമ്മാനമായി അയച്ചുകൊടുക്കുന്നു. സമ്മാനാർഹരായവരുടെ പേരുകൾ താഴെ ചേർക്കുന്നു: 1) കെ. ടി. തോമസ്, പാലാ. 2) സി. ജെ. ജോസഫ്, കാഞ്ഞിരമററം. 3) ടി. എം. ജോർജ്ജ്, തിടനാട്. 4) കെ. ജെ. ജോസ് കുഴിപ്പറമ്പിൽ, മാന്നാനം. 5) സി. വി. ജോസ്, ഇരിഞ്ഞാലക്കുട. 6) വടശ്ശേരി തോമസ് പോൾ, പള്ളുരുത്തി. 7) പാലാത്ര തോമസ് മേരിക്കുട്ടി, വാടപ്പള്ളി. 8) ററി. വി. ത്രേസ്യാക്കുട്ടി, മുട്ടം. 9) വി. ജെ. അന്നമ്മ, മുട്ടം 10) എ. സി. മറിയാമ്മ, മുട്ടം. 11) പോത്തനാമുഴിയിൽ കുര്യൻ അന്നക്കുട്ടി, ആരക്കുഴ. 12) പുളിപ്പറമ്പിൽ കൊച്ചുത്രേസ്യ, കൊട്ടാരത്തിൽ 13) പി. കെ. മോനിക്ക, പുൽപ്പറമ്പിൽ, കല്ലൂർക്കാടു്. സമ്മാനാർഹരായവരെ വല്യച്ചൻ ഹാർദ്ദമായി അനുമോദിക്കുകയും പ്രബന്ധങ്ങൾ എഴുതി അയപ്പിക്കുന്നതിനു കുട്ടികൾക്കു പ്രോത്സാഹനം നല്കിയ എല്ലാവരോടുമുള്ള കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്യുന്നു.

### ഫാത്തിമായിലെ കുട്ടികൾ

"ഫാത്തിമായിലെ കുട്ടികൾ" എന്ന പേരിൽ ഒരു ലേഖനപരമ്പര സത്യദീപത്തിൽ പ്രസിദ്ധം ചെയ്തിരുന്നകാര്യം നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കുമല്ലോ. അതിപ്പോൾ പുസ്തകരൂപത്തിൽ പ്രസിദ്ധം ചെയ്തിരിക്കുന്നതായറിയുന്നു. 170-ഓളം പേജുകളും 60-ഓളം മനോഹരചിത്രങ്ങളുമുള്ള ഈ പുസ്തകത്തിനു ഒരു രൂപമാത്രമാണു വില വച്ചിരിക്കുന്നതു്. പന്ത്രണ്ടിനൊന്നു കമ്മീഷൻ കിട്ടുന്നതാണു്. ആകയാൽ പലർകൂടി എഴുതുന്നതു് ആദായകരമായിരിക്കും. പുസ്തകത്തിനു വല്യച്ചൻെറ പേർക്കല്ല എഴുതേണ്ടതു്. മാനേജർ, മാർ ളൂയിസു മെമ്മോറിയൽ പ്രസ്സ്, എറണാകുളം എന്ന മേൽവിലാസത്തിൽ എഴുതണം.

മാതാവു എല്ലാവരേയും അനുഗ്രഹിക്കട്ടെ.

എന്നു സ്വന്തം വല്യച്ചൻ.

## നിങ്ങൾക്കറിയാമോ?

താഴെപറയുന്ന രാജ്യങ്ങളുടെ തലസ്ഥാനനഗരങ്ങൾ ഏവ?

(1) മൊറിഷ്യസ് (2) നൈജീരിയ (3) സിംഗപ്പൂർദ്വീപു് (4) എത്തിയോപ്പിയ (5) ഫിൻലൻറ് (6) അൾജീരിയ (7) ഫ്രഞ്ചു ഇൻഡ്യ (8) മഡഗാസ്കർ (9) മൊറോക്കോ (10) ജർമ്മനി.

### ഉത്തരം

(1) പോർട്ടർ ലൂയി (2) ലാഗോസ് (3) സിംഗപ്പൂർ (4) ആഡിസ് അബാബ (5) ഹെൽസിങ്കി (6) അൾജിയേഴ്സ് (7) പോണ്ടിച്ചേരി (8) ടനനേറിവ് (9) റബോറ് (10) ബർലിൻ.

ബ: അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥംവഴിയായി ഉദ്ദിഷ്ടകാര്യം സാധിച്ചതിനും വേറിലും ചില കാര്യങ്ങൾ സാധിക്കുന്നതിനും വേണ്ടി.

T. J. George, Maujapra

## ജപാപ്പസ്തോലസഖ്യം

ജൂലൈമാസത്തെ പൊതുനിയോഗം: എല്ലാവരും മിശിഹായ്ക്കും തിരുസ്സഭയ്ക്കും കീഴ്പ്പെട്ടിരിക്കുവിൻ. മിഷൻനിയോഗം: മുഹമ്മദീയരാജ്യങ്ങളിലെ ക്രിസ്ത്യാനികൾക്കായി.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി


റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., പി. എ.

Vol. 23 | ERNAKULAM. JULY 5 1950 | No. 43


# ഫാദർ കാർട്ടി

തൃശ്ശിനാപ്പള്ളി സെൻറ് ജോസഫ്സ് കോളെജിലെ പ്രൊഫസറായിരുന്ന റവ. ഫാദർ കാർട്ടി എസ്. ജെ. ഇക്കഴിഞ്ഞ ജൂൺ 27-ാംനു- നിര്യാതനായ വിവരം ഇതിനകം വായനക്കാരിൽ മിക്കവരും അറിഞ്ഞിരിക്കുമല്ലോ. കൊഡെക്കനാലിലേക്കു കാർമാർഗ്ഗം പുറപ്പെട്ട അദ്ദേഹം രോഗബാധിതനാകയാൽ തിരികെപോരുകയും വഴിക്കുവച്ചു ചരമമടയുകയുമാണുണ്ടായതു്. ശവസംസ്കാരം പിറെറദിവസം തൃശ്ശിനാപ്പള്ളിയിൽവച്ചു യഥാവിധി നടത്തപ്പെട്ടു.

മരിക്കുമ്പോൾ ഫാദർ കാർട്ടിക്കു 74 വയസ്സു പ്രായമുണ്ടായിരുന്നു. ആയുഷ്കാലത്തിലധികഭാഗവും അദ്ദേഹം ഇൻഡ്യയിലാണു ചെലവഴിച്ചതു്. ഫ്രാൻസിൻെറ വടക്കു പടിഞ്ഞാറെഭാഗത്തുള്ള ബ്രേൺ പ്രവിശ്യയുടെ തലസ്ഥാനമായ റെന്നസ്നഗരത്തിൽ 1876-ൽ ജാതനായ ഇദ്ദേഹം ഈശോസഭയിൽ ചേരുകയും, 1894 ഒക്ടോബർ 6-ാംനു- തൃശ്ശിനാപ്പള്ളിയിലെത്തുകയും ചെയ്തു. നേരത്തെതന്നെ അദ്ദേഹം ബി. എസ്സി. ബിരുദം കരസ്ഥമാക്കിയിരുന്നു. ഇൻഡ്യയിലെത്തിയശേഷം കൊഡെക്കനാലിൽ ഈശോസഭക്കാരാൽ നടത്തപ്പെട്ടിരുന്ന അദ്ധ്യാപകട്രെയിനിംഗ് കോളെജിൽചേർന്നു അഭ്യസനം നടത്തി. 1901-ൽ തൃശ്ശിനാപ്പള്ളി കോളെജിലും ഹൈസ്കൂളിലും അദ്ധ്യാപകനെന്നനിലയിൽ ജോലി ആരംഭിച്ചു. വൈദികവിദ്യാഭ്യാസം പൂർത്തിയാക്കുന്നതിലേക്കായി 1907-ൽ യൂറോപ്പിലേക്കു തിരിച്ചുപോയി. ഈ ഘട്ടത്തിലാണു് ബൽജിയത്തിലെ ലൂവെയിൻ, ബ്രസൽസ് എന്നീ സർവ്വകലാശാലകളിൽ ചേർന്നു ധനതത്വശാസ്ത്രത്തിലും പാരിസ് സർവ്വകലാശാലയിൽ ചേർന്നു രാജ്യമീമാംസയിലും ഉപരിവിജ്ഞാനം സമ്പാദിച്ചതു്. അനന്തരം ഏതാനും മാസങ്ങൾ അദ്ദേഹം ഓക്സ്ഫോർഡിലും കേംബ്രിഡ്ജിലും ചെലവഴിക്കുകയുണ്ടായി.



വൈദികപട്ടം സ്വീകരിച്ചശേഷം 1911-ൽ ഫാദർ കാർട്ടി ഇൻഡ്യയിലേക്കു തിരിച്ചുവരികയും തൃശ്ശിനാപ്പള്ളി കോളെജിലെ ചരിത്രം-ധനതത്വം എന്ന വകുപ്പിൻെറ മേധാവിത്വം കൈയേൽക്കുകയുംചെയ്തു. കഴിഞ്ഞ 39 വർഷക്കാലം ആ ഉദ്യോഗം സ്തുത്യർഹമായി വഹിച്ചുവന്നു. ഇതിനകം ഉത്തരവാദിത്വമേറിയ മററനേകം ജോലികളിലും അദ്ദേഹമേർപ്പെട്ടിട്ടുണ്ടു്. 1914-ൽ അദ്ദേഹം മദ്രാസു സർവ്വകലാശാല സെനററിൻെറ അംഗമായി ഭവിച്ചു. അനന്തരകാലങ്ങളിൽ, പരീക്ഷാസമിതി, അക്കാഡമിക് കൗൺസിൽ, കൗൺസിൽ ഓഫ് അഫിലിയേററഡ് കോളെജസ്, സിൻഡിക്കേററ് എന്നീ വിവിധസംഘങ്ങളുടെ അംഗമെന്നനിലയിൽ മദ്രാസു സർവ്വകലാശാലയെ സേവിച്ചിട്ടുണ്ടു്. 1933-ലെ കോൺവൊക്കേഷൻ പ്രസംഗവും, 1939-ലെ സർ വില്യം മേയർ എൻഡൗമെൻറ് പ്രസംഗപരമ്പരയും ഫാദർ കാർട്ടിയാണു നിർവ്വഹിച്ചതു്. 1918 മുതൽ കുറെവർഷത്തേക്കു് അദ്ദേഹം തൃശ്ശിനാപ്പള്ളി സെൻറ് ജോസഫ്സ് കോളെജിൻെറ റെക്ടർസ്ഥാനവും സമലങ്കരിച്ചിട്ടുണ്ടു്. അക്കാലഘട്ടത്തിൽ, മദ്രാസിലെ ലയോളകോളെജ് സ്ഥാപിക്കുന്നതിനുവേണ്ടി ഫാദർ കാർട്ടി മുന്നിട്ടുനിന്നു പ്രവർത്തിക്കുകയുണ്ടായി. കൃത്യാന്തരബാഹുല്യങ്ങൾക്കിടയിൽ അദ്ദേഹം കുറെനാൾ കാണ്ടിസെമിനാരിയിൽചെന്നു താമസിച്ചു് ധനതത്വശാസ്ത്രം സംബന്ധിച്ച ക്ലാസ്സുകൾ നടത്തിയകാര്യവും വിസ്മരിക്കാവതല്ല. "പാക്സ് റൊമാന" എന്ന അഖിലലോക വിദ്യാർത്ഥിസംഘത്തോടു് ഘടിപ്പിച്ചു സ്തുത്യർഹമായി പ്രവർത്തനം നടത്തിവരുന്ന ദക്ഷിണേന്ത്യൻ കാത്തലിക് സ്റ്റുഡൻറ്സ് ഫെഡറേഷൻെറ പ്രണേതാവെന്നനിലയിലും, അതിൻെറ ഔദ്യോഗികജിഹ്വയായ "കിംഗ്സ് റാലി" മാസികയുടെ പത്രാധിപരെന്നനിലയിലും ഫാദർ കാർട്ടിയുടെ നാമം ആചന്ദ്രതാരം അനുസ്മരിക്കപ്പെടുന്നതാണു്.

കേരളീയകത്തോലിക്കർക്കു പ്രത്യേകമായും സ്തുത്യപുരുഷനോടുള്ള കടപ്പാടു നിസ്സീമമത്രെ. തൃശ്ശൂർ സെൻറ് തോമസ് കോളെജ്, ചങ്ങനാശ്ശേരി സെൻറ് ബർക്കുമൻസ് കോളെജ്, തേവര സേക്രഡ്ഹാർട്ട് കോളെജ്, എറണാകുളം സെൻറാൽബർട്ട്സ് കോളെജ് എന്നീ കലാലയങ്ങളുടെ സ്ഥാപനത്തിലും നടത്തിപ്പിലും ഫാദർ കാർട്ടി ഗണ്യമായപങ്കുവഹിച്ചിട്ടുണ്ടു്. എം. സി. വൈ. എൽ. ൻെറ പ്രസിഡൻറുസ്ഥാനം, ഫാദർ ഒണോറെയുടെ നിര്യാണശേഷം, കഴിഞ്ഞകൊല്ലംവരെ, ഫാദർ കാർട്ടിയാണു വഹിച്ചിരുന്നതു്. കേരളം സന്ദർശിക്കുന്നതിനും തൻെറ പൂർവ്വവിദ്യാർത്ഥികളുമായി സമ്പർക്കം പാലിക്കുന്നതിനും അദ്ദേഹം വാർദ്ധക്യകാലത്തുപോലും അത്യധികമായ ഔത്സുക്യം പ്രദർശിപ്പിച്ചുവന്നു.

ഏവംവിധം വിദ്യാഭ്യാസരംഗത്തു മായാമുദ്ര പതിച്ചിട്ടുള്ള ഒരു പ്രശസ്തപണ്ഡിതനേയും, ശിഷ്യഗണസമ്പന്നനായ ഒരദ്ധ്യാപകനേയും, നിസ്വാർത്ഥമതിയായ ഒരു രാഷ്ട്രീയ ചിന്തകനേയും, സേവനനിരതനും വിശാലഹൃദയനുമായ ഒരു മിഷനറിയേയുമാണു ഫാദർ കാർട്ടിയുടെ നിര്യാണംമൂലം ഭാരതത്തിനു നഷ്ടപ്പെട്ടിരിക്കുന്നതു്. ഈ വൈദികവരേണ്യൻെറ ദേഹവിയോഗത്തിലുള്ള ഞങ്ങളുടെ അനുശോചനം രേഖപ്പെടുത്തുകയും അദ്ദേഹത്തിൻെറ ആത്മാവിനു നിത്യശാന്തി നേരുകയും ചെയ്തുകൊള്ളുന്നു.

## അടുത്തആഴ്ചയിൽ

ജൂലൈ

9 ഞാ: പന്തക്കുസ്താ 6-ാം ഞായർ
തോമസ്മൂർ

10 തി: അപ്രേം

11 ചൊ: ഫെലിസിററ

12 ബു: [illegible]ബോറും ഫെലിക്സും

13 വ്യാ: എവുജേനിയൂസ്

14 വെ: ബൊനവന്തുര

15 ശ: ഹെൻറി

# പ്രകൃതിവിഭവങ്ങളിൽ അവകാശം തുല്യമാണോ?

ഭൂമിയിലും അതിൽനിന്നുണ്ടാകുന്ന വിഭവങ്ങളിലും സകലമനുഷ്യർക്കും ജന്മസിദ്ധമായ അവകാശമുണ്ടെന്നാണു്, മാർപ്പാപ്പാമാരുടെ തത്വോപദേശങ്ങളെ ആധാരമാക്കി, കഴിഞ്ഞ ലേഖനത്തിൽ ഞങ്ങൾ സമർത്ഥിച്ചതു്. അതിൻെറ കാരണവും പറഞ്ഞിരുന്നു. ഒന്നാമതു്, സകലമനുഷ്യരുടേയും ഉപയോഗത്തിനുവേണ്ടിയാണു് ദൈവം ഭൂമിയേയും അതിലെ വിഭവങ്ങളേയും പ്രദാനം ചെയ്തിരിക്കുന്നതു്. തന്മൂലം അവയിൽനിന്നു്, അവയ്ക്കുള്ള അവകാശത്തിൽനിന്നു്, ആരേയും ആർക്കും ഒഴിച്ചുനിർത്താവുന്നതല്ല. രണ്ടാമതായി, ഏതൊരു മനുഷ്യനും ഭൂമിയേയും അതിലെ വിഭവങ്ങളേയും ആശ്രയിച്ചുമാത്രമേ ജീവിക്കുവാൻ സാധിക്കുകയുള്ളൂ. തന്മൂലം ജീവിക്കുവാൻ ജന്മസിദ്ധമായിത്തന്നെ ഉള്ള അവകാശത്തോടനുബന്ധിച്ചു്, ഭൂമിയിലും അതിലെ വിഭവങ്ങളിലും ഏതുമനുഷ്യനും അവകാശമുണ്ടു്. ജീവസന്ധാരണത്തിനു് അവശ്യാവശ്യകമായ ഭക്ഷ്യവിഭവങ്ങൾ—നെല്ലു്, ഗോതമ്പു് മുതലായധാന്യങ്ങളും മത്സ്യമാംസാദികളും പച്ചക്കറിസാമാനങ്ങളും—ഭൂമിയിലുള്ളവയും ഭൂമിയിൽനിന്നു ലഭിക്കുന്നവയുമാണല്ലോ. വസ്ത്രധാരണത്തിനുള്ള സാധനങ്ങളുടെ കാര്യവും അങ്ങനെതന്നെ. വസ്ത്രങ്ങളുണ്ടാക്കുവാൻവേണ്ട അസംസ്കൃത സാധനങ്ങൾ—പഞ്ഞി, ചണം, ആട്ടുരോമം, പട്ടുനൂൽ മുതലായവ—സമസ്തവും ഭൂമിയിലുള്ളവയും ഭൂമിയിൽനിന്നു പാകപ്പെടുത്തിയെടുക്കുന്നവയുമാണു്. പാർക്കുവാനുള്ള ഭവനങ്ങളുടെ കാര്യവും ഇതിൽനിന്നു വ്യത്യസ്തമല്ല. ഭവനനിർമ്മാണത്തിനുപയോഗിക്കേണ്ടിവരുന്ന സകലസാധനങ്ങളും—കല്ലു്, കുമ്മായം, മരം, ഇരുമ്പു് മുതലായവ—ഭൂമിയിലുള്ളവയും ഭൂമിയിൽനിന്നു ശരിപ്പെടുത്തിയെടുക്കുന്നവയുമാണു്. ഇങ്ങനെ മനുഷ്യജീവിതത്തിനു് അത്യന്താപേക്ഷിതമായ കാര്യങ്ങളിൽ, ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയിൽ, ഏതൊരു മനുഷ്യനും ഭൂമിയേയും അതിലെ വിഭവങ്ങളേയും ആശ്രയിക്കാതെ ഗത്യന്തരമില്ല. ഇവയെല്ലാം ലഭിക്കുവാനും തദ്വാരാ ജീവസന്ധാരണം നടത്തുവാനും ഏതൊരുവ്യക്തിക്കും അവകാശമുള്ളതുപോലെ, അവയെ പ്രദാനംചെയ്യുന്ന ഭൂമിയുടേയും അതിലെ വിഭവങ്ങളുടേയും കാര്യത്തിലും ഏതു മനുഷ്യവ്യക്തിക്കും അവകാശമുണ്ടു്.

ഈ അവകാശത്തിൻെറ സ്വഭാവവും, മാർപ്പാപ്പാമാരുടെ തത്വോപദേശങ്ങളെ ആധാരമാക്കിത്തന്നെ, ഞങ്ങൾ കഴിഞ്ഞ ലേഖനത്തിൽ വിശദീകരിച്ചിരുന്നു. ഈ അവകാശം പൊതുവേയുള്ളതും (General) അമൂർത്തവും (Abstract) ആണു്. അതു പ്രത്യേകവും (Specific) മൂർത്തവും (Concrete) ആയിത്തീരുന്നതു വ്യക്തികളുടെ പരിശ്രമത്താലാണു് (Industry). പരിശ്രമത്തിൽ ആദ്യത്തേതു കൈവശപ്പെടുത്തലാകുന്നു (Occupancy). കേവലം പ്രകൃതിദത്തമായി, യാതൊരു വ്യക്തിയുടേയും അധീനതയിൽ പെടാത്തതായി, ആർക്കും അധീനതയിൽ കൊണ്ടുവരുവാൻ സ്വാതന്ത്ര്യമുള്ളതായി ഒരു ഭൂവിഭാഗം കിടക്കുന്നുവെന്നു വിചാരിക്കുക. ഒരു പ്രത്യേക മനുഷ്യവ്യക്തി അതിലൊരുഭാഗം ബാഹ്യമായ ഏതെങ്കിലും പ്രവൃത്തിയാൽ തിരിച്ചെടുക്കുകയും അതിൽ പ്രയത്നം ചെലുത്തിത്തുടങ്ങുകയും ചെയ്യുമ്പോൾ ആ ഭാഗം ഭൂമി അവൻെറ അധീനതയിലാകുന്നു. അതുവരെ ആ ഭാഗം ഭൂമിയെ സംബന്ധിച്ചിടത്തോളം മററു വ്യക്തികളോടൊപ്പം അവനും ഉണ്ടായിരുന്ന പൊതുവും അമൂർത്തവുമായ അവകാശം, അതുമുതൽ അവനു പ്രത്യേകമുള്ളതായിത്തീരുന്നു; അതുവരെ അമൂർത്തമായിരുന്ന അവകാശം അതുമുതൽ മൂർത്തിഭാവം കൈക്കൊള്ളുന്നു. തന്മൂലം മററു യാതൊരു വ്യക്തിക്കും ആ ഭൂവിഭാഗത്തിൽ അവകാശമില്ലാതായിത്തീരുകയും ചെയ്യുന്നു. ആ ഭൂവിഭാഗവും അതിൽ ചെയ്യുന്ന പ്രയത്നത്തിൻെറ ഫലവും ആ പ്രത്യേക വ്യക്തിയുടെ ഉടമയായി പരിണമിക്കുന്നു. കാരണം, ആ ഭൂവിഭാഗത്തെ അവൻ സ്വശക്തികളുപയോഗിച്ചു വേർതിരിച്ചെടുക്കുകയും, അങ്ങനെ കൈവശപ്പെടുത്തുകയും, അതിൽ പ്രയത്നിക്കുകയും ചെയ്തപ്പോൾ അവൻ തൻെറ വ്യക്തിത്വത്തിൻെറ മുദ്ര അതിൽ പതിക്കുകയാണു ചെയ്തിരിക്കുന്നതു്. തൽഫലമായി ആ ഭൂവിഭാഗം അവൻെറ വ്യക്തിത്വത്തിൻെറ ഒരംശമായി, അതിൻെറ ബാഹ്യമായ വിപുലീകരണമായി, തീരുന്നു. അവൻെറ വ്യക്തിത്വത്തെ കയ്യേറുവാൻ മററു യാതൊരു വ്യക്തിക്കും അവകാശമില്ലാത്തതുപോലെതന്നെ, അതിനോടഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന ആ ഭൂവിഭാഗത്തെ കയ്യേറുവാനും മറെറാരു വ്യക്തിക്കും അവകാശമില്ല. ആ ഭൂവിഭാഗം ആ വ്യക്തിയുടെ സ്വകാര്യസ്വത്തായിത്തീരുന്നു. അതു് അവനിൽനിന്നു പിടിച്ചെടുക്കുന്നതു് അവനോടുചെയ്യുന്ന അനീതിയായിരിക്കും.

ഇപ്രകാരമുള്ള അവകാശം ഭൂമിയിലും അതിലെ വിഭവങ്ങളിലും സകല മനുഷ്യർക്കും ജന്മനാ ഉണ്ടെന്നു പറയുന്നതിൽനിന്നു്, സകലർക്കും ഭൂമിയിലെ ഏതെങ്കിലുമൊരംശത്തിൽ സ്വകാര്യയുടമ ഉണ്ടായിരിക്കണമെന്നു് അർത്ഥമാക്കേണ്ടതില്ല. ഭൂമിയും അതിലെ വിഭവങ്ങളുംകൊണ്ടു ജീവസന്ധാരണം ചെയ്യുവാൻ സകല മനുഷ്യർക്കും അവകാശമുണ്ടെന്നേ അർത്ഥമാക്കേണ്ടതുള്ളൂ. ഭൂമിയുടെ ഏതെങ്കിലുമൊരംശം ന്യായമായ വഴിക്കു സ്വന്തം ഉടമയിലുള്ളവർ അതിൽ പ്രയത്നം ചെയ്തുകിട്ടുന്ന വിളവുവഴിയായും, ഭൂമിയുടമയില്ലാത്തവർ ഉടമയുള്ളവരുടെ ഭൂമിക്കു തങ്ങളുടെ പ്രയത്നം പ്രദാനംചെയ്യുന്നതിനു പ്രതിഫലമായി ലഭിക്കുന്ന വിളവുവഴിയായും, സ്വന്ത ഭൂമിയിലോ അന്യരുടെ ഭൂമിയിലോ പ്രയത്നംചെയ്യാതെ വ്യവസായം മുതലായ മററു തുറകളിൽ പ്രയത്നംചെയ്യുന്നവർ അതിനു പ്രതിഫലമായി കിട്ടുന്ന പണം കൊടുത്തു വാങ്ങുന്ന വിളവുകൾ വഴിയായും ജീവസന്ധാരണം നടത്തുവാൻ അവകാശമുള്ളവരാണു്. ഈ മൂന്നു തരക്കാർക്കും മാനമായും മനുഷ്യോചിതമായും മേൽപ്പറഞ്ഞതരത്തിൽ ഭൂമിയിലെ വിളവുകൊണ്ടു ജീവസന്ധാരണം നടത്തുവാൻ കഴിവുണ്ടാകണം. എന്നാൽമാത്രമേ ഭൂമിയെക്കൊണ്ടു ജീവിക്കുവാൻ ജന്മനാ ഉള്ള അവരുടെ അവകാശത്തിനു ഭംഗം വരാതിരിക്കുകയുള്ളൂ. പ്രസ്തുത കഴിവു് അവർക്കില്ലാതെവന്നാൽ അവരുടെ പ്രസ്തുതാവകാശത്തിനു ഭംഗം നേരിടുന്നുണ്ടെന്നു തീർച്ചയായും പറയാം. പ്രസ്തുത കഴിവു സകല മനുഷ്യർക്കും കൈവരുത്തുവാനായിരിക്കണം ഭൂമിയുടമയുള്ളവരുടേയും, അന്യരുടെ ഭൂമിയിൽ പ്രയത്നം ചെയ്യുന്നവരുടേയും, ഭൂമിയിലല്ലാതെ മററു തുറകളിൽ പ്രയത്നിക്കുന്നവരുടേയും, ഇവരുടെയെല്ലാം ക്ഷേമത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുവാൻ ചുമതലയുള്ള ഭരണാധികാരികളുടേയും ശ്രമം.

### തുല്യാവകാശം സാദ്ധ്യമല്ല

ഇനിയൊരു ചോദ്യം ഉദിക്കുന്നതു് മേൽപ്പറഞ്ഞവിധം ഭൂമിയെക്കൊണ്ടു കഴിയുവാനുള്ള സകല മനുഷ്യരുടേയും ജന്മാവകാശം തുല്യമാണോ എന്നാണു്. ഇതിനുള്ള മറുപടി പ്രസ്തുതാവകാശത്തിൻെറ ഉദ്ദേശത്തിലും പ്രായോഗികമായ സാദ്ധ്യതയിലുമാണു് അന്വേഷിക്കേണ്ടതു്. അവകാശത്തിൻെറ ഉദ്ദേശം ഓരോ മനുഷ്യനും ഭൗതികജീവിതത്തിൻെറ ആവശ്യങ്ങൾ മാനമായും മനുഷ്യോചിതമായും നിവർത്തിച്ചുകിട്ടണമെന്നുള്ളതാണല്ലോ. എന്നാൽ ഈ ആവശ്യങ്ങൾ എല്ലാ മനുഷ്യവ്യക്തികൾക്കും തുല്യമല്ല. ഭക്ഷണത്തിനുള്ള അവകാശം വിശപ്പടക്കുവാനാണു്. നാഴിയരിയുടെ ചോറുവീതം രണ്ടു വ്യക്തികൾക്കു കൊടുത്താൽ ഒരാളുടെ വിശപ്പു് അടങ്ങിയെന്നും, മറേറയാളുടെ വിശപ്പു് അടങ്ങിയില്ലെന്നും വരാം. ഒരേതരത്തിലുള്ള ഭവനത്തിൽ രണ്ടു വ്യക്തികൾ പാർത്താൽ ഒരാളുടെ ആരോഗ്യത്തിനു് അ

ഉപ്രയോജനപ്പെട്ടുവെന്നും, മററെയാളുടേതിനു് അതു ഹാനികരമായെന്നും വരാം. ഒരേതരം വസ്ത്രം രണ്ടു വ്യക്തികൾക്കു കൊടുത്താൽ ഒരാൾക്കു് അതു മതിയായെന്നും, മററെയാൾക്കു് അതു പോരാതായെന്നും വരാം. ചുരുക്കത്തിൽ അഞ്ചേക്കർ ഭൂമിവീതം രണ്ടാളുകൾക്കു കൃഷിചെയ്യാൻ അവകാശപ്പെടുത്തിക്കൊടുത്താൽ അതിൽ മടിയനായ ആൾക്കു് ഭൂമി പാഴാക്കിക്കളയാനും, ഉത്സാഹിയായ ആളെ ഭഗ്നാശനാക്കാനും അതു പ്രേരകമായെന്നുവരാം. ചുരുക്കത്തിൽ മനുഷ്യരുടെ ആവശ്യങ്ങൾ തുല്യങ്ങളല്ലാത്തതിനാൽ, അവ നിവർത്തിച്ചുകിട്ടുവാനുള്ള മാർഗ്ഗങ്ങളായ പ്രകൃതിവിഭവങ്ങൾക്കുള്ള അവരുടെ അവകാശവും തുല്യമായിരിക്കുവാൻ പാടുള്ളതല്ല.

മനുഷ്യനു വ്യക്തിയെന്നനിലയ്ക്കും പുറമെ, സമുദായത്തിന്റെ അംശം എന്ന നിലയുമുണ്ടല്ലോ. ഈ നിലയിൽ സമുദായക്ഷേമത്തിനുവേണ്ടി സേവനം ചെയ്യുവാനുള്ള കടമയും തന്നിമിത്തമുള്ള അവകാശവും ഓരോ മനുഷ്യനുമുണ്ടു്. ഇത്തരം സേവനത്തിനുള്ള കഴിവിന്റെ കാര്യത്തിൽ മനുഷ്യർ തുല്യന്മാരല്ല. കഴിവിന്റെ ഏററക്കുറച്ചിലനുസരിച്ചു സമുദായസേവന സോപാനത്തിന്റെ പല പടികളിലായിട്ടാണു് മനുഷ്യർ നില്ക്കുന്നതു്. ആ പടികളുടെ ഉയർച്ചയും താഴ്ചയുമനുസരിച്ചു് അവരുടെ ആവശ്യങ്ങളും അതുല്യങ്ങളായിരിക്കും. ഒരു മന്ത്രിക്കും അദ്ദേഹത്തിന്റെ ശിപായിക്കും, ഒരു വ്യവസായിക്കും അദ്ദേഹത്തിന്റെ കീഴിലുള്ള തൊഴിലാളികൾക്കും, ഒരു ശാസ്ത്രജ്ഞനും അദ്ദേഹത്തിന്റെ കണ്ടുപിടുത്തങ്ങളുടെ ഗുണങ്ങളനുഭവിക്കുന്ന സാമാന്യക്കാരനും, ഒരു സാഹിത്യകാരനും അദ്ദേഹത്തിന്റെ കൃതികൾ അച്ചിൽപ്പതിക്കുന്ന ജോലിക്കാരനും ഉള്ള ആവശ്യങ്ങൾ എത്രയോ അതുല്യങ്ങളാണു്! തദനുസരണം അവ നിവർത്തിച്ചുകിട്ടുവാനുള്ള മാർഗ്ഗങ്ങളായ പ്രകൃതിവിഭവങ്ങൾക്കു് അവർക്കുള്ള അവകാശവും അതുല്യമായിരുന്നേ മതിയാവൂ. അതുല്യങ്ങളായ ആവശ്യങ്ങളോടുകൂടിയിരിക്കുന്ന മനുഷ്യരുടെ കാര്യത്തിൽ, അവ നിവർത്തിച്ചുകിട്ടുവാനുള്ള മാർഗ്ഗങ്ങളായിരിക്കുന്ന പ്രകൃതിവിഭവങ്ങളെ തുല്യമായി വിതരണംചെയ്യുന്നതു അവരോടുചെയ്യുന്ന അനീതിയാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. എന്നാൽ സകലമനുഷ്യരുടേയും പ്രാഥമികവും മൗലികവുമായ ആവശ്യങ്ങൾ മിക്കവാറും തുല്യങ്ങളാണു്. അവ നിവർത്തിച്ചുകിട്ടുവാൻ വേണ്ട പ്രകൃതിവിഭവങ്ങൾ അവർക്കെല്ലാവർക്കും മിക്കവാറും തുല്യമായ തോതിൽ ലഭിക്കുവാനവകാശമുണ്ടു്. അത്തരം വിതരണം നീതി ആവശ്യപ്പെടുക തന്നെ ചെയ്യുന്നു. പ്രാഥമികങ്ങളും മൗലികങ്ങളുമല്ലാത്ത, അവയെക്കാളുപരിയായ, ആവശ്യങ്ങളും മനുഷ്യർക്കുണ്ടു്. അവ നിവർത്തിച്ചുകൊടുക്കേണ്ടതു് മനുഷ്യസമുദായത്തിന്റെ പൊതുവായ ക്ഷേമത്തിനു് അത്യന്താപേക്ഷിതമാണു്. സമുദായത്തിന്റെ പൊതുവായ ക്ഷേമം കുറയുകയോ നശിക്കുകയോ ചെയ്താൽ അതിന്റെ ദുഷ്ഫലം അവസാനത്തിൽ ബാധിക്കുന്നതു് സമുദായത്തിലെ അംഗങ്ങളായ വ്യക്തികളെത്തന്നെയാണല്ലോ.

തന്മൂലം "ഭൂമി..............എല്ലാവർക്കും തുല്യമായി അനുഭവിക്കുവാൻ അവകാശപ്പെട്ടതാണു്" എന്ന പ്രസിദ്ധനായ ശ്രീ കുമരപ്പായുടെ അഭിപ്രായത്തിൽ "തുല്യമായ്" എന്നപദം വിവേചനത്തോടുകൂടിവേണം സ്വീകരിക്കുവാൻ. "പതിമൂന്നരസെൻറു്" എന്ന അർത്ഥത്തിൽ പരിപൂർണ്ണമായും തുല്യമായിരിക്കണം എന്ന വാദം അപ്രായോഗികവും തന്മൂലം അനീതിപരവുമാണു്. ആനുപാതികമായി (Proportionately) എന്നർത്ഥത്തിൽ തുല്യമായിരിക്കണം എന്ന വാദം സ്വീകാര്യമാണു്. കുമരപ്പായുടെ പ്രസ്തുതാഭിപ്രായം ഉദ്ധരിച്ചുകൊണ്ടു് ചേത്തല കടിയാൻയോഗം ഭൂപരിധി നിർണ്ണയക്കമ്മിററിക്കു സമർപ്പിച്ച മെമ്മോറണ്ടത്തിൽ "എല്ലാവർക്കും ഭൂമിക്കു തുല്യനിലയിൽ അവകാശം" ഉണ്ടാകണം എന്ന വാദവും പ്രസ്തുത വിവേചനത്തോടുകൂടിയാണു് സ്വീകരിക്കേണ്ടതു്.

ചെറുകഥ

# ആ അടിസ്ഥാനരൂപം

(എസ്. ബി.)

ബഹുമാനപ്പെട്ട ജോർജ്ജച്ചൻ കായത്തിൽ കൃശനെങ്കിലും കാര്യത്തിൽ ബൃഹനാണു്. ഉദാരമായിട്ടേ മുട്ടയിടാറുള്ളുവെങ്കിലും, ഇടുന്ന ഓരോ പ്രാവശ്യവും പുരമുകളിൽ കയറിനിന്നു് "ഞാൻ മുട്ടയിട്ടേ" എന്ന വൃത്താന്തം ലോകസമക്ഷം കൊക്കിയറിയിക്കുന്ന കോഴിപ്പിടയെപ്പോലെ, എന്തെങ്കിലും ഒരു ചെറിയകാര്യം (സ്വന്തം ചുമതലയിൽപ്പെട്ടതാണെങ്കിലും) നിർവ്വഹിച്ചിട്ടു് അധികാരികളുടെ കണ്ണിൽ പൊടിയിട്ടു പ്രമോഷൻ കരസ്ഥമാക്കാനോ എന്നു തോന്നുമാറു്, അതിന്റെ അതിശയോക്തിപരമായ ഒരു റിപ്പോർട്ടു പല പത്രങ്ങളിൽ പരസ്യപ്പെടുത്തുന്ന പതിവു് അദ്ദേഹത്തിനു പരിചയമേ അല്ല. തുടച്ചയായിട്ടു് എത്രയെത്ര വലിയ മുട്ടയിട്ടാലും കൊക്കിയറിയിക്കാതെ, ശാന്തമായും നിശ്ശബ്ദമായും കഴിഞ്ഞുകൂടുന്ന താറാവിന്റെ പ്രകൃതമാണദ്ദേഹത്തിനു്. "ബെനെ മെരേന്തി"സ്ഥാനം എഴുതിക്കിട്ടിയിട്ടില്ലെന്നേയുള്ളു. തീർച്ചയായും അതർഹിക്കുന്ന വല്ലവരും ഭൂമുഖത്തുണ്ടെങ്കിൽ അതിലൊന്നു് അദ്ദേഹവുമാണു്. വെറും പിച്ചയല്ലദ്ദേഹം. എപ്പോഴും "പ്രൊ എക്ലേസിയ ഏത്ത് പൊന്തിഫിച്ചെ" ആണു്—പള്ളിക്കും പാപ്പാക്കും.

അനാർഭാടവും എന്നാൽ കാര്യക്ഷമവുമായ കൃത്യനിർവ്വഹണത്തിൽ പരിപൂർണ്ണതൃപ്തിവന്നിട്ടായിരിക്കണം വൈദികാദ്ധ്യക്ഷൻ അദ്ദേഹത്തിനു സാമാന്യം വലിയ ഒരിടവകയുടെ ഭരണഭാരം ഏല്പിച്ചുകൊടുത്തതു്.

പുതിയ പള്ളിയുടെ പാലനഭാരം ഏറെറടുത്തതുമുതൽ അതിന്റെ നാനാമുഖമായ അഭിവൃദ്ധിയിൽ അദ്ദേഹം ബദ്ധശ്രദ്ധനായി. ശുചിത്വം, ദൈവസ്നേഹമെന്നപോലെ അദ്ദേഹത്തിന്റെ കൂടപ്പിറപ്പായിരുന്നതിനാൽ, കാലിത്തൊഴുത്തുസമാനം കണ്ടു, കഴിയും ചപ്പും ചവറുമായിക്കിടന്നിരുന്ന പള്ളിയകം മുഴുവനും അദ്ദേഹം ആദ്യമായി സിമൻറിടിയിച്ചു വൃത്തിയാക്കി. Zelus domus tuae comedit me: "നിന്റെ വീടിനെക്കുറിച്ചുള്ള ശുഷ്കാന്തി എന്നെ വിഴുങ്ങിക്കളഞ്ഞു" എന്ന സങ്കീർത്തനവാക്യം (68-10) അതിങ്കൽ അദ്ദേഹം അനുസ്മരിച്ചു. അതുവരെ ദേവാലയത്തിൽ വന്നാൽ വല്ലവിധേനയും ചാടിപ്പാഞ്ഞുപോകാൻ ധൃതിപ്പെട്ടിരുന്ന ജനങ്ങൾ അന്നുമുതൽ സ്വല്പം ആരാധനകൂടെ നടത്തിയിട്ടുപോകാം എന്ന മനസ്ഥിതിക്കാരായിത്തീർന്നു. മുതലിറക്കു തുച്ഛം, മുതലെടുപ്പു മെച്ചം!!

പിന്നീടു് അദ്ദേഹത്തിന്റെ ശ്രദ്ധ പതിഞ്ഞതു് അൾത്താരകളിൽ സ്ഥാപിതമായിരുന്ന കൊത്തുരൂപങ്ങളിന്മേലാണു്. ശില്പകല അതിമാത്രം അഭിവൃദ്ധിപ്പെട്ടിട്ടില്ലാത്തകാലത്തു കൊത്തിയുണ്ടാക്കിയിട്ടുള്ളവയായിരുന്നു അവയിൽ മിക്കതും. ശില്പിയുടെ കൈയിൽനിന്നു വിട്ടുപിരിഞ്ഞതിനുമുമ്പു മാത്രമേ അവ ചായം കണ്ടിട്ടുള്ളു. പിന്നീടു് അവയ്ക്കു പത്തും നൂറും കൊല്ലങ്ങളായിട്ടു വല്ല മാററവും വന്നിട്ടുണ്ടെങ്കിൽ അതു് പൊടിപിടിക്കലും മാറാമ്പൽ ചുററലും മാത്രമാണു്. കൈയിൽ കുന്തം പിടിപ്പിച്ചാൽ തോമാശ്ലീഹായും, താക്കോൽ പിടിപ്പിച്ചാൽ പത്രോസ്ശ്ലീഹായും, പുഷ്പിച്ചവടി കൊടുത്താൽ യൗസേപ്പിതാവും, കുരിശുപിടിപ്പിച്ചാൽ ബെനദിക്തോസ് പുണ്യവാനും എന്നുവേണ്ട എന്തും ഇണക്കിക്കൊടുത്താൽ ഏതു പുണ്യവാനുമായി കരുതപ്പെടത്തക്കവയായിരുന്നു അവയിൽ പലതും.

നമ്മുടെ പുതിയ ബ. വികാരിയച്ചനു ശില്പകലയിലെന്നല്ല മിക്ക സുകുമാരകലകളിലും സ്വല്പം വാസനയുള്ളതുകൊണ്ടു് ഭക്തിക്കും ശക്തിക്കും യുക്തിക്കും ചേരുന്നവിധം അവയെ പരിഷ്കരിക്കണമെന്നുള്ള വിചാരം മുന്നിട്ടുനിന്നു. അർദ്ധഗോളങ്ങൾപോലെ തുടിച്ചു നില്ക്കുന്ന അവയുടെ അപ്രകൃതമായ മുഖഭാവമൊന്നു മാററി പ്രാകൃതികവും ഭക്തിദ്യോതകവുമാംവണ്ണം കാലവിളംബമെന്യേ പരിഷ്കരിക്കേണ്ടതാണെന്നു് ഇടവകക്കാരിൽ ചിലരോടു് അദ്ദേഹം പറഞ്ഞു. ചിലർ കാര്യഗ്രഹണമുണ്ടായതുമൂലം വികാരിയച്ചന്റെ അഭിപ്രായത്തോടു പൂർണ്ണമായി യോജിച്ചു. മററു ചിലരാകട്ടെ തല്ക്കാലം ഒത്തുമൂളി.

ക്രാസ്, ക്രാസ് (നാളെ, നാളെ) എന്നു കരയാറുള്ള കാക്കകളുടെ സ്വരം ചെവിക്കൊള്ളാതെ "നുങ്ക്, നുങ്ക്" (ഇപ്പോൾ, ഇപ്പോൾ) എന്നു കരയുന്ന മാടപ്രാവിന്റെ സ്വരം ശ്രവിച്ചു മഴങ്ങിയിട്ടുള്ള ബ. വികാരിയച്ചൻ താമസമെന്യേ വിദഗ്ദ്ധനായ ഒരു ശില്പിയെ വരുത്തി കാര്യമെല്ലാം ധരിപ്പിച്ചു. പള്ളിയുടെ മദ്ധ്യസ്ഥനായ സെൻറു ജോർജ്ജിന്റെ പ്രതിമയാണു് ആദ്യം ശരിയാക്കാൻ ഓർഡർ കൊടുത്തതു്.

പുതിയ വികാരിയച്ചൻ സ്ഥലം മാറിവന്ന സമയം സ്ഥലത്തില്ലായിരുന്ന ഒരു എസ്റ്റേററു കൺട്രാക്ടർ, തനിക്കു ലഭിച്ചിരുന്ന വിശേഷാനുഗ്രഹങ്ങൾക്കു നന്ദിയായി, സ്വന്തം ഇടവകയുടെ മദ്ധ്യസ്ഥനും, തന്റെ നാമഹേതുകനുമായ വി. ജോർജ്ജിന്റെ ഒരു സ്വരൂപം ഉണ്ടാക്കിച്ചു പള്ളിക്കു ദാനം ചെയ്യണമെന്നു നേർന്നിരുന്നതു് അധികമാരും അറിഞ്ഞിരിക്കയില്ല. അടുത്തു് അയാൾ വീട്ടിൽ വന്നിരുന്നപ്പോൾ കേട്ടു പുരാതനമായി ആ പള്ളിയിൽ ഇരുന്നിരുന്ന പ്രധാനരൂപം ഒന്നു റിവിസൽ ചെയ്തു ഭംഗിയാക്കി സ്ഥാപിക്കാൻ പോകയാണെന്നു്.

കൺട്രാക്ടർ ഉടനെ വികാരിയച്ചന്റെ പക്കൽ ഓടിയെത്തി. സംഗതി ഗ്രഹിച്ചപ്പോൾ അയാൾ പറഞ്ഞു: "ബ. അച്ചാ, നമുക്കു് എല്ലാംകൊണ്ടും കുറവറ്റ ഒരു രൂപം കൂടിയേ കഴിയൂ. വി. യൗസേപ്പിനെ 80, 90 വയസ്സുള്ള ഒരു പടുകിഴവനായും, അദ്ദേഹം കൈയിൽ വഹിച്ചിരിക്കുന്ന ഉണ്ണിയീശോയെ ഒന്നോ ഒന്നരയോ വയസ്സുപ്രായം തോന്നിക്കുന്ന ഒരു കേവലശിശുവായും ചിത്രീകരിച്ചിട്ടുള്ള ചിത്രങ്ങൾ ഞാൻ പലതും കണ്ടിട്ടുണ്ടു്. കഷ്ടിച്ചു പതിന്നാലോ പതിനഞ്ചോ വയസ്സുപ്രായം ചെന്നിരുന്ന പ. ക. മറിയം ഇത്ര വൃദ്ധനായ ഒരാൾക്കു വിവാഹം ചെയ്തുകൊടുക്കപ്പെട്ടു എന്നതിനു യാതൊരു ചരിത്രരേഖയോ പാരമ്പര്യമോ ഇല്ല. ആ നിലയ്ക്കു ആ ചിത്രം കാണികളെ വഴിതെററിക്കുകയായിരിക്കും ചെയ്യുക. ആകയാൽ നാം നിർമ്മിക്കുന്ന രൂപം അതുപോലെ സത്യഭംഗവും യുക്തിഭംഗവും ഉള്ളതായിരിക്കരുതു്. സെൻറു് ജോർജ്ജ് പ്രകൃത്യാ സുമുഖനും, മരണം വരിക്കുമ്പോൾ കേവലം 21 വയസ്സുമാത്രം പ്രായംചെന്ന ഒരു വീരയോദ്ധാവുമായിരുന്നു എന്നാണു ഞാൻ കേട്ടിട്ടുള്ളതു്. ആ വസ്തുതകൾ തികച്ചും സ്ഫുരിക്കുന്നതായിരിക്കണം നാം കൊത്തിക്കുന്ന രൂപം. ഇതെല്ലാം ഞാൻ പറയാതെതന്നെ അച്ചനറിയാമല്ലോ. ഞാൻ അങ്ങനെ പറഞ്ഞുപോയെന്നേയുള്ളു. ബ. അച്ചൻ സദയം ക്ഷമിക്കണം. ഈ വകയെക്കുറിച്ചുള്ള നിർദ്ദേശം കൊടുക്കേണ്ടതു് അച്ചൻ മാത്രമാകുന്നു. ആകെക്കൂടി എനിക്കു പറയാൻ ഇത്രയേ ഉള്ളു. ഭംഗിയായിരിക്കണം; ചരിത്രസത്യത്തിനു യോജിച്ചതായിരിക്കണം. ചെലവു എന്തുവന്നുകൊള്ളട്ടെ. അതു ഞാൻ വഹിച്ചുകൊള്ളാം. അതിനുള്ള കെല്പു പുണ്യവാന്റെ സഹായംകൊണ്ടു എനിക്കു ലഭിച്ചിട്ടുണ്ടു്."

കാര്യങ്ങൾ പറഞ്ഞേൽപ്പിച്ചിട്ടു കൺട്രാക്ടർ പിരിഞ്ഞു. വികാരിയച്ചൻ താമസിയാതെ ശില്പിയെ കണ്ടു. "മുതലപ്പന്റെ വഞ്ചി; മൂന്നു പുത്തൻകൂലി; കുത്തുമ്പോൾ കുത്തും; എത്തുമ്പോൾ എത്തും" എന്ന മട്ടുവിട്ടിട്ടു് ത്വരിതഗതിയിൽ രൂപം ഒന്നു പുത്തനായി ഉണ്ടാക്കണമെന്നു് അദ്ദേഹം ശില്പിയോടാജ്ഞാപിച്ചു. കിട്ടിയ മാതൃകയും നിർദ്ദേശവുമനുസരിച്ചു് അയാൾ സസൂക്ഷ്മം പണിയാരംഭിക്കയും ചെയ്തു.

ഒരു മാസത്തിനകം സ്വരൂപം പൂർത്തിയായി. കൺട്രാക്ടർ വിവരമറിഞ്ഞയുടനെ പരിചിതരെയും സുഹൃത്തുക്കളെയും കൂട്ടിക്കൊണ്ടു സ്ഥലത്തെത്തി. വികാരിയച്ചനുമായി വേണ്ട ആലോചനകൾ നടത്തിയിട്ടു്, സ്വരൂപം സ്വഗൃഹത്തിൽനിന്നു ആഘോഷസമന്വിതം പള്ളിയിലേക്കു കൊണ്ടുവരുന്നതിനുള്ള സകല ഒരുക്കങ്ങളും ചെയ്തു. ഇടവകയിലെ ആബാലവൃദ്ധം ജനങ്ങൾ ബാൻറു്, വാദ്യം, വെടി, പടഹം മുതലായ ആഘോഷങ്ങളോടുകൂടി അകമ്പടി സേവിച്ചു് സ്വരൂപം ദൈവാലയത്തിലേക്കു സംവഹിച്ചു. പഴയ സ്വരൂപം മാററിക്കൊണ്ടു് പുതിയതു പ്രധാന ബലിപീഠത്തിൽ സ്ഥാപിച്ചു. തുടർന്നുണ്ടായ തിരുനാൾ കൺട്രാക്ടർ തന്നെ കേമമായി കൊണ്ടാടി. ജനങ്ങൾക്കെല്ലാം ഭക്തിയും തൃപ്തിയും ജനിച്ചു. കൺട്രാക്ടർ കൃതകൃത്യനായി, സന്തുഷ്ടമാനസനായി മടങ്ങിപ്പോകയും ചെയ്തു.

ആദ്യം സ്ഥാപിതമായിരുന്ന ആ പഴയ രൂപത്തെപ്പററി പിന്നീടു അധികമാരും ഒന്നും അന്വേഷിച്ചില്ല. ആണ്ടുവട്ടത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം ആവശ്യമായി വരുന്ന സ്വരൂപങ്ങൾ സൂക്ഷിക്കപ്പെട്ടിരുന്ന മുറിയിലേക്കു—"പുണ്യവാന്മാരുടെ ഒരമ്പാട്ടുമുറി" എന്നു പിള്ളേർ തമാശായി പറഞ്ഞിരുന്ന മുറിയിലേക്കു— അതു മാററപ്പെട്ടു. സുമാർ രണ്ടുകൊല്ലം അതു് വായു കയറാത്ത ആ ഇരുട്ടുമുറിയിൽ പൊടിപിടിച്ചു വിശ്രമിച്ചു.

ഇങ്ങനെയിരിക്കെ ഒരു ദിവസം കുറെ അകലെനിന്നു മറെറാരു വികാരിയച്ചൻ ബ. ജോർജ്ജച്ചന്റെ അതിഥിയായി വരികയുണ്ടായി. തന്നോടൊപ്പം പട്ടമേററ മററു വൈദികർ മികച്ച ഇടവകകൾ ഭരിക്കവേ, അലകും പിടിയും പോയ ഒരു പള്ളിയാണു് ഭാഗ്യവശാലോ നിർഭാഗ്യവശാലോ തന്റെ ഭരണത്തിനു കിട്ടിയിരിക്കുന്നതെന്നും, അവിടെ മുതലെടുപ്പിനെക്കാൾ കൂടുതൽ ചിലവെടുപ്പാണെന്നും, ആ ചിലവെടുപ്പിൽ ആദ്യമുണ്ടായിരുന്ന ഒരു രൂപം നാമാവശേഷമായിപ്പോയെന്നും, മുതലെടുപ്പു പരിമിതമായതുകൊണ്ടു് ചിലവെടുപ്പു പരിഹരിക്കാൻ നിർവാഹമില്ലെന്നും, ആകയാൽ തല്ക്കാലം ഉപയോഗമില്ലാതിരിക്കുന്ന ആ പഴയ രൂപം തന്റെ പള്ളിക്കു ദാനം ചെയ്യുന്നപക്ഷം താൻ അതീവ കൃതജ്ഞനായിരിക്കുമെന്നും അതിഥി സംസാരമദ്ധ്യേ ബ. ജോർജ്ജച്ചനെ അറിയിച്ചു. "ഉള്ള പള്ളിക്കാർ കഴിവനുസരിച്ചു എന്തെങ്കിലും ഇല്ലാത്ത പള്ളികൾക്കു നല്കേണ്ടതാണു്" എന്ന രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശമുള്ളതിനുപുറമെ ഈദൃശസംഭാവനകൾ വാങ്ങുവാനുള്ള പ്രത്യേകാനുമതിയും താൻ വാങ്ങിയിട്ടുണ്ടെന്നു ആഗതൻ ധരിപ്പിച്ചു.

എന്തിനും പ്രതിബന്ധികളായിട്ടു ചില ദുർവ്വാസാവുകൾ എവിടെയും ഉണ്ടായേക്കാം എന്ന വാസ്തവം ബ. ജോർജ്ജച്ചൻ അനുസ്മരിക്കാതിരുന്നില്ല. എങ്കിലും ഉപയോഗമില്ലാതിരിക്കുന്ന ആ രൂപം ഇങ്ങനെയുള്ള ഒരു നിർദ്ധന ദൈവാലയത്തിനു സംഭാവന ചെയ്യുന്നതു നിമിത്തം ആരും തിന്ന ചോറു ദഹിക്കാതിരിക്കാൻ പോകുന്നില്ല എന്ന ധാരണയിൽ അദ്ദേഹം ഉറച്ചുനിന്നു. ഭരണകാര്യത്തിൽ തന്റെ നിയമാനുസൃതസഹകാരികളായ കൈസ്ഥാനക്കാരുമായി ആലോചിച്ചിട്ടു് ആ പഴയ രൂപം അദ്ദേഹം സസന്തോഷം ആഗതനു് ഏല്പിച്ചുകൊടുത്തു. പിച്ചപ്പാളക്കാരൻ ഇച്ഛാനുസൃതം മെച്ചക്കാരിൽനിന്നു കിട്ടിയ ഉദാരമായ സംഭാവനയുംകൊണ്ടു ഉച്ചയോടുകൂടി കൊച്ചച്ചനൊന്നിച്ചു സ്ഥലംവിടുകയും ചെയ്തു.

ഏതാനും ദിവസങ്ങൾ കഴിഞ്ഞതേയുള്ളു; നീതിപൂർവ്വകമായും അല്ലാതെയും സ്വകാര്യസാധ്യത്തിനുവേണ്ടി വികാരിയച്ചന്റെ പക്കൽ പാറിക്കൂടാറുള്ള "ഒത്തുമൂളികൾ" അവസരത്തിനൊത്തവണ്ണം മനസ്സുമാറിയതുകൊണ്ടോ എന്തോ, ഈ വാർത്ത ഇടവകയിലെ മാമൂൽക്കാരായ ഏതാനും വയസ്സന്മാരുടെ ചെവിയിൽ കാട്ടുതീപോലെ പടർന്നെത്തി. രണ്ടററത്തും പാറിനിന്നു്, "ഞാനൊന്നുമറിഞ്ഞില്ല നാരായണാ" എന്ന മട്ടിൽ, സ്വന്തം കാര്യം കാണാൻ ഒത്തുമൂളികൾക്കുള്ള വൈഭവം പ്രസിദ്ധമാണല്ലോ.

തങ്ങളുടെ അറിവോ സമ്മതിയോ കൂടാതെ ഇടവകയിൽ യാതൊന്നും നടന്നുകൂടാ എന്നു സ്വയം ധരിച്ചുവച്ചി

രിക്കുന്ന ഈ പ്രധാനികളിൽ ചിലർ "കേട്ടപാതി കേൾക്കാത്തപാതി" നട്ടെല്ലും വിട്ടുപാളയുമെടുത്തു് വെവ്വേറെ വിശയോറികൊണ്ടു പള്ളിമേടംവിനെ ലക്ഷ്യമാക്കി പുറപ്പെട്ടു. വരുന്നവഴിക്കു ക്ഷോഭാവസ്ഥയിൽ പലതും പുലമ്പി. അങ്കണത്തിൽ കൈകൂപ്പി ആശാൻ തട്ടിവിട്ടു: "ക...ക...കൂ...കമ്പംഴി, ഞങ്ങൾ ഒഴിഞ്ഞിച്ചു കെപ്പോനം നോക്കിയിരിക്കുന്നില്ല പണ്ടു്? അങ്ങു് ഇങ്ങനെ വല്ലതും നഴന്നിട്ടുണ്ടോ? നഴക്കാൻ നമ്മൾ അനുവദിച്ചിട്ടുണ്ടോ? ഇന്നു് എന്താണീ കാണുന്നതു്? കേട്ടപ്പോഴും കേഴിമില്ലുന്നായിരിക്കയല്ലേ? നമ്മുടെ ആ അടിസ്ഥാനത്രപത്തിന്മേലല്ലേ അങ്ങു് കൈവച്ചതു്? അങ്ങയുടെ തത്തിന്റെ വീട്ടിൽ കൊണ്ടുവന്ന മുതല് വല്ലതുമാണോ അതു്? നമ്മൾ കാണുമാറായിട്ടു ഉണ്ടാക്കിവെച്ചിട്ടുള്ളതല്ലേ? കണ്ണടച്ചങ്ങു് എടുത്തുകൊടുക്കാൻ അങ്ങേയ്ക്കെന്തധികാരമുണ്ടായി; ഇല്ലേ? ഇതിനു ഞങ്ങൾ ചരിച്ചുകൊടുത്ത ആ "എമ്പോക്കി"കളെയും വെറുതെവിട്ടുകൂടാ. ഇതിനു തക്കതായ സമാധാനം ചെയ്തിട്ടേ നാം അടങ്ങുവു."

അച്ചൻ ഏറ്റുപിടിച്ചു: "അതുതന്നെയാണെനാനേ ഞാനും പറഞ്ഞതു്. അദ്ദേഹം വളരെ ചെറുപ്പമല്ലേ? കാര്യം വല്ലതും അദ്ദേഹത്തിനറിയാമോ? ശ്രദ്ധ ഇതാരെയങ്കിൽ നാളെ പള്ളിയും കൂടി വല്ലവർക്കും പൊളിച്ചുകൊടുക്കയില്ലേ എന്നാരറിഞ്ഞു; ഇതിനൊരു സമാധാനം ഉണ്ടാക്കിട്ടുതന്നെ നമുക്കു പിരിയാവു. അല്ലെങ്കിൽ ശേഷംപേരോടും കൂടി ഒരു വഴക്കു ചോദിക്കാമായിരുന്നില്ലേ?"

ഓരോരുത്തർക്കും പറയാനുള്ളതു പറഞ്ഞുതീരുംമുമ്പേതന്നെ അവർ പള്ളിമേടയിലേക്കു ഞൊടിയനടന്നു. അച്ചനെ തിരക്കി. അച്ചൻ പള്ളിയകത്തു നമസ്കരിക്കയാണു്. കാണുമാറ് സ്വല്പം താമസമുണ്ടെന്നു മനസ്സിലായി. ഇതിനിടയിൽ അവർ സ്വല്പം അകലെ മാറിനിന്നു് അച്ചനോടു സംസാരിക്കേണ്ട വിധത്തെക്കുറിച്ചു രഹസ്യമായി ആലോചന ചെയ്തുതുടങ്ങി. മറ്റൊരുവിശേഷവും എന്തോ കാര്യം പ്രമാണിച്ചു അച്ചനെ കാണാൻവേണ്ടി വന്ന കുഞ്ഞുനീലിപ്പെണ്ണു്. ഇവരുടെ അടക്കമില്ലാത്ത വർത്തമാനത്തിൽനിന്നു് ഞങ്ങളുടെ ആവലാതിയും ആശമനോഭേദശ്യവും എന്തെന്നു ഏകദേശം അവൾക്കു മനസ്സിലായി. അവൾ നിഷ്പക്ഷനിലയിൽ ഏതാണ്ടെല്ലാം ചിലതു പറഞ്ഞുതുടങ്ങി. എന്നാൽ കട്ടക്കാരൻ പ്രിയനായ കൈപ്പാരി ആശാനു അതിൽ വലിയ കൈപ്പുതോന്നിയതുകൊണ്ടു് ഇടയിൽ ചാടിവീണു തടഞ്ഞു മറ്റു ചിലരാകട്ടെ, കാരിപ്രായം കേൾക്കുന്നതുകൊണ്ടു നമുക്കു ദോഷമൊന്നും വരാനില്ല. കൊള്ളണമെങ്കിൽ കൊള്ളാം. തള്ളണമെങ്കിൽ തള്ളാം എന്ന നിലയല്ലേ അതിനുള്ള എന്നു പറഞ്ഞതനുസരിച്ചു അവൾ തുടർന്നു:

"ഓരോരോ സ്ഥാനങ്ങളിലും ഓരോരുത്തർക്കും ഓരോ അധികാരങ്ങളുണ്ടു്. കുടുംബനാഥകളെന്ന നിലയിൽ നമുക്കുമുണ്ടു്. അതിൽ മറ്റാരും കൈകടത്താൻ നാം ഇഷ്ടപ്പെടുന്നില്ല. അതുതന്നെയാണു് ഒരു വികാരിയുടെയും നില. പള്ളിയെക്കുറിച്ചും മറ്റും ശരിയായി പഠിക്കയും, തിരുസഭയുടെ പാരമ്പര്യം മേലധികാരികൾക്കു ബോധ്യമാക്കുകയും ചെയ്യുന്ന വൈദികരെ മാത്രമാണു് വികാരിമാരായി നിയമിക്കാറു്. നിയമാനുസൃതം അവർക്കു സഹകാരികളായി നല്കപ്പെട്ടിരിക്കുന്നവരുമായി ആലോചിച്ചുശേഷം അവർ ഓരോന്നും ചെയ്യും. അല്ലാതെ, നിങ്ങളുടെ ഈ കാര്യത്തിൽ വികാരിയച്ചൻ ഓരോ വീട്ടിലും നടന്നു് "ചോദിച്ചു നമ്മുടെ ആ പഴയ തിവർഗ്ഗീസുപുണ്യവാളന്റെ രൂപം വേറൊരു പള്ളിക്കു കൊടുക്കട്ടേ?" എന്നു അനുവാദം ചോദിച്ചു സമ്മതം മേടിച്ചിട്ടു വേണോ അതു കൊടുക്കാൻ. ഇല്ലാത്തവർക്കു കഴിവുള്ളതു കൊടുക്കുന്നതു ഒരു ക്രിസ്തീയ ഉപവിപ്രവൃത്തിയല്ലേ? ക്രിസ്തുനാഥന്റെ ഉപദേശങ്ങൾ പാലിപ്പിക്കുവാനും നടപ്പിൽ വരുത്തുവാനുമായി വന്നിരിക്കുന്ന വൈദികൻ അതു ചെയ്തതു തെറ്റായിപ്പോയി എന്നു നിങ്ങൾ വിധിക്കയും, പ്രക്ഷോഭണം നടത്തി മറ്റുള്ളവർക്കു ഉതപ്പുകൊടുക്കയും ചെയ്യുന്നുവെങ്കിൽ അതുമൂലം നിങ്ങൾക്കുതന്നെയാണു് ദോഷം വിചയിട്ടിപു സംഭവിക്കുന്നതു്. ആകയാൽ ഇതെപ്പറ്റി വികാരിയച്ചനോടു ക്ഷമാപണംപോലും സംസാരിക്കാതെ സ്വഭവനങ്ങളിലേക്കു മടങ്ങിപ്പോകുകയാണു് ഉത്തമം എന്നു എനിക്കു തോന്നുന്നു. പിന്നെ എല്ലാം നിങ്ങളുടെ ഇഷ്ടംപോലെ."

"അതു ഞങ്ങളുടെ കാരണവന്മാർ ഉണ്ടാക്കിയതാ; തനിക്കു അതിന്റെ ഉള്ളറിയാമേലാഞ്ഞിട്ടു, പോട്ടെ, കാന്താരെ, സമയമില്ല എന്നൊക്കെ പറയുന്നതു്"—കൈപ്പാരിയാശാൻ മുറുമുറുത്തുകൊണ്ടു തട്ടിവിട്ടു.

ശേഷം പ്രമാണികൾക്കു വിദേശിയുടെ ഈ ഉപദേശം രക്ഷാകരമായി തോന്നി.

"ഇനിയും ഞാനൊന്നു പറഞ്ഞേക്കാം" വിദേശി തുടർന്നു. "നിങ്ങൾ ഞാനിപ്പറയുന്ന കാര്യങ്ങൾ വിസ്മരിച്ചിട്ടു ഇടവകക്കാരായ മറ്റുള്ളവരോടു ഇതെപ്പറ്റി ആലോചിക്കാൻ പോകയാണെങ്കിൽ സംഗതി ആകപ്പാടെ കുഴയും; കൂടുതൽ വഷളാകും. അവർക്കുണ്ടോ പള്ളിക്കാര്യത്തെപ്പറ്റി വല്ല പിടിയും? ഒരു കാര്യത്തിൽ അജ്ഞരായിരിക്കുന്നവർ മറ്റുള്ളവർക്കു എന്തു പ്രകാശം പ്രദാനംചെയ്യാൻ പോകുന്നു. "കേൾക്കാം കമ്പാരി, അതുതന്നെയാണു ഞാനും പറയുന്നതു്" എന്നു പറഞ്ഞു നിങ്ങളുടെ അബദ്ധാഭിപ്രായത്തോടു അവരും യോജിച്ചേക്കാം. അന്ധമായ പ്രക്ഷോഭണത്തിനും കോപ്പുകൂട്ടിയേക്കാം. അതുമൂലം ഉള്ള അറിവില്ലാത്ത ജനങ്ങളെ കൂട്ടുപിടിച്ചു കാര്യം നേരെയാക്കാമെന്നു വിചാരിക്കുന്നതിൽ ഭേദം കാറും ചെയ്തു വെന്നു കരുതപ്പെടുന്ന വികാരിയുടെ മേലാവായ മെത്രാനെ സമീപിക്കുകതന്നെയാണു്. പള്ളിക്കാര്യങ്ങളറിയാവുന്ന ആ വിധിയാളൻ അതിനു തക്കതായ തീരുമാനം ചെയ്തുകൊള്ളും. നിങ്ങളുടെ വാദം കഴമ്പുള്ളതെങ്കിൽ അദ്ദേഹത്തിന്റെ വിധിത്തീർപ്പിൽ നിങ്ങൾക്കു വിജയം നേടുകയു ചെയ്യാം."

ഇതുകൂടിയായപ്പോൾ മാമൂൽപ്രമാണികളിൽതന്നെ ഒരു ഭേദതിരിവുണ്ടായി. ഏതാനുംപേർ വിദേശിയുടെ ഉപദേശത്തിൽ സംതൃപ്തരായി നന്ദിപറഞ്ഞുകൊണ്ടു ഒരുവഴിക്കും, മറ്റുള്ളവർ "ഇന്നുതന്നെ ഇതെപ്പറ്റി ഒരു തീരുമാനം അരമനക്കച്ചേരിയിൽ കൊടുത്തിട്ടേ ഞങ്ങൾ വിശ്രമിക്കൂ" എന്നു പറഞ്ഞുകൊണ്ടു മറ്റൊരുവഴിക്കും പോയി.

## ഇടവകവാർത്തകൾ

മാള ഇടവകയിലെ സെന്റ് വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 9-ാം തീയതി ഉച്ചതിരിഞ്ഞു 4 മണിക്കു് പള്ളിയങ്കണത്തിൽവച്ചു് ബ്രദർ പീറ്റർ പെസ്സിയുടെ ഒരു പ്രസംഗമുണ്ടായിരിക്കുന്നതാണെന്നറിയുന്നു.

—പ്ലാശനാൽ ഇടവകയിലെ സൺഡേസ്കൂൾ വാർഷികയോഗം ജൂൺ 25-ാംനു- റവ. ഫാ. മാണി സെബാസ്റ്റ്യൻ ബി എ എൽ ടി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. മി. വി വി. ജോസഫ് ബി എ. ഒരു പ്രസംഗം ചെയ്തു. വിശുദ്ധവത്സരതീർത്ഥാടനം കഴിഞ്ഞു മടങ്ങിയെത്തിയ സ്ഥലം വികാരി ബ. ഞാവള്ളിൽ ചാണ്ടിയച്ചൻ തന്റെ യാത്രാവിശേഷങ്ങൾ വിവരിച്ചു കേൾപ്പിക്കുകയുണ്ടായി.

—എറണാകുളം, സെന്റ് ജേറിസ് സി വൈ എം എയുടെ 26-ാമത്തെ വാർഷികസമ്മേളനം മാർത്തോമ്മാശ്ലീഹായുടെ ദുക്റാനാതിരുനാളിനോടനുബന്ധിച്ചു് ജൂലൈ 3-ാംനു- ഡോക്ടർ പി. ജെ. തോമസ് അവർകളുടെ അദ്ധ്യക്ഷതയിൽ സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ ഹാളിൽവച്ചു നടത്തപ്പെട്ടിരിക്കുന്നു. ശ്രീ ഇ. പി. ഐസക് ബി എ എൽ ടി തദവസരത്തിൽ ഒരു പ്രസംഗം ചെയ്യുകയുണ്ടായി.

—ഒല്ലൂർ എം സി എ സ് എന്റെ 2-ാം വാർഷികവും ലിറ്ററേഷ്യധികാരിയെ റവ ഡോ. പോൾ കാക്കശ്ശേരി അവർകളുടെ നാമഹേതുകദിനവും ജൂലൈ 2-ാംനു- ആഘോഷിച്ചിരിക്കുന്നു. അദ്ധ്യക്ഷൻ ഫാ. കാക്കശ്ശേരിക്കു് മംഗളങ്ങൾ ആശംസിച്ചുകൊണ്ടു് ശ്രീ എ. ജെ. ഫ്രാൻസിസ് ഒരു ഉപന്യാസം ചെയ്തു. അനന്തരം ലീഗ് സെക്രട്ടറി റിപ്പോർട്ടു വായിച്ചു. അതിൽ കഴിഞ്ഞ വർഷം ബുക്സ്റ്റാളിൽനിന്നു 3160 ക. യുടെ കത്തോലിക്കാ പുസ്തകങ്ങളും പത്രമാസികകളും വില്പന നടത്തിട്ടുണ്ടെന്നും സംഭാവനപ്രദേശനത്തിൽ പിരിഞ്ഞുകിട്ടിയ 550 ക. സാധുക്കളുടെ ഇടയിൽ വിതരണം ചെയ്തുവെന്നും പ്രത്യേകം ചൂണ്ടിക്കാണിച്ചിരുന്നു. തുടർന്നു് പൂവുക്കാട്ടു് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ മി. എ. വി. ആന്റണി ബി എ ബി ടി, ഒല്ലൂർ ഹൈസ്കൂൾ അദ്ധ്യാപകൻ മി. സി. എ. ചേലപ്പൻ ബി എ എന്നിവർ ഓരോ പ്രസംഗം ചെയ്തു. എം സി വൈ എൽ പ്രസിഡണ്ടു് ആയ റവ. ഫാ. കാർട്ടിയുടെ നിർദ്ദേശത്തിൽ അനുശോചനം രേഖപ്പെടുത്തിയശേഷം അദ്ധ്യക്ഷനവർകൾ ഉപസംഹാരപ്രസംഗം നടത്തി. അതിൽ തന്റെ യൂറോപ്യൻ പര്യടനത്തെ സംബന്ധിച്ചു പല വിവരങ്ങളും നൽകുകയുണ്ടായി. ശ്രീ പി. എ. ചാക്കോയുടെ കൃതജ്ഞതാപ്രസംഗത്തോടുകൂടി യോഗം പര്യവസാനിച്ചു.

—പെരിങ്ങഴ കത്തോലിക്കാ കോൺഗ്രസ് ശാഖയുടെയും സോഡാലിറ്റിയുടെയും ആഭിമുഖ്യത്തിൽ മാർത്തോമ്മാദിനം ആഘോഷിച്ചിരിക്കുന്നു. ബ. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ നടത്തിയ പൊതുയോഗത്തിൽ ശ്രീമതി പി. എസ്. ഏലി, ശ്രീ കെ. എം. ചാക്കോ എന്നിവർ പ്രസംഗിച്ചു.

## ശ്രീ പി എൽ മാത്യു നിര്യാതനായി

എറണാകുളത്തെ ഒരു പ്രമുഖ പൗരനും ചൂളയ്ക്കൽ പുത്തൻവീട്ടിൽ കുടുംബാംഗവുമായിരുന്ന ശ്രീ പി. എൽ. മാത്യു ബി. എ. ബി. എൽ. ജൂലൈ



2-ാംനു- എറണാകുളം ജനറലാശുപത്രിയിൽവച്ചു് നിര്യാതനായവിവരം വ്യസനസമേതം രേഖപ്പെടുത്തിക്കൊള്ളുന്നു. ശവസംസ്കാരം അന്നു വൈകുന്നേരം എറണാകുളം അതിരൂപതാവികാരി ജനറാൾ മോൺ റവ ജോൺ. മാമ്പോത്തനാമുഴി അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. റവ. ഫാ. മാത്യു മങ്കുഴിക്കരി ചരമപ്രസംഗം നടത്തി. എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽവച്ചു മോൺസ്റ്റ് റവ. ഡോക്ടർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനി പരേതന്റെ ആത്മാനുകൂലത്തിനു ചെറിയ ഒപ്പീസ് നടത്തുകയുണ്ടായി. വീട്ടിൽവച്ചു വരാപ്പുഴ അതിരൂപതാ വികാരി ജനറാൾ ലത്തീനിലും ഒപ്പീസു നടത്തിയ കാര്യം പ്രസ്താവ്യമാണു്. R. I. P.

കർമ്മലീത്താശ്രമത്തിൽ

## നാല്പതുമണിയാരാധന

എറണാകുളം-വി. ത്രേസ്യായുടെ ആശ്രമദേവാലയത്തിൽ ജൂലൈ 13, 14, 15 എന്നി തീയതികളിൽ നാല്പതുമണിയാരാധന നടത്തപ്പെടുന്നതാണു്. കർമ്മലമാതാവിന്റെ തിരുനാൾ സംബന്ധിച്ചു നവനാൾ ജൂലൈ 7-ാംനു- ആരംഭിക്കുന്നതാണു് 5 ദിവസത്തെ ധ്യാനപ്രസംഗങ്ങൾ ഉണ്ടായിരിക്കുന്നതായിരിക്കും. ജൂലൈ 16-ാംനു- വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് പൊന്തിഫിക്കൽ കുർബാന അർപ്പിക്കുകയും ചെയ്യും.

## കൊച്ചി തിരുവിതാംകൂർ വാർത്തകൾ

ട്രാൻസ്പോർട്ടു് വകുപ്പുവക വാഹനങ്ങൾ ഓടുന്ന ഓരോ മൈലിനും നാലു രൂപ വീതം പൊതുമരാമത്തു വകുപ്പിനു നല്കുന്നതാണെന്നും അങ്ങനെ വർഷംതോറും ലഭിക്കുന്ന 10 ലക്ഷം ക. റോഡു നിർമ്മാണത്തിനും സംരക്ഷണത്തിനുമായി ഉപയോഗിക്കുന്നതാണെന്നും പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

—തിരു-കൊച്ചി പാർലിമെന്ററി പാർട്ടി ജൂലൈ 1-ാംനു- ആലപ്പുഴ കൊട്ടാരത്തിൽ സമ്മേളിച്ചു് അടുത്തവർഷത്തെ എക്സിക്യൂട്ടീവു് കമ്മിറ്റിയെ തിരഞ്ഞെടുത്തിരിക്കുന്നു. ലീഡറായി ശ്രീ ടി. കെ. നാരായണപിള്ള തന്നെയാണു് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു്. ഡെപ്യൂട്ടി ലീഡറായി ശ്രീ കെ. അയ്യപ്പനും സെക്രട്ടറിയായി ശ്രീ പി. ടി. ചാക്കോയും ജോയന്റ് സെക്രട്ടറിയായി മി. കൃഷ്ണൻകുട്ടിമേനോനും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ചീഫ് വിപ്പ് ശ്രീ ആർ അച്ചുതനും, വിപ്പുമാർ മെ. അബ്ദുൾ അസീസ്, എ എ. തോമസ് എന്നിവരുമാണു്. കമ്മിറ്റിയംഗങ്ങളുടെ പേരുകൾ താഴെ ചേർക്കുന്നു: മെ. ടി. എ. അബ്ദുള്ള, കെ. എം. കോര, ജി. എൻ. നീലകണ്ഠപ്പിള്ള വി. ഒ. മർക്കോസ്, വി. മാധവൻ, ഇക്കണ്ടവാര്യർ, കേശവൻ ശാസ്ത്രി, സി. എ. ഔസേപ്പ്, ബാലകൃഷ്ണൻതമ്പി, എ പി. ഉദയഭാനു, ചെറിയാൻ കാപ്പൻ, സെബാസ്റ്റ്യൻ തോപ്പിൽ, ശ്രീമതി അക്കാമ്മ ചെറിയാൻ. മി. കെ. ആർ. ഇലങ്കത്തിനെ ട്രഷററായി തിരഞ്ഞെടുത്തിരിക്കുന്നു.

—ട്രാൻസ്പോർട്ടു് ഉപദേശകസമിതിയുടെ ഒരു യോഗം കൂടി, പ്രൈവറ്റ് ബസുകളിൽ 25 ശതമാനം ഓവർലോഡു് അനുവദിക്കുകയും പ്രൈവറ്റ് ബസുകളുടെ ചാർജ്ജിനിരക്കു് മൈലിനു 6 പൈസയായിരുന്നതു് 6½ പൈസയാക്കി വർദ്ധിപ്പിക്കുകയും ട്രാൻസ്പോർട്ടു് ബസിലെ കുറഞ്ഞ ചാർജ്ജ് 2 ണയായിരുന്നതു 3 ണയായി കൂട്ടുകയും ചെയ്തിരിക്കുന്നു.

—ഇപ്പോൾ 8 ഔൺസ് അരിവീതം റേഷൻ നല്കിവരുന്നതു 7 ഔൺസ് അരിയും 2 ഔൺസ് ഗോതമ്പുമാക്കാനിടയുണ്ടെന്നറിയുന്നു.

## വിദേശവാർത്തകൾ

ഉത്തരകൊറിയക്കെതിരായി നടപടി സ്വീകരിക്കണമെന്നൊരു പ്രമേയം ജൂൺ 27-ാംനു- കൂടിയ സെക്യൂരിറ്റി കൗൺസിൽ പാസാക്കുകയുണ്ടായി. തത്സംബന്ധമായി നടന്ന വോട്ടെടുപ്പിൽ ഇൻഡ്യൻ പ്രതിനിധി സംബന്ധിക്കയുണ്ടായില്ലെങ്കിലും പ്രസ്തുത പ്രമേയത്തെ ഇൻഡ്യ അംഗീകരിക്കുന്നതായി ജൂൺ 29-ാംനു- പ്രഖ്യാപിച്ചിരിക്കുന്നു. എന്നാൽ പ്രമേയം സ്വീകരിച്ചതുകൊണ്ടു് ഇൻഡ്യയുടെ വിദേശനയത്തിൽ യാതൊരു ഭേദഗതിയും വരുന്നില്ലെന്നും ഇനിയും തർക്കങ്ങൾ മദ്ധ്യസ്ഥതവഴി തീരുമാനിക്കപ്പാരും കൊറിയയിലെ യുദ്ധം അവസാനിപ്പിക്കുവാനും സാദ്ധ്യമാണെന്നു ഇൻഡ്യാഗവൺമെന്റു് ആത്മാർത്ഥമായി വിശ്വസിക്കുന്നുണ്ടെന്നും പ്രഖ്യാപനത്തിൽ തുടർന്നു പറഞ്ഞിരിക്കുന്നു.

കൊറിയൻ യുദ്ധം രൂക്ഷതരമായിത്തന്നെ തുടർന്നുവരുന്നു. ദക്ഷിണകൊറിയയുടെ തലസ്ഥാനമായ സിയോൾ എതിർപക്ഷക്കാർ കീഴടക്കി. അതിനു 25 മൈൽ തെക്കുള്ള സ്യൂവാണിന്റെ കിഴക്കുഭാഗം ഉത്തരകൊറിയൻ സൈന്യങ്ങൾ കൈവശപ്പെടുത്തുവാൻ ശ്രമം ചെയ്തുവരുന്നതായി മക്കാർതറിന്റെ കേന്ദ്രത്തിൽനിന്നും പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു പ്രസ്താവനയിൽ പറയുന്നു.

പ്രഹസനം

# ശില്പി

(ജി. സി. ടീച്ചർ)

അങ്കം 4

## ഗൂഢസംഘം

രംഗം 1

(മുകുന്ദൻ തലമുടി വലിച്ചുപറിച്ചുകൊണ്ടു് അങ്ങോട്ടും ഇങ്ങോട്ടും ഓടുന്നു. വലിയ നിരാശയുടെ ലക്ഷണം മുഖത്തു്.)

മുകുന്ദൻ: ഭഗവാനേ, ഇനി ജീവിച്ചിരുന്നിട്ടു കാര്യമില്ല. ആ ശില്പി—അമ്പടാ അവൻ എന്നെ പരാജിതനാക്കി. അയ്യോ—എനിക്കു സഹിക്കാൻ വയ്യാ (വയറേൽ പിടിച്ചുകൊണ്ടു) അയ്യോ എന്റെ കുടലെരിയുന്നു—ഞാൻ എന്താണു ചെയ്യുക—കിണററിൽ ചാടി ചാകയോ — കെട്ടിത്തൂങ്ങിച്ചാകയോ? ആ ക്രിസ്ത്യാനിപ്പിശാചുക്കളുടെ കാര്യം ഓർക്കുമ്പോൾ—അയ്യോ—ഇങ്ങനെ തല്ലി കൊല്ലാൻ തോന്നിപ്പോകുന്നു. (ആകാശത്തിൽ അടിക്കുന്നു. കണ്ണുകൾ തുറിച്ചിരിക്കുന്നു.)—അമ്പോ ആ ഫെറോ ഫോറസു രാജാവുപോലും അവന്റെ കക്ഷിയായിത്തീർന്നല്ലോ— ഇത്രനാളും രാജ്യത്തു പ്രമുഖന്മാരായി ജീവിച്ചിരുന്ന ഞങ്ങൾ—ആ—ഞങ്ങൾ ഇന്നിതാ പുറംതള്ളപ്പെട്ടിരിക്കുന്നു; ഇതെങ്ങനെ സഹിക്കും. ദേവന്മാരേ, ദേവികളേ, നിങ്ങൾ പറയിൻ—ഇതെങ്ങനെ സഹിക്കും...(കുത്തുകത്തി നിവർക്കുന്നു) ഹാ... ചാകതന്നെ. ഈ കത്തിയുടെ മുന എന്റെ ചങ്കിലിറങ്ങട്ടെ—എന്റെ വേദന അവസാനിക്കട്ടെ. (കുത്താൻ തുടങ്ങുന്നു. മഞ്ചുവള്ളി പുറകിൽക്കൂടിവന്നു കത്തി തട്ടി ദൂരെ എറിയുന്നു.)

മഞ്ചുവള്ളി: ഇതെന്താണു മുകുന്ദൻ! ഈ പരാക്രമം എന്തിനു്! അല്പം താമസിച്ചിരുന്നെങ്കിൽ ഞാൻ പ്രേതംകാണേണ്ടിവരുമായിരുന്നല്ലോ.

മുകു: എന്നോടൊന്നും പറയേണ്ട. എനിക്കു ഇനി ജീവിച്ചിരിക്കണമെന്നില്ല.

മഞ്ചു: എന്തുപററി, ഇത്ര വിരക്തി ഉണ്ടാകാൻ.

മുകു: ആ ക്രിസ്ത്യാനികൾ; അവരുടെ വർദ്ധനവു കാണുമ്പോൾ, പെരുഞ്ചാഴിപോലെ അവർ വർദ്ധിക്കുന്നതു കാണുമ്പോൾ ഒരു സമുദായസ്നേഹിക്കു് എങ്ങനെ ഉറക്കംവരും. അവർ രാജകൊട്ടാരത്തിലും കയറിപ്പററിയിരിക്കുന്നു. വലിയ ഉദ്യോഗങ്ങളും അവർ കൈക്കലാക്കിയിരിക്കുന്നു. രാജ്യത്തെ കൃഷി, വ്യവസായം, പണം, ഇതെല്ലാം, അവർ കൈയടക്കി. ഇനി എന്തിനു നാം ജീവിക്കുന്നു? ഇതൊക്കെ കണ്ടുകൊണ്ടു് ജീവിക്കുന്നതിനെക്കാൾ എന്റെ ഏററുമാനൂരത്തേവാ! കാണാതെ ചാകുന്നതുതന്നെ നല്ലതു്. (ശ്രീധരൻ പ്രവേശിക്കുന്നു.)

ശ്രീധരൻ: ഞാൻ ഒരു വഴിക്കു പോകുകയായിരുന്നു. ഇവിടെ ഒരു ബഹളം കേട്ടുകൊണ്ടാണു് ഞാൻ ഇങ്ങോട്ടു വന്നതു്.

മഞ്ചു: നമ്മുടെ മുകുന്ദനു് പത്തുരൂപാ കൊടുക്കാമെന്നല്ല പറഞ്ഞിരുന്നതു്. എന്നാൽ പത്തു രൂപായ്ക്കുള്ള പണി ഒന്നുമല്ല അയാൾ ചെയ്തതു്. ഞാൻ വരാൻ താമസിച്ചെങ്കിൽ ആളുതന്നെ കുത്തി ചത്തുകളയുമായിരുന്നു.

ശ്രീധ: അതു തമാശതന്നെ. എന്താ? മുകുന്ദന്റെ വിദ്യയൊന്നും പററിയില്ലേ?

മുകു: ആദ്യം അതു കണക്കിനു ഫലിച്ചു. പക്ഷേ രാജാവു പിന്നെയും കക്ഷി മറിഞ്ഞുപോയി. ഇപ്പോൾ ആ ശില്പിയെ അദ്ദേഹം കൂട്ടത്തിലാണു് താമസിപ്പിച്ചിരിക്കുന്നതു്. അയാളുടെ മതം എവിടെയും പ്രസംഗിക്കുവാൻ അനുവാദവും കൊടുത്തുകളഞ്ഞു.

മഞ്ചു: അയാളുടെ പ്രസംഗംകൊണ്ടു് എന്താ പ്രയോജനം? അതിപുരാതനവും വിശിഷ്ടവും ആയ ഹിന്ദുമതത്തെ വെടിഞ്ഞു് അധികമാരും അയാളുടെ കൂടെ കൂടാൻ ഉണ്ടാകുകയില്ലെന്നാണു് എന്റെ വിചാരം.

മുകു: അവിടുത്തേക്കു വളരെ തെററിപ്പോയി. അയാളുടെ ഒരു പ്രസംഗം കഴിയുമ്പോൾ ആയിരക്കണക്കിനാണു് മാർഗ്ഗം കൂടുന്നതു്.

മഞ്ചു: ആയിരക്കണക്കിനു എവിടെയെല്ലാം മാർഗ്ഗംകൂടി?

മുകു: മാലിയങ്കരെ ചെന്നു പ്രസംഗിച്ചു. തിരുവഞ്ചിക്കുളത്തെ രാജകുടുംബവും മൂവായിരം ഹിന്ദുക്കളും നാല്പതു യൂദന്മാരുമാണു് അവിടെ മതം മാറിയതു്.

ശ്രീ: രാജകുടുംബവും മതംമാറിയോ?

മുകു: ഉവ്വുവ്വ്—മഹാകഷ്ടംതന്നെ. അവർ ഗോമാംസം തിന്നുകയായിരുന്നു ഇതിൽ ഭേദം.

മഞ്ചു: പിന്നെ എവിടെയാണു് മതപ്രസംഗം നടത്തിയതു്?

മുകു: കൊല്ലത്തു ചെന്നു് അവിടെ പ്രസംഗിച്ചു. 1400 പേരെ അവിടെ അയാൾക്കു ലഭിച്ചു.

ശ്രീധ: ഇക്കണക്കിനു് രണ്ടു മൂന്നു കൊല്ലംകൊണ്ടു് നമ്മുടെ ദേവന്മാരും ദേവിമാരും പുറങ്കടലിൽ പോകേണ്ടിവരുമല്ലോ.

മുകു: അതോർക്കുമ്പോഴല്ലേ, എനിക്കു സഹിക്കാൻ മേലാത്തതു് എന്റെ തിരുമേനിമാരേ.

മഞ്ചു: ആകട്ടെ, മുകുന്ദൻ ചരിത്രമെല്ലാം പറയൂ. പിന്നത്തെ മതപരിവർത്തനം എവിടെ?

മുകുന്ദൻ: ചായൽ എന്ന സ്ഥലത്തു ചെന്നു് 1100 പേരെ, തൃക്കപാലേശ്വരത്തു ചെന്നു് 200 പേരെ; കോക്കമംഗലത്തു് 1600 പേരെ; കോട്ടക്കാവിൽ 1770 പേരെ, പാലയൂർ 1150 പേരെ, മൈലാപ്പൂരിൽ 7000 പേരെ, മലയാററൂർ 220 പേരെ, ഇങ്ങനെ പോകുന്നു ആ പട്ടിക.

മഞ്ചു: മതി മതി. ഇനി ആ പട്ടിക കേൾക്കണ്ട. ഇനി ജീവിക്കണമെന്നുള്ള ആശയേ ഇല്ലാതായി, ഇതെല്ലാം കേട്ടപ്പോൾ.

ശ്രീധരൻ: വെറുതെയാണോ നമ്മുടെ മുകുന്ദൻ ചാകാൻ തുടങ്ങിയതു്?

മഞ്ചു: ആകട്ടെ, ആ പരദേശിയെ ഇതിൽനിന്നും തടയാൻ ഒരുവഴിയില്ലേ?

ശ്രീധ: എന്താണു വഴി; രാജാവുകൂടി അയാളുടെ ഭാഗത്തായില്ലേ?

മഞ്ചു: ഞാൻ ഒരു കടുത്ത പ്രയോഗമാണുദ്ദേശിക്കുന്നതു്. അയാളുടെ കഥകഴിക്കുകതന്നെ.

മുകുന്ദൻ: കൊള്ളാം കൊള്ളാം, അതുതന്നെ. എന്നാൽ ഞാൻ ഇനി ചാകണമെന്നില്ല. (മുകുന്ദൻ തുള്ളിച്ചാടുന്നു.)

ശ്രീധരൻ: അതും ഒരു വിഷമപ്രശ്നമാണു്. എങ്ങനെയാണു് അയാളെ കൊല്ലുക?

മുകുന്ദൻ: ഒരു കുന്തമെടുത്തു് ഒററ കുത്തു്. കിടന്നിടത്തുനിന്നു പിന്നെ എഴുന്നേല്ക്കയില്ല.

ശ്രീധരൻ: ഒരു മനുഷ്യന്റെനേരെ ചെന്നു് വെറുതെ കുന്തംകൊണ്ടു കുത്തുന്നതെങ്ങനാ?

മഞ്ചു: അതിനൊരു സൂത്രമുണ്ടു് ശ്രീധരൻ. അയാൾ കാളിക്കു പൂജകഴിക്കണമെന്നു പറയണം. അയാൾ അതു ചെയ്യുകയില്ല. ഉടനെ കലഹം ഉണ്ടാക്കാം. അപ്പോൾ കുന്തംകൊണ്ടു കുത്തും നടത്താം.

മുകുന്ദൻ: ഭേഷ്, ഭേഷ്, അതുതന്നെ മഞ്ചുവള്ളിഭഗവാനെ, ഞാൻ ഓർത്തതു്.

മഞ്ചു: എന്നാൽ മുകുന്ദൻതന്നെ ആ വേല ചെയ്യട്ടെ.

മുകുന്ദൻ: ഇതൊക്കെ ചെയ്യുന്നതിനു് അല്പം കാശു മുടക്കണം.

മഞ്ചു: കൊള്ളാം. 33 രൂപാ ഞങ്ങൾ പൊതുജനങ്ങളിൽനിന്നും പിരിച്ചുണ്ടാക്കിത്തന്നേക്കാം, അതു പോരേ?

ശ്രീധര: അതു ധാരാളം മതിയാകും; ഇല്ലേ മുകുന്ദാ?

മുകുന്ദൻ: ഓ—ഞാൻ ഈ പണത്തിനുവേണ്ടിയാണോ ഇങ്ങനെ ജീവിക്കുന്നതു്. നമ്മുടെ സമുദായം ഉയരണം. നമ്മുടെ ജനങ്ങൾ അഭിവൃദ്ധിപ്പെടണം. മറെറല്ലാം നശിക്കണം. ഇതല്ലാതെ എനിക്കു മററു വല്ലതുമുണ്ടോ?

മഞ്ചു: എന്നാൽ പറഞ്ഞതുപോലെ. നമുക്കു പോകാം.

(പോകുന്നു. കർട്ടൻ)

രംഗം 2

(മുകുന്ദൻ) എമ്പ്രാന്മാർ മുതലായവർ ഒരു കാവിന്റെ മുൻപിൽ കൂട്ടംകൂടി നില്ക്കുന്നു. ദൂരെനിന്നും തോമസ് ആവഴി വരുന്നു.)

മുകുന്ദൻ: അതാ വരുന്നു എമ്പ്രാന്മാരേ. അടുത്തോളിൻ.

എമ്പ്രാൻ: (തോമസിനെ തടഞ്ഞിട്ടു്) എടോ താനിപ്പോൾ എവിടേക്കു്?

തോമ: ചിന്നമലയ്ക്കു പോകുന്നു.

എമ്പ്രാൻ: ഏതു മലയ്ക്കുപോയാലും കൊള്ളാം, ഇന്നു ഈ കാവിൽ കാളിപ്പൂജ ചെയ്യാത്തവരെ ഞങ്ങൾ കടത്തിവിടുകയില്ല. അതുകൊണ്ടു ഉടൻ ഭാണ്ഡമിറക്കിവച്ചു് കാവിലേക്കു കയറൂ.

തോമ: നിങ്ങളുടെ കള്ളദേവതയ്ക്കു് പൂജചെയ്യാൻ ഞാൻ തയ്യാറില്ല. സത്യദൈവത്തെമാത്രം ആരാധിക്കുന്നവനാണു ഞാൻ.

മുകു: ഉം—ഏതാടാ നിന്റെ സത്യദൈവം? ഞങ്ങളെല്ലാം ഭോഷന്മാർ; ഈ രാജ്യത്തു ജനിച്ചവരെല്ലാം ഭോഷന്മാർ. നീമാത്രം സത്യം അറിഞ്ഞ ജ്ഞാനി. നിന്റെ ധിക്കാരം ഇന്നവസാനിപ്പിക്കുന്നുണ്ടു്. വേഗം ഭാണ്ഡമിറക്കിവച്ചു് പൂജ ചെയ്യൂ. കദളിപ്പഴവും ഉണക്കലരിയും അവിടെ ഇരിക്കുന്നു.

തോമ: നിങ്ങൾക്കു നിർബന്ധമെങ്കിൽ ഞാൻ പൂജ ചെയ്യാം. പക്ഷേ എന്റെ പൂജ സ്വീകരിക്കുവാൻ കാളി അവിടെ ഇരിക്കയില്ല.

എമ്പ്രാൻ: പിത്തലാട്ടങ്ങൾ വേണ്ടാ. നീ പൂജ ചെയ്യൂ. എന്തുവരുമെന്നു കാണട്ടെ.

തോമ: (വിഗ്രഹത്തെ നോക്കി) സത്യദൈവത്തിൽ വിശ്വസിക്കുന്ന ഞാൻ ദൈവത്തിനുമാത്രമുള്ള പൂജ നിർവ്വഹിക്കുവാൻ പോകുന്നു. നിനക്കതു സ്വീകരിക്കുവാൻ കഴിയുമോ എന്നു പറഞ്ഞാലും.

കാളി: (അട്ടഹസിച്ചുകൊണ്ടു്) ഓഹോ ഞങ്ങൾക്കു നിന്റെ പൂജ വേണ്ടാ. നീ ഞങ്ങളെ ഇവിടെനിന്നും ഓടിക്കരുതു്. നീ വേഗം ഇവിടെനിന്നും പോകുക.

എമ്പ്രാൻ: ഇതെന്താണു നാം കേട്ടതു്?

മുകുന്ദൻ: അതെല്ലാം അവന്റെ മന്ത്രമാണു്. ഇതുകൊണ്ടൊന്നും ഭയപ്പെടേണ്ടാ. അവൻ പൂജ ചെയ്യട്ടെ.

തോമ: ഇനി വരുന്ന ആപത്തുകൾക്കു് ഞാൻ ഉത്തരവാദിയല്ല. നിങ്ങളുടെ നിർബന്ധംമൂലം ഞാൻ പൂജചെയ്യുന്നു. (തോമസ് ആശീർവ്വദിക്കുന്നു.)

കാളി: അയ്യോ, അയ്യോ എന്നെ കൊന്നേ, എന്നെ കൊന്നേ. (വിഗ്രഹം മറിഞ്ഞു വീഴുന്നു. കാവു കത്തുന്നു)

എമ്പ്രാൻ: ഹം! ഹം! നീ എന്തുചെയ്തു. ഞങ്ങളുടെ കാളിയെ ഓടിച്ചു. കാവിനു തീയും വെച്ചു. ഇവനെ വിടാൻ പാടില്ല. (തോമസിനെ വിവിധപീഡനങ്ങൾ ഏല്പിക്കുന്നു. മുകുന്ദൻ കുന്തവുമായി വന്നു കുത്തി മാറിലേല്പിക്കുന്നു. തോമസ് വീണുകഴിയുമ്പോൾ എല്ലാവരും ഓടി മായുന്നു, തോമസ് പ്രാർത്ഥിക്കുന്നു.)

സത്യദൈവമായ കർത്താവേ! അങ്ങു് എനിക്കുവേണ്ടി പീഡനങ്ങൾ സഹിക്കയും മരണം പ്രാപിക്കയും ചെയ്തു അങ്ങയെപ്രതി ഞാൻ ഇതാ ഇന്നു മരണം പ്രാപിക്കുന്നു. തെറ്റുവിശ്വസിച്ചവനെന്നു് ലോകം എന്നെ ഗണിച്ചേക്കും. എന്നാലും അങ്ങു് ഒരു അനുഗ്രഹം എനിക്കു ചെയ്യൂ. അതു് ഏററം വിദൂരമായ ഈ ഇൻഡ്യാരാജ്യത്തുവച്ചു് അങ്ങേക്കുവേണ്ടി മരിക്കുവാൻതന്നെ. എന്റെ ആത്മാവിനെ അങ്ങു സ്വീകരിച്ചുകൊള്ളേണമെ. ഒരു പ്രാവിനെപ്പോലെ അങ്ങയുടെ പക്കലേക്കു പറന്നു വരുവാൻ ഞാൻ ആഗ്രഹിച്ചുകൊണ്ടിരുന്നു. എന്റെ രക്തം ഞാൻ ഇവിടെ ചിന്തുന്നു. ഇൻഡ്യക്കു് അങ്ങിലുള്ള വിശ്വാസം അതു വർദ്ധിപ്പിക്കട്ടെ. ഭാരതവർഷംമുഴുവനും അങ്ങേക്കു സ്വന്തമാകുന്ന ഒരു കാലം വരുമെന്നു ഞാൻ കാണുന്നു. എന്റെ പ്രവർത്തനങ്ങൾ നിഷ്ഫലമാകാതിരിക്കുവാൻ കൃപ ചെയ്യേണമെ.

(മരിക്കുന്നു. കർട്ടൻ വീഴുന്നു.)

——

## പരിശുദ്ധപിതാവിനു പാരിതോഷികങ്ങൾ

ഫിജി ദ്വീപുകളിലെ നിവാസികൾ പരിശുദ്ധപിതാവിനു തിമിംഗലത്തിന്റെ ഉദ്ദേശം എട്ടിഞ്ചു നീളമുള്ള ഒരു പല്ലു കാഴ്ചസമർപ്പിച്ചിരിക്കുന്നു. ആനക്കൊമ്പുപോലെ വിലപിടിച്ച ഒരു സാധനമാണു തിമിംഗലത്തിന്റെ പല്ലു്. ഫിജിദ്വീപുകാർ പ്രധാനസന്ദർശകർക്കും ഉദ്യോഗസ്ഥന്മാർക്കും തങ്ങളുടെ ഭക്തിസ്നേഹാദരവുകളുടെ ചിഹ്നമായി പ്രസ്തുത കൗതുകവസ്തു കാഴ്ചസമർപ്പിക്കാറുണ്ടു്.

തെക്കേ അമേരിക്കയിലെ വെനെസുല രാജ്യത്തിൽനിന്നും വന്ന തീർത്ഥകർ സ്വർണ്ണനിർമ്മിതമായ ഒരു കാസയും തദ്ദേശീയരുടെ കരകൗശലഫലമായ ഒരുക്കൂട്ടം കർബ്ബാനക്കുപ്പായങ്ങളും വിശുദ്ധവത്സരപാരിതോഷികമായി പരിശുദ്ധ പിതാവിനു സമർപ്പിക്കയുണ്ടായി. തെക്കേ അമേരിക്കയിലെ കൊളംബിയാരാജ്യത്തിൽനിന്നും ആഗതരായ തീർത്ഥകർ ഒരു മരതകക്കല്ലാണു് കാഴ്ചവച്ചതു്. മൂസോയിലെ "കൊളംബിയൻഖനി"യിൽനിന്നും ഇതഃപര്യന്തം കുഴിച്ചെടുത്തിട്ടുള്ളതിൽവച്ചു് ഏററവും വലിയ മരതകക്കല്ലാണതു്.

ജനറൽ ഫ്രാങ്കോയാകട്ടെ, സാധുക്കളുടെ ഇടയിൽ വിതരണം ചെയ്യുന്നതിനുവേണ്ടി 2000 ജോടി ചെരിപ്പുകളാണു കാഴ്ച സമർപ്പിച്ചിരിക്കുന്നതു്.

——

## വർത്തമാനപ്പുസ്തകം

(4-ാം പേജ് തുടർച്ച)

തിരിച്ചെത്തിയതുവരെയുള്ള ചരിത്രങ്ങളാണു ഒന്നാംഭാഗത്തിലെ പ്രതിപാദ്യവിഷയമെന്നൂഹിക്കുവാൻ ന്യായമുണ്ടു്. അച്ചടിച്ചു പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള പ്രസ്തുത വർഷം മാർച്ചു 18-ാംതീയതി വരെയുള്ള ചരിത്രങ്ങൾ വിവരിച്ചു കാണുന്നു.

വർത്തമാനപ്പുസ്തകത്തിന്റെ കൈയെഴുത്തുപ്രതികൂടെ കണ്ടെങ്കിലേ അതു സംബന്ധിച്ചു വിശദവും വ്യക്തവുമായ വിവരങ്ങൾ ഗ്രഹിക്കാൻ നിർവ്വാഹമുള്ളൂ. അച്ചടിയിൽ പലയിടത്തും പല ഭേദങ്ങളുമുണ്ടു്. ചില ഭാഗങ്ങളിലെല്ലാം അസ്ഫുടതഹേതുവാൽ ആശയക്ലിഷ്ടതയും സംഭവിച്ചിരിക്കുന്നു. അതെന്നും പ്രസാധകന്മാരുടെ കുററമായിപ്പറയാൻ സാദ്ധ്യമല്ല. ചിതലിന്റെ മുതലായി എങ്ങോ നഷ്ടപ്രായമായിക്കിടന്ന കൈയെഴുത്തുപ്രതി തേടിപ്പിടിച്ചു പ്രസിദ്ധീകരിക്കുമ്പോൾ ഈവക കുഴപ്പങ്ങൾ സാധാരണമാണു്. മി. ടി. കെ. ജോസഫ്, പ്രകൃതഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ മലയാളമനോരമയിൽ പ്രസിദ്ധംചെയ്തിരുന്നതായി പ്രസ്താവിച്ചിരുന്നല്ലോ. ആ പത്രലക്കങ്ങൾ എവിടെനിന്നെങ്കിലും തേടിപ്പിടിക്കുന്നതു എല്ലാവിധത്തിലും പ്രയോജനകരമായിരിക്കും.

വടയാററിൽനിന്നും ഈ കൃതിയുടെ കൈയെഴുത്തുപ്രതി മുഴുവൻ പാറായിൽ വലിയ തരകന്റെയും മാർസലിനോസു മെത്രാനച്ചന്റെയും കൈവശം കിട്ടിയിരുന്നതായിപറയപ്പെടുന്നു. അതിൽ ഒന്നാംഭാഗം മാത്രമേ തിരിച്ചു കിട്ടിയുള്ളുവെന്നാണറിയുന്നതു്. ബ. പാറേമ്മാക്കൽ മത്തായിയച്ചൻ ഈ ഗ്രന്ഥത്തിന്റെ പ്രതികൾ സൂക്ഷിച്ചിരുന്നതായി കേട്ടിട്ടുണ്ടു്. അദ്ദേഹത്തിന്റെ നിര്യാണശേഷം അവ ആരുടെ കൈവശം ചെന്നെത്തിയെന്നറിയുന്നില്ല. ബ. വൈദികരിൽ ആർക്കെങ്കിലും ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ അറിവുള്ളപക്ഷം ഈ ലേഖകനെ അറിയിക്കുകയോ പത്രദ്വാരാ പ്രസിദ്ധീകരിക്കുകയോ ചെയ്യണമെന്നപേക്ഷയുണ്ടു്.

സാഹിത്യചരിത്രപഠിതാക്കൾ അവശ്യം അറിയേണ്ട പല വിവരങ്ങളും വർത്തമാനപ്പുസ്തകത്തിൽ അടങ്ങിയിട്ടുണ്ടു്. ഭാഷയിലെ ഗദ്യശൈലിയുടെ ചില രൂപവികാസങ്ങൾ അതിൽനിന്നു ഗ്രഹിക്കുവാൻ സാധിക്കും. എന്നിരിക്കിലും സാഹിത്യചരിത്രകാരനായ ശ്രീ നാരായണപ്പണിക്കർ അവർകൾ സ്വകൃതിയിൽ വർത്തമാനപ്പുസ്തകത്തിനു അതർഹിക്കുന്നത്ര സ്ഥാനം നല്കിയിട്ടില്ല. ദിങ്മാത്രമായി എങ്ങോ സ്പർശിച്ചിട്ടുണ്ടെന്നു മാത്രം.

നമ്മുടെ സാഹിത്യപരമായ നേട്ടങ്ങളുടെ ഒരു പ്രധാനഭാഗം വഹിക്കുന്ന ഈ ഗ്രന്ഥത്തിന്റെ ഉത്തരഭാഗം ഇനിയും പ്രകാശം കാണാതെ ആകരത്തിൽ അടിഞ്ഞുകിടക്കുകയാണെന്നുള്ളതു ശോചനീയമായ ഒരു വസ്തുതയാണു്. ഭാഷാപ്രണയികളുടെ, വിശിഷ്യ ക്രൈസ്തവസാഹിത്യനേതാക്കന്മാരുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിഞ്ഞുകാണുവാൻ ആഗ്രഹിക്കുന്നു.

# നവക്രിസ്ത്യാനികളുടെ പ്രേഷിതചൈതന്യം

പുതുതായി ക്രിസ്തുമതം സ്വീകരിച്ച 68 വയസ്സായ ഒരു ചൈനീസ് സ്ത്രീയും 20 വയസ്സായ ഒരു യുവതിയുംകൂടി അവരുടെ മാനസാന്തരത്തിനുശേഷം ഒരു മാസം കഴിയുന്നതിനുമുമ്പ് 18 പേരെ മനസ്സുതിരിച്ച് കത്തോലിക്കാസഭയിൽ ചേർത്തിരിക്കുന്നു. പ്രായമായ സ്ത്രീ ദീർഘസമയം അദ്ധ്യാപനവൃത്തിയിൽ ചെലവഴിക്കുമ്പോൾ, യുവതി തന്റെ സമയത്തിലധികഭാഗവും പരിശുദ്ധ കുർബാനയുടെ മുമ്പാകെ ചെലവഴിക്കുന്നു.

## സാവകാശവധം

അവശരും തീരാവ്യാധികളാൽ വലയുന്നവരുമായ രോഗികളെ മരുന്നുകൾ കുത്തിവച്ചു സാവകാശം വധിക്കുന്നതു ഒരു കാരുണ്യപ്രവൃത്തിയായിരിക്കാം എന്ന അബദ്ധസിദ്ധാന്തം അടുത്തകാലത്തു പാശ്ചാത്യരാജ്യങ്ങളിൽ പ്രചാരത്തിൽവന്നിട്ടുണ്ടല്ലോ. Mercy killing, euthanasia എന്നെല്ലാമാണ് ഈ പൈശാചികകൃത്യത്തിനു നല്കിയിരിക്കുന്ന "ശാസ്ത്രീയ" നാമം. ഈയിടെ കോപ്പൻഹേഗനിൽവച്ചു കൂടിയ "അഖിലലോകഭിഷഗ്വരസംഘം" (Council of the World Medical Association) എന്ന സംഘടനയുടെ പൊതുസമ്മേളനം—40 രാജ്യങ്ങളിൽനിന്നുമുള്ള 500,000 ഡോക്ടർമാർ അതിൽ സംബന്ധിച്ചിരുന്നു—മേൽ വിവരിച്ചതരം സാവകാശവധം "പൊതുജനതാല്പര്യങ്ങൾക്കും ചികിത്സാതത്വങ്ങൾക്കും സ്വാഭാവികാവകാശങ്ങൾക്കും വിരുദ്ധമാണെ"ന്നു വിധി പ്രസ്താവിച്ചിരിക്കുന്നു. ഏതു സംബന്ധമായി ന്യൂയോർക്ക മെത്രാപ്പോലീത്താ കാർഡിനൽ സ്പെൽമൻ പ്രസ്താവിച്ചതിങ്ങനെയാണ്: "ഡോക്ടർമാരിൽനിന്നു സാന്മാർഗ്ഗികവും ധാർമ്മികവുമായ തത്വങ്ങളെ അധികരിച്ചുള്ള അത്തരമൊരു പ്രസ്താവന ലോകം അക്ഷമയോടെ പാർത്തിരിക്കുകയായിരുന്നു. പല ഡോക്ടർമാരും രഹസ്യമായി "കാരുണ്യവധം" പ്രയോഗത്തിൽ വരുത്തിയിരുന്നുവെന്നും മിക്കവരും അത്തരം നടപടികളെ അംഗീകരിച്ചിരുന്നുവെന്നും മററുമുള്ള വാർത്തകൾനിമിത്തം ഭിഷഗ്വരന്മാരുടെ തൊഴിലിന്റെ സൽപ്പേരിനുതന്നെ കളങ്കം വന്നിരിക്കയായിരുന്നു." ജീവന്റെ ഉടയവൻ ദൈവമാകയാൽ, മറെറാരാളെ സാവകാശത്തിൽ വധിച്ചാലും വേഗത്തിൽ വധിച്ചാലും, "ഔഷധങ്ങൾ" പ്രയോഗിച്ചു വധിച്ചാലും മാരകായുധങ്ങൾ ഉപയോഗിച്ചു വധിച്ചാലും. എല്ലാം നരഹത്യ തന്നെ; താദൃശകൃത്യം ഭയങ്കരമായ പാതകവുമായിരിക്കും.

## കമ്മ്യൂണിസ്റ്റ് വനിതയുടെ മാനസാന്തരം

പഞ്ചക്ഷതധാരിയായ പാദ്രെ പിയൊ എന്ന ഇററാലിയൻ കപ്പൂച്ചിൻ വൈദികനെ സന്ദർശിക്കയും അദ്ദേഹത്തിന്റെ കുർബാന കാണുകയും ചെയ്തതിന്റെ ഫലമായി സിഞ്ഞോറ ഇററാലിയ ബെററി എന്ന വനിത കമ്മ്യൂണിസ്റ്റ് പാർട്ടിയുമായുള്ള ബന്ധം വിച്ഛേദിച്ചിരിക്കുന്നു. പ്രസ്തുത പാർട്ടിയിലെ ഒരു പ്രമുഖനേത്രിയായിരുന്ന അവർ "റെഡ്" ഇററാലിയൻ വിമൺസ് ലീഗിന്റെ പ്രൊവിൻഷ്യൽ സെക്രട്ടറിയായിരുന്നു. ബൊളോഞ്ഞായിലെ കമ്മ്യൂണിസ്റ്റ് നേതാക്കളുടെ വൃന്ദത്തിൽപ്പെട്ടവളുമാണ് ഈ മഹതി. അവരുടെ കുടുംബാംഗങ്ങളിൽ വിശ്വാസം നഷ്ടപ്പെടാതിരുന്നതു് അവരുടെ ഒരു സഹോദരിമാത്രമാണ്. ആ സ്ത്രീ രോഗബാധിതയായി കിടക്കുകയിൽ, ഫാദർ പിയോയുടെ പക്കൽചെന്നു വിവരം പറവാൻ സിഞ്ഞോറ ബെററിയെ നിർബന്ധിച്ചു. ആ സന്ദർശനം അവരിലൊരു മാനസികപരിവർത്തനം വരുത്തി. ഇപ്പോളവർ ഫാദർ പിയോയിൽനിന്നും ആദ്ധ്യാത്മികോപദേശങ്ങൾ സ്വീകരിക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ ആശ്രമത്തിനടുത്തു വസിച്ചുവരുന്നു. ബൊളോഞ്ഞായിൽനിന്നും പല കമ്മ്യൂണിസ്റ്റ് നേതാക്കളും തങ്ങളുടെ സഹപ്രവർത്തകയായിരുന്ന ബെററിയെ കണ്ടു സംസാരിക്കാനായി ചെന്നെങ്കിലും സന്ദർശനം അനുവദിക്കപ്പെട്ടില്ല.

## പ. പിതാവിന്റെ സമ്മാനം

ഡോക്ടർ ടി. നാഗയി എന്ന ജപ്പാൻകാരനു അവിടത്തെ ലെഗാട്ടുവഴി പ. പിതാവു് ഒരു ജപമാല സമ്മാനിച്ചിരിക്കുന്നു. ഡോക്ടർ നാഗയി സുപ്രസിദ്ധനായ ഒരു കത്തോലിക്കാഗ്രന്ഥകാരനും അണുബോംബാക്രമണത്തിൽ പരുക്കേററ ഒരു വ്യക്തിയുമാണ്.

## തടവുകാർക്ക് മോചനം

വിശുദ്ധവത്സരം പ്രമാണിച്ച് 15 രാജ്യങ്ങൾ തടവുകാരെ മോചിപ്പിക്കയും ശിക്ഷ കുറച്ചുകൊടുക്കുകയും ചെയ്തിട്ടുള്ളതായി വത്തിക്കാൻ റേഡിയോ പ്രസ്താവിച്ചിരിക്കുന്നു. ഫ്രാൻസിലും ഇററലിയിലുമാണ് ഏററവും കൂടുതൽ തടവുകാർ മോചിക്കപ്പെട്ടിട്ടുള്ളതു്.

## മോന്തെ കസ്സീനൊ സന്യാസാശ്രമം

1944-ൽ ബോംബാക്രമണം നിമിത്തം നാശത്തിനധീനമായ ബനഡിക്റ്റിൻ സന്യാസാശ്രമത്തിന്റെ പണി ക്രമാനുഗതമായി പുരോഗമിച്ചുവരുന്നു. ബോംബാക്രമണത്തിൽവച്ചു് നാശത്തിനധീനമാകാതിരുന്നതു വി. ബനഡിക്റ്റോസിന്റെ ശവകുടീരം മാത്രമാണ്. ഇപ്പോൾ അതിനു മുകളിലായി ഒരു പുതിയ താഴികക്കുടം (Dome) പണികഴിച്ചിരിക്കുന്നു.

## ഇംഗ്ലണ്ടിൽ സഭയുടെ അഭിവൃദ്ധി

ഇംഗ്ലണ്ടിലേയും വെയിൽസിലേയും കത്തോലിക്കാസഭയ്ക്കു 1850 മുതൽ 1950 വരെയുള്ള നൂറു വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള അഭിവൃദ്ധിയെപ്പററി കാർഡിനൽ ഗ്രിഫിൻ ത്രിത്വത്തിന്റെ ഞായറാഴ്ച പ്രസിദ്ധപ്പെടുത്തിയ ഒരിടയലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നു. 1850-ൽ 1,000 000 കത്തോലിക്കരും, 1000-ൽ താഴെ പുരോഹിതന്മാരും, 694 പള്ളികളും, 200 വിദ്യാലയങ്ങളും, 7 സന്യാസമന്ദിരങ്ങളും, 53 കന്യാസ്ത്രീമഠങ്ങളുമുണ്ടായിരുന്നു. 1950-ലാകട്ടെ, 3,000,000 കത്തോലിക്കരും, 6000-ലധികം പുരോഹിതന്മാരും, 2900-ത്തോളം പള്ളികളും, 2000 വിദ്യാലയങ്ങളും, 472 സന്യാസാശ്രമങ്ങളും, 1075 കന്യാസ്ത്രീമഠങ്ങളുമാണുള്ളതു്.

## വിദ്യാർത്ഥികളുടെ തീർത്ഥയാത്ര


മുൻകൊല്ലങ്ങളിലെപ്പോലെ ഇക്കൊല്ലത്തെ പന്തക്കുസ്താ തിരുനാൾ പ്രമാണിച്ചും ഫ്രഞ്ചുസർവ്വകലാശാലകളിലെ 7000-ത്തോളം വിദ്യാർത്ഥിനീവിദ്യാർത്ഥികൾ പാരീസിൽനിന്നു പുറപ്പെട്ടു, 3 ദിവസംകൊണ്ടു് 40 മൈൽ നടന്നു്, ഷാർട്രേസിലേക്കു ഒരു തീർത്ഥയാത്ര കഴിച്ചിരിക്കുന്നു. വഴിമദ്ധ്യേ അവർ പാട്ടുകൾ പാടുകയും ജപമാല ചൊല്ലുകയും ചെയ്തിരുന്നു. കത്തോലിക്കർ മാത്രമല്ല, സത്യാന്വേഷകരായ അകത്തോലിക്കരും തീർത്ഥയാത്രയിൽ പങ്കെടുക്കുകയുണ്ടായി. 15 കൊല്ലമായി ഈ തീർത്ഥയാത്രാപ്രസ്ഥാനം സമാരംഭിച്ചിട്ട്.

## കത്തോലിക്കാ മുദ്രാലയത്തെപ്പററി ട്രൂമൻ

"മാററം വരാത്ത ക്രിസ്തീയതത്വങ്ങളുടെ അധിഷ്ഠാനത്തിൽനിന്നുകൊണ്ടു് വസ്തുതകളെ നിരീക്ഷണംചെയ്യുകയാണു കത്തോലിക്കാ മുദ്രാലയം ചെയ്യുന്നതു്" എന്നത്രെ പ്രസിഡന്റു ട്രൂമൻ, "ഐക്യനാടുകളിലെ കത്തോലിക്കാ മുദ്രാലയസംഘ"ത്തിന്റെ 40-ാം വാർഷികം റോച്ചെസ്റ്ററിൽവച്ചു ആഘോഷിക്കപ്പെട്ട അവസരത്തിൽ അയച്ചുകൊടുത്ത സന്ദേശത്തിൽ പറഞ്ഞിരിക്കുന്നതു്. പ്രസ്തുത വാർഷികാഘോഷങ്ങളിൽ പങ്കെടുത്ത മെത്രാന്മാർ, കത്തോലിക്കാപത്രങ്ങൾ രൂപതാടിസ്ഥാനത്തിൽ പ്രസിദ്ധപ്പെടുത്തുന്ന പതിവു വിട്ടുകൊണ്ടു്, കുറെക്കൂടി വിപുലമായ ഒരടിസ്ഥാനത്തിൽ അവ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകളെപ്പററി പര്യാലോചിക്കുവാൻ പത്രാധിപന്മാരോടും പ്രസാധകന്മാരോടും ആവശ്യപ്പെടുകയുണ്ടായി.

## പഞ്ചക്ഷതധാരിയായ വൈദികൻ

ഫ്രാൻസിസ് ഫോർജിയോണെ ഒരു കുട്ടിയായിരുന്നപ്പോൾത്തന്നെ പിയെട്രെൽസിന (ഇററലി)യിലെ ഗ്രാമീണജനങ്ങൾ അവന്റെ ഭക്തിപ്രചുരിമയാൽ സമാകർഷിക്കപ്പെട്ടിരുന്നു. അനന്തരകാലങ്ങളിൽ അവൻ പാദ്രെ പിയോ എന്ന പേരിൽ ഒരു കപ്പൂച്ചിൻ സന്യാസവൈദികനായപ്പോൾ, അവരതിൽ അല്പംപോലും ആശ്ചര്യപ്പെട്ടില്ല. ഏറെത്താമസിയാതെ ഫാദർ പിയോ ക്ഷയരോഗബാധിതനായെങ്കിലും, പുരോഹിതൻ എന്ന നിലയിൽ അദ്ദേഹം നിർവ്വഹിക്കേണ്ടിയിരുന്ന ദിനകൃത്യങ്ങൾക്കു യാതൊരു ഭംഗവും വരുത്താതെ മുന്നോട്ടുപോയി. ചിലപ്പോഴെല്ലാം ദിവ്യപൂജയുടെ സമയത്തു പ്രകൃത്യതീതങ്ങളായ ചില അനുഭവങ്ങൾ അദ്ദേഹത്തിനുണ്ടാകുന്നതുപോലെ കാണികൾക്കു തോന്നിയിരുന്നു. 1918-ൽ അത്തരമൊരു സന്ദർഭത്തിൽ അദ്ദേഹം ബോധരഹിതനായി നിലംപതിക്കയാൽ മററുള്ളവർ അദ്ദേഹത്തെ ദേവാലയത്തിൽനിന്നു എടുത്തുകൊണ്ടുപോകേണ്ടിവന്നു. ദേഹം പരിശോധിച്ചപ്പോൾ ഇരുകൈകളിലും കാലുകളിലും പാർശ്വത്തിലും "മൂർച്ചയുള്ള ഒരായുധംകൊണ്ടുണ്ടാക്കിയതുപോലുള്ള" മുറിവുകൾ കാണപ്പെട്ടു. പീഡിതനായ ക്രിസ്തുവിനെ അനുകരിച്ച് പഞ്ചക്ഷതങ്ങൾ സ്വദേഹത്തിൽ ധരിക്കാനുള്ള ഭാഗ്യം ഫാദർ പിയോയ്ക്കു ലഭിച്ചു എന്നു സാരം.



റോമൻ കത്തോലിക്കാസഭയ്ക്കു് ഇതൊന്നും പുത്തരിയല്ല. വി. ഫ്രാൻസിസ് അസീസിയാണ് ആദ്യത്തെ പഞ്ചക്ഷതധാരിയായി അറിയപ്പെട്ടിരിക്കുന്നതു്. "ഇനി ഒരുത്തനും എനിക്കു ബുദ്ധിമുട്ടു വരുത്തരുതു്. എന്തെന്നാൽ നമ്മുടെ കർത്താവായ ഈശോമിശിഹായുടെ അടയാളങ്ങൾ എന്റെ ശരീരത്തിൽ ഞാൻ വഹിക്കുന്നു" (ഗാല. 6, 17) എന്നുള്ള വി. പൗലോസിന്റെ പ്രസ്താവത്തിൽനിന്നു കർത്താവിന്റെ മുറിവുകളുടെ ഛായ അദ്ദേഹത്തിന്റെ ശരീരത്തിലും പതിഞ്ഞിരുന്നുവെന്നു് അനുമാനിക്കുന്നവരുണ്ടു്. എങ്ങനെയായാലും, വി. ഫ്രാൻസിസ് അസീസിയുടെ കാലത്തിനുശേഷം മററനേകം പുണ്യാത്മാക്കളും പഞ്ചക്ഷതധാരികളായിരുന്നുവെന്നതിനു തെളിവുണ്ടു്. ഡോക്ടർ എ ഇംബെർട്ടു് ഗൂർബെയിർ തന്റെ La Stigmatisation (1894) എന്ന ഗ്രന്ഥത്തിൽ പഞ്ചക്ഷതധാരികളായ 321 പേരുടെ കാര്യം രേഖപ്പെടുത്തിയിരിക്കുന്നു. അധുനാതനകാലങ്ങളിൽ പല ഭിഷഗ്വരന്മാരും ഇത്തരക്കാരെ പരിശോധിച്ചിട്ടുണ്ടു്. സുപ്രസിദ്ധ ബവേറിയൻ കർഷകവനിതയായ തെരേസ ന്യൂമാനും അപ്രകാരം പരിശോധനക്കു വിഷയമായ ഒരാളാണ്. ഇപ്പോളവർക്കു 51 വയസ്സുണ്ടു്. ക്ഷതങ്ങളുടെ യാഥാർത്ഥ്യത്തെപ്പററി അഭിപ്രായവ്യത്യാസമില്ലെങ്കിലും അവയുടെ കാരണങ്ങളെപ്പററി ഏകാഭിപ്രായമല്ല ഡോക്ടർമാർ രേഖപ്പെടുത്തിയിട്ടുള്ളതു്. പാദ്രെ പിയോയുടെ മുറിവുകളിൽനിന്നു സദാരക്തമൊലിച്ചുകൊണ്ടിരിക്കുന്നു. ശരീരപാർശ്വത്തിലുള്ള മുറിവിൽനിന്നും മൂന്നു നാലു തുവാലകൾ നനയാൻമാത്രം രക്തം ഒരുദിവസം പ്രവഹിക്കുന്നുണ്ടു്.

ഇത്തരം മുറിവുകളുടെ കാരണങ്ങൾ എല്ലായ്പ്പോഴും അതിസ്വാഭാവികമായിരിക്കണമെന്നില്ല എന്ന അഭിപ്രായമാണു സഭയ്ക്കുള്ളതു്. അതുകൊണ്ടു് സംശയഗ്രസ്തമായ ഒരു മനഃസ്ഥിതിയോടെയാണു സഭ ആദ്യകാലങ്ങളിൽ ഫാദർ പിയോയോടു വർത്തിച്ചതു്. ഇക്കാര്യങ്ങളെപ്പററി അന്വേഷണങ്ങൾ നടന്നുകൊണ്ടിരുന്ന അവസരത്തിൽ, അദ്ദേഹം കുമ്പസാരംകേൾക്കുന്നതിനേയും പരസ്യകർമ്മങ്ങളിൽ പങ്കെടുക്കുന്നതിനേയും വത്തിക്കാൻ നിരോധിച്ചിരുന്നു. രണ്ടുകൊല്ലം ഡോക്ടർമാരാലും മററുള്ളവരാലും നടത്തപ്പെട്ട നിഷ്കൃഷ്ടപൂർവ്വമായ പര്യന്വേഷണങ്ങൾക്കുശേഷം മാത്രമാണു സഭ പ്രസ്തുത നിരോധനാജ്ഞ പിൻവലിച്ചതു്. ഫാദർ പിയോയ്ക്കു് അനുകൂലമായി ഹാജരാക്കപ്പെട്ട ന്യായങ്ങൾ താഴെ പറയുന്നവയാണു്. (1) ക്ഷതങ്ങളുടെ അസന്നിദ്ധമായ സാന്നിദ്ധ്യം. (2) ശൈശവം മുതലുള്ള ഫാദർ പിയോയുടെ വിശുദ്ധജീവിതം. (3) അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ അത്ഭുതങ്ങൾ സംഭവിച്ചിട്ടുണ്ടെന്നുള്ള വസ്തുത.

ഇററലിയുടെ തെക്കുകിഴക്കു ഭാഗത്തു് ഫോഗ്ഗിയാ നഗരത്തിനു സമീപമുള്ള സാൻ ജ്യോവാന്നി റൊത്തോൻഡോ എന്ന ആശ്രമത്തിലാണു പാദ്രെപിയോ വസിക്കുന്നതു്. ഇപ്പോളദ്ദേഹത്തിനു 62 വയസ്സുപ്രായമുണ്ടു്. വെളുപ്പിനു 2 മണിക്കു് അദ്ദേഹം ഉണരുകയും മൂന്നു മണിക്കൂർസമയം പ്രാർത്ഥനയിൽ ചെലവഴിക്കയും ചെയ്യുന്നു. അഞ്ചരമണിക്കാണു കുർബാന. സാധാരണമായി കുർബാനയ്ക്കു അരമണിക്കൂർ മതിയെങ്കിലും ചില ദിവസങ്ങളിൽ ഒന്നരമണിക്കൂറോളം വേണ്ടിവരും. കുർബാനമദ്ധ്യേ പലപ്പോഴും അദ്ദേഹം ദീർഘനിശ്വാസം ചെയ്യുകയും കരയുകയും സമാധിയിൽ ലയിക്കയും മററും ചെയ്യുന്നതുകൊണ്ടത്രെ സമയം നീണ്ടുപോകുന്നതു്. കുർബാനയ്ക്കുശേഷം അദ്ദേഹം കുമ്പസാരം കേട്ടു തുടങ്ങുന്നു. എത്രായിരം സ്ത്രീപുരുഷന്മാരാണു് അദ്ദേഹത്തോടു കുമ്പസാരിക്കാൻ അവസരം പാർത്തു്, ശീതോഷ്ണസ്ഥിതിയുടെ പ്രാതികൂല്യങ്ങളൊന്നും വകവയ്ക്കാതെ രാത്രിമുഴുവനും ദേവാലയവാതുക്കൽ കഴിച്ചുകൂട്ടുന്നതു്! കുമ്പസാരം കേൾക്കൽ ഉച്ചകഴിഞ്ഞു് ഒരുമണിക്കു തീരും. തദനന്തരം ഫാദർ പിയോ കുറെ പച്ചക്കറിസാധനങ്ങളും രണ്ടുമൂന്നു ചെറിയ അപ്പക്കഷണങ്ങളും ഭക്ഷിക്കുന്നു. ദിവസത്തിൽ ഈയൊരാഹാരം മാത്രമേ അദ്ദേഹത്തിനുള്ളു.

ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ധാരാളംപേർ അനുദിനം അദ്ദേഹത്തെ സന്ദർശിച്ചുവരുന്നു. ഈ വിശുദ്ധവത്സരത്തിൽ ഉദ്ദേശം 800,000 പേർ അദ്ദേഹത്തെ സന്ദർശിക്കുമെന്നാണു പ്രതീക്ഷ. അദ്ദേഹത്തിനു കിട്ടിക്കൊണ്ടിരിക്കുന്ന എഴുത്തുകൾക്കു കൈയും കണക്കുമില്ല. സഹസന്യാസിമാരിൽ അഞ്ചുപേർ പ്രസ്തുത കത്തുകൾക്കു മറുപടി എഴുതുന്നതിൽ പ്രഭാതംമുതൽ പ്രദോഷംവരെ വ്യാപൃതരായിരിക്കുന്നു. ഫാദർ പിയോയെ സന്ദർശിക്കാൻവരുന്ന രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുവേണ്ടി, അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം ആശ്രമത്തിനു സമീപം ഇപ്പോൾ ഒരാസ്പത്രി പണിചെയ്തുവരുന്നുണ്ടു്.

From *The Time*, December 19, 1949

---

## വൈമാനികൻ ട്രാപ്പിസ്റ്റ് സന്യാസി

"എയർ ഫ്രാൻസ്" എന്ന വിമാനക്കമ്പനിയിലെ ഒരു പൈലററായിരുന്ന ബർനാർഡ് കോർഡിയർ എന്നദ്ദേഹം ട്രാപ്പിസ്റ്റ് സന്യാസിയാകാൻ തീരുമാനിച്ചിരിക്കുന്നു. കഴിഞ്ഞ കൊല്ലം അദ്ദേഹം ന്യൂയോർക്കിൽനിന്നു പാരിസിലേക്കു 10 മണിക്കൂർ 31 മിനിട്ടുകൊണ്ടു പറന്നെത്തുകയുണ്ടായി. ഇതുവരെ മററാർക്കും മേൽപ്പറഞ്ഞ സമയത്തിനുള്ളിൽ അത്രയും ദൂരം പറക്കുവാൻ സാധിച്ചിട്ടില്ല. അദ്ദേഹം ഒരിക്കലൊരു വിമാനാപകടത്തിൽനിന്നു രക്ഷപെട്ട കാര്യവും പ്രസ്താവ്യമാണ്.

# ഉത്തരീയത്തിന്റെ ജന്മഭവനം

എഴുനൂറു സംവത്സരങ്ങൾക്കുമുമ്പാണ്. ഇംഗ്ലണ്ട് അന്നൊരു കത്തോലിക്കാ രാജ്യമായിരുന്നു. പ്രൊട്ടസ്റ്റന്റു മതവിപ്ലവകർത്താക്കളുടെ പ്രപിതാമഹന്മാരുടെ പിതാമഹന്മാർപോലും അന്നു് ഭൂജാതരായിട്ടുണ്ടായിരുന്നില്ല. കത്തോലിക്കാഭൂപാലന്മാരോടും കത്തോലിക്കാ മതസ്ഥാപനങ്ങളുടെ ബഹുലതയോടുംകൂടി ആംഗ്ലേയദ്വീപു വിരാജിച്ചിരുന്നു. പരിശുദ്ധ കന്യകാമറിയത്തിന്റെ സ്ത്രീധനാവകാശം (Dowry of Mary) എന്ന അപരനാമധേയത്തെയാണ് അതു് ആർജ്ജിച്ചിരുന്നതു്. ദൈവജനനിയുടെ നേർക്കുള്ള നിർവ്യാജഭക്തിയിൽ അവിടത്തെ ജനങ്ങൾ അത്ര അദ്വിതീയരായിരുന്നു. അതിന്റെ സാക്ഷാൽക്കാരമെന്നോണം കെന്റിൽ അയിൽസ്ഫോർഡ് എന്ന സ്ഥലത്തു് കർമ്മലീത്താസഭവകയായി ഒരാശ്രമം സ്ഥിതിചെയ്തിരുന്നു. സഭയുടെ പ്രിയോർ ജനറാളായിരുന്ന വി. സൈമൺ സ്റ്റോക്ക് അവിടെയാണ് വസിച്ചിരുന്നതു്.

പലസ്തീനായിലുള്ള കർമ്മലമലയിൽ ഏലിയാ ദീർഘദർശിയാൽ ബീജാവാപം ചെയ്യപ്പെട്ട കർമ്മലീത്താസഭ, പതിമൂന്നാം ശതാബ്ദത്തിൽ വിശുദ്ധനാട്ടു സാരസന്മാരുടെ അധീനതയിലായതോടെ, പൗരസ്ത്യദേശത്തുനിന്നു പാശ്ചാത്യരാജ്യങ്ങളിൽ അഭയംതേടേണ്ടതായിവന്നു. കുരിശുയുദ്ധത്തിനായി പലസ്തീനായിലെത്തിയിരുന്ന സർ റിച്ചേർഡ് ഗ്രേ എന്ന സേനാനായകനോടുകൂടി ഒരു സംഘം കർമ്മലീത്താക്കാർ ഇംഗ്ലണ്ടിലെത്തുകയും, അയിൽസ്ഫോർഡിൽ അദ്ദേഹം അവർക്കൊരാശ്രമം സജ്ജമാക്കിക്കൊടുക്കുകയുമാണുണ്ടായതു്. 1247-ൽ അവിടെ ഇദംപ്രഥമമായി നടന്ന പൊതുസമ്മേളനത്തിൽവച്ചാണു് ഇംഗ്ലീഷുകാരനായ ഫാദർ സൈമൺ സ്റ്റോക്കു് സഭയുടെ ജനറാളായി തിരഞ്ഞെടുക്കപ്പെട്ടതു്. അദ്ദേഹം ഒരു മഹാവിപൽഘട്ടത്തെ തരണംചെയ്യേണ്ടതായിവന്നു. പുതുതായി ഇറക്കുമതി ചെയ്യപ്പെട്ട ഈ പൗരസ്ത്യസന്യാസസംഘത്തെ ഉന്മൂലനം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നാലുഭാഗത്തുംനടന്നുകൊണ്ടിരുന്നു. ലാത്തെരാൻ സൂനഹദോസ് നിശ്ചയപ്രകാരം നവമായി സന്യാസസഭകൾ ആരംഭിക്കുന്നതു് അക്കാലത്തു നിഷിദ്ധമായിരുന്നതിനാൽ ആ പ്രമാണം പിടിച്ചുകൊണ്ടത്രെ പ്രതിയോഗികൾ പ്രതിഷേധം മുഴക്കിയിരുന്നതു്. പല മെത്രാന്മാരും വൈദികശ്രേഷ്ഠന്മാരും അൽമായ പ്രമുഖരും ആ ഭാഗത്തു അണിനിരന്നിരുന്നു. പരിശുദ്ധപിതാവു കർമ്മലീത്താസഭയെ നിറുത്തലാക്കുമെന്നുള്ള പതനത്തോളം എത്തിച്ചേർന്നു. സഭാദ്ധ്യക്ഷനായ വി. സൈമൺസ്റ്റോക്കാകട്ടെ കർമ്മലനാഥയോടു ബാഷ്പധാരാസമേതം നിരന്തരം പ്രാർത്ഥിച്ചുവന്നു.

1251 ജൂലൈ 16-ാനു- വിശുദ്ധൻ ഇപ്രകാരം പ്രാർത്ഥിച്ചുകൊണ്ടു നില്ക്കയിലാണ് പരിശുദ്ധ അമ്മ ദൈവദൂതന്മാരാൽ പരിസേവിതയായി അദ്ദേഹത്തിനു പ്രത്യക്ഷപ്പെട്ടു് കർമ്മലോത്തരീയം പ്രദാനംചെയ്തതു്. "ഈ വസ്ത്രം ധരിച്ചുകൊണ്ടു മരിക്കുന്ന യാതൊരുവനും നിത്യനരകാഗ്നിയിൽ പതിക്കയില്ല" എന്നുള്ള സ്വർഗ്ഗരാജ്ഞിയുടെ വാഗ്ദാനംനിമിത്തം ഉത്തരീയഭക്തി തിരുസ്സഭയിലെങ്ങും അചിരേണ പ്രചരിച്ചു 50 കൊല്ലങ്ങൾക്കുശേഷം ദൈവജനനി 22-ാം യോഹന്നാൻ മാർപ്പാപ്പായ്ക്കു കാണപ്പെട്ടു് ഉത്തരീയഭക്തിയെ സംബന്ധിച്ചു് അത്ഭുതാവഹമായ വേറൊരു വാഗ്ദാനംകൂടി നല്കുകയുണ്ടായി: "പ്രസാദവരത്തിന്റെ മാതാവായ ഞാൻ അവരുടെ മരണത്തിനുശേഷമുള്ള അടുത്ത ശനിയാഴ്ച ശുദ്ധീകരണസ്ഥലത്തിൽനിന്നും അവരെ മോചിപ്പിക്കും." ഈ വാഗ്ദാനങ്ങളും, തിരുവുത്തരീയം വഴിയായി അടിക്കടി ഉണ്ടായിക്കൊണ്ടിരുന്ന അസംഖ്യം അത്ഭുതങ്ങളും നിമിത്തം കർമ്മലോത്തരീയസഖ്യത്തിനു ലോകമാസകലമുണ്ടായവളർച്ച വിസ്മയാവഹമെന്നേ പറയാനുള്ളു. പ്രതിഷേധങ്ങളെല്ലാം അസ്തമിച്ചു. മാർപ്പാപ്പമാരും, മെത്രാന്മാരും, രാജാക്കന്മാരും, പ്രഭുക്കന്മാരും അഹമഹമികയാ സഖ്യത്തിൽ അംഗങ്ങളായിച്ചേർന്നു് തിരുവുത്തരീയം ഭക്തിപുരസ്സരം ധരിച്ചു. ഫ്രാൻസിലെ വി. ലൂയിസ് രാജാവും, ഇംഗ്ലണ്ടിലെ വി. എഡ്വേർഡ് രാജാവും ഉത്തരീയസഖ്യത്തിലെ ആദ്യാംഗങ്ങളിൽ പെട്ടവരാണ്. ഈ മഹനീയ സംഭവത്തിന്റെ ഏഴാം ശതാബ്ദാഘോഷമത്രെ ഇക്കൊല്ലം സമാരംഭിക്കുന്നതു്. അത്യാഡംബരപൂർവ്വം ഇതു് കൊണ്ടാടുന്നതിനും, ഉത്തരീയഭക്തിക്കു് ഉത്തരോത്തരം അഭിവൃദ്ധി കൈവരുത്തുന്നതിനും പര്യാപ്തമായ പരിപാടികൾ കത്തോലിക്കാ രാജ്യങ്ങളിലെല്ലാം സഹർഷം സജ്ജീകരിച്ചുവരികയാണ്.

ദൈവാനുഗ്രഹത്താൽ അതിലേക്കുള്ള ഒരു അടിസ്ഥാനപദ്ധതി ഇപ്പോഴേ പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. ഉത്തരീയത്തിന്റെ ജന്മസ്ഥാനമായ അയിൽസ്ഫോർഡ് ആശ്രമം ഹെൻട്രി അഷ്ടമന്റെ കാലത്തെ പ്രൊട്ടസ്റ്റന്റു മതകലാപത്തോടെ കർമ്മലീത്താസഭയ്ക്കു നഷ്ടിഭവിച്ചു. ഇക്കഴിഞ്ഞ നാനൂറിൽപ്പരം കൊല്ലങ്ങളായി ആ പൂജ്യസ്ഥലം പ്രൊട്ടസ്റ്റന്റുകാരുടെ കൈവശത്തിലായിരുന്നു. ദീർഘകാലത്തെ പരിശ്രമങ്ങളുടെ ഫലമായി കഴിഞ്ഞ നവംബർ മാസത്തിൽ കർമ്മലീത്താസഭയുടെ പ്രിയോർജനറാൾ പ്രസ്തുത സ്ഥലം ഇരുപത്തയ്യായിരം പവൻ വിലയ്ക്കു് തിരികെ വാങ്ങി വീണ്ടും ആശ്രമം തുടങ്ങിയിരിക്കുന്നു. 411 കൊല്ലങ്ങൾക്കുശേഷം, ആദ്യമായി സകലപരിശുദ്ധന്മാരുടെ തിരുനാളിൽ അവിടെ ദിവ്യപൂജ അർപ്പിച്ചു. ആഘോഷപൂർവ്വമാണു് നഗരവാസികൾ കർമ്മലീത്താ സന്യാസികളെ അവിടേക്കു സ്വീകരിച്ചതു്. സഭാജനറാളായ ഫാദർ കിലിയൻ ലിഞ്ചും റോമിൽനിന്നു തദവസരത്തിൽ അവിടെ സന്നിഹിതനായിരുന്നു. അദ്ദേഹത്തിന്റെ സഹോദരനായ ഫാദർ മാൽക്കി ലിഞ്ചിനെയാണ് പുതിയ ആശ്രമത്തിന്റെ പ്രിയോരായി നിശ്ചയിച്ചിരിക്കുന്നതു്. വേറൊരു സഹോദരനും ഫാവെർഷാം ആശ്രമത്തിന്റെ പ്രിയോരുമായ ഫാദർ ഏലിയാസ് ലിഞ്ചും ഈ ആഘോഷങ്ങളിൽ ഭാഗഭാക്കായിരുന്നു. ആശ്രമത്തിന്റെ പുനരുദ്ധാരണജോലികൾ ശീഘ്രഗതിയിൽ നടന്നുവരികയാണ്. സപ്തമശതകാഘോഷത്തിന്റെ പ്രധാന കേന്ദ്രസ്ഥാനം അയിൽസ്ഫോർഡ് ആശ്രമംതന്നെയാണല്ലോ ആയിരിക്കേണ്ടതു്. 51 രാജ്യങ്ങളിൽനിന്നുള്ള കർമ്മലീത്താസഭാ പ്രതിനിധികൾ തദവസരത്തിൽ സംബന്ധിക്കുന്നതും, പുതിയ ആശ്രമത്തിന്റെ ഔദ്യോഗികമായ ഉൽഘാടനം അവരുടെ സാന്നിദ്ധ്യത്തിൽ നിർവ്വഹിക്കപ്പെടുന്നതുമാകുന്നു. കർമ്മലോത്തരീയസഖ്യത്തിന്റെ സാർവ്വദേശീയകേന്ദ്രമായി പുനരുദ്ധൃതാശ്രമത്തെ ഉയർത്തുവാൻ തീർച്ചപ്പെടുത്തിയിരിക്കയാണ്. ഇതു കൂടാതെ ലോകമൊട്ടുക്കുള്ള കർമ്മലീത്താ വിദ്യാർത്ഥികൾക്കും ഉപകരിക്കത്തക്കവണ്ണം ഒരു സാർവ്വദേശീയ വിദ്യാമന്ദിരം ഇവിടെ സമാരംഭിക്കാനും ഉദ്ദേശിക്കുന്നുണ്ടു്. ദുഷ്കരമായ ഈ ഉദ്യമങ്ങളുടെ നിർവ്വഹണത്തിലേക്കു കർമ്മലനാഥയുടെ മക്കളായ സകല വിശ്വാസികളുടെയും സഹായസഹകരണങ്ങൾ സഭാദ്ധ്യക്ഷൻ സാദരം ക്ഷണിച്ചിരിക്കയാണ്.

ഉത്തരീയഭക്തിയിൽ പൂർവ്വകാലം മുതൽ വിശ്രുതിയാർജ്ജിച്ചിട്ടുള്ള കേരളീയ കത്തോലിക്കരും ഈ ശതാബ്ദാഘോഷം യഥായോഗ്യം കൊണ്ടാടുന്നതിനുള്ള ഒരുക്കങ്ങൾ ചെയ്തുവരുന്നതായിക്കാണുന്നതു് സന്തോഷാവഹംതന്നെ. കേരളീയ വൈദികാദ്ധ്യക്ഷന്മാരുടെ സംയുക്തലേഖനം ഇതിലേക്കു ശക്തിമത്തായ പ്രചോദനം നല്കിക്കഴിഞ്ഞിട്ടുണ്ടു. മന്ദീഭവിച്ചു തുടങ്ങിയിട്ടുള്ള തിരുവുത്തരീയഭക്തിയെ പുനരുജ്ജീവിപ്പിക്കുന്നതിനു പറ്റിയ ഈ അവസരം നമ്മുടെ ജനങ്ങൾ യഥാവിധം ഉപയോഗപ്പെടുത്തുന്നപക്ഷം പരിശുദ്ധ കർമ്മലദൈവജനനിയുടെ കൃപാവരങ്ങൾ പൂർവ്വാധികം പ്രാപിക്കുന്നതിനു നാം പ്രാപ്തരാകുമെന്നു പറയേണ്ടതില്ലല്ലോ.

(ഫാ. സൈമൺ സി. ഡി.)



നാലു നൂറ്റാണ്ടുകൾക്കുശേഷം
ഉത്തരീയത്തിന്റെ ജന്മഭവനത്തിലേക്ക്

## കൃതജ്ഞത

പരിശുദ്ധ അറോബ്യാ മാതാവിന്റെയും, ബ. അൽഫോൻസാമ്മയുടെയും മാദ്ധ്യസ്ഥം മൂലം ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് എന്റെ ഹൃദയം കവിഞ്ഞൊഴുകുന്ന കൃതജ്ഞത.

Raphael Varghese

## സൗജന്യവിതരണ ഫണ്ടു്

സൊഡാലിററി കുട്ടികൾ, ചക്കരക്കടവ് ഇടവക ക. 10—0—0

ബിഷപ് ഡുവൻലോയുടെ

## ധ്യാനക്കുറിപ്പ്

(ഫാദർ മാത്യു പുതിയിടം)

എന്റെ ആരോഗ്യത്തെ നശിപ്പിക്കുകയും ഭക്തിയെ കെടുത്തുകയും പഠനത്തെ അലട്ടുകയും ചെയ്യത്തക്കവണ്ണം അത്ര ഉത്സാഹവും ഉണർവ്വും വ്യഗ്രതയും ഉള്ളവനാകുന്നു ഞാൻ. ഇതു് ഒരു ചിന്താകുഴപ്പമാണ്. അതു ശരിപ്പെടുത്തണം. എന്റെ ആത്മാവിൽ ആന്തരികജീവിതത്തിന്റെ സൗധം പണുയർത്തുന്നതിനു വിലങ്ങടിച്ചു നില്ക്കുന്നതു സ്വാഭാവികമായി എനിക്കുള്ള ഉത്സാഹവും ജോലിയോടുള്ള ആകർഷണവുമാണെന്നു ഗ്രഹിപ്പാനുള്ള വരം ദൈവം എനിക്കു നല്കിയിട്ടുണ്ടു്. എന്റെ സകല ഉപദ്രവങ്ങളുടേയും ആദ്ധ്യാത്മിക ശുഷ്കതയുടേയും അരോചകതയുടെയും, എന്റെ മന്ദതയുടേയും, ദോഷമായ ആരോഗ്യത്തിന്റേയും നിദാനം പ്രകൃത്യതീതജീവിതത്തിന്റെ ഈ അഭാവമാണെന്നു ഞാൻ മനസ്സിലാക്കിയിരിക്കുന്നു. ആകയാൽ എനിക്കു ആവശ്യമായിരിക്കുന്ന ഈ ആന്തരികജീവിതം പ്രാപിക്കുന്നതിനു എന്റെ എല്ലാ കഴിവുകളും പ്രയോഗിപ്പാൻ ഞാൻ ഉറച്ചിരിക്കയാണ്. അതിനായി ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടു് താഴെ ചേർക്കുന്ന പ്രതിജ്ഞകൾ ഞാൻ ചെയ്യുന്നു.

1ഓരോ കൂട്ടവും ചെയ്യുന്നതിനു ആവശ്യമുള്ളതിൽ കൂടുതൽ സമയം ഞാൻ എടുക്കും. ഇതിന്റെ അർത്ഥം തിടുക്കത്തിലും ബദ്ധപ്പാടിലും അതിവേഗത്തിലും ഒന്നും ഞാൻ നിർവഹിക്കുകയില്ല എന്നേയുള്ളൂ.

2. എനിക്കു എപ്പോഴും സമയം കുറവാണെന്നാണു ആവലാതി. അതായതു സമയപരിധിയിൽ ഉൾക്കൊള്ളുന്നതിൽ കൂടുതൽ കാര്യങ്ങൾ എനിക്കു ചെയ്യാനുണ്ടു്. ഈ ശുഷ്കപ്രതീക്ഷ എന്നെ അലട്ടുകയും സംഭ്രമിപ്പിക്കയും ചെയ്യുന്നു. മേലാൽ എനിക്കു മിച്ചിക്കാനുള്ള സമയമല്ലാതെ സംഗതികളെ ഞാൻ പരിഗണിക്കുകയില്ല. ഏററവും പ്രാധാന്യമുള്ളവ മുതൽ ചെയ്യാൻ ആരംഭിച്ചുകൊണ്ടു ഞാൻ എന്റെ സമയത്തെ ഒരു വിനാഴികപോലും നഷ്ടപ്പെടുത്താതെ ചിലവഴിക്കും. നിറവേറാപ്പെടാതെ ഉപേക്ഷിക്കുന്നവയെപ്പററി ഞാൻ അസ്വസ്ഥചിത്തനാകുകയില്ല...

### വ്യാഖ്യാനം

ഡുവൻലോ മെത്രാന്റെ ഈ കുറിപ്പ് വൈദികരേയോ സന്യാസികളേയോ സംബന്ധിക്കുന്നതു മാത്രമാണെന്നു ആരും ധരിക്കേണ്ടാ. ഏതു ജോലിക്കാർക്കും ഇതു പററും. ഒരുവൻ മല കിളക്കുന്നവനോ, യന്ത്രം തിരിക്കുന്നവനോ, ചക്രം ചവിട്ടുന്നവനോ, അദ്ധ്യാപനം നടത്തുന്നവനോ, ആഫീസിൽ വേല എടുക്കുന്നവനോ, രാജ്യം ഭരിക്കുന്നവനോ, ഞാണിൽ മറിയുന്നവനോ, ആരുതന്നെയായിക്കൊള്ളട്ടെ, അവന്റെ ലക്ഷ്യം ജോലിക്കു പകരം സമയമായിരിക്കണം. എന്റെ അധീനത്തിൽ കുറെ സമയമുണ്ടു്. അതെങ്ങനെ ചെലവിടേണ്ടു? തദർത്ഥം ഏററവും ആവശ്യമുള്ളതു മുതൽ ഞാൻ ചെയ്യും; മറെറല്ലാം മാററിനിറുത്തും. ഇതാണു ദൈവത്തെ പ്രതിജോലിചെയ്യുകയെന്നതു്. ഇതാണു മുമ്പും പിമ്പും നോക്കാതെ വർത്തമാനകാലത്തെപ്പററി ചിന്തിച്ചു് ദൈവത്തിൽ ശരണം സമർപ്പിച്ചുകൊണ്ടു ജീവിതം നയിക്കുന്നവരുടെ അടയാളം. പലപ്പോഴും ഭാവിപദ്ധതികളാണു നമ്മെ ചുററിക്കുന്നതു്. "ആകയാൽ നാളത്തെ കാര്യം കൊണ്ടു നിങ്ങൾ വിചാരപ്പെടേണ്ടാ. ഈ നാളെതന്നെ അതിന്റെ കാര്യത്തെപ്പററി വിചാരപ്പെട്ടുകൊള്ളും. അതതു ദിവസത്തിനു അതതിന്റെ കഷ്ടതമതി." (മത്താ: VI-34)

### പുസ്തകാഭിപ്രായം

കയ്യാളശ്ശേരി മാർ തോമ്മാ
മെത്രാനച്ചൻ തിരുമനസ്സിലെ 25-ാം
ചരമവാർഷിക

## സ്മാരകം

(സെൻറു് ഫ്രാൻസിസ് സേൽസ് പ്രസ്സ്, കോട്ടയം. പേജ് 71. വില 1 രു. 4 ണ.)

കയ്യാളശ്ശേരി മാർ തോമ്മാ മെത്രാൻ തിരുമനസ്സിലെ ഇടവകയായ കല്ലൂർക്കാട്ട് ഫൊറോനാപള്ളിയിലെ മരിയാസഖ്യം, വിൻസെൻറ് ഡി പോൾ സംഘം, സത്യാരാധന എന്നി സംഘടനകളുടെ ആഭിമുഖ്യത്തിലും റവ. ഫാദർ മാത്യു നടയ്ക്കൽ അവർകളുടെ നേതൃത്വത്തിലും പ്രസിദ്ധീകൃതമായിരിക്കുന്ന ഈ ഗ്രന്ഥം ഏററവും അവസരോചിതവും പ്രയോജനകരവുമായിരിക്കുമെന്നു അഭിപ്രായപ്പെടുന്നതിൽ ഞങ്ങൾക്കു അതിയായ സന്തോഷമുണ്ടു്. എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രസ്താവനയ്ക്കു പുറമെ, സ്മര്യപുരുഷനെപ്പററി ശ്രീ എൻ. ററി. ജോസഫ്, മരിയാസഖ്യം, ലീജിയൻ ഓഫ് മേരി, വിൻസെൻറ് ഡി പോൾ സഖ്യം, സൽസ്വഭാവം ആദിയായ വിഷയങ്ങളെ അധികരിച്ചു് ശ്രീ ഐ. സി. ചാക്കോ ഡോക്ടർ പി. ജെ. തോമസ്, വെരി റവ. മോൺ. ജേക്കബ് നടുവത്തുശ്ശേരി, റവ. ഡോക്ടർ പ്ലാസിഡ് ആദിയായവരും എഴുതിയിട്ടുള്ള ലേഖനങ്ങളും റവ. ഫാ. ജി. സി. ടിലർ, ശ്രീ വറുഗീസ് കാഞ്ഞിരത്തുങ്കൽ, ശ്രീ മുട്ടത്തു വർക്കി എന്നി കഥാകൃത്തുക്കളുടെ ചെറുകഥകളും മററും ഈ ഗ്രന്ഥത്തിലുണ്ടു്. പാവനചരിതനായ മാർ കയ്യാളശ്ശേരി മെത്രാൻ തിരുമനസ്സിലെ സ്മരണ നിലനിർത്തുന്നതിനായി പ്രസാധകർ ചെയ്തിരിക്കുന്ന ഈ സദുദ്യമത്തെ അഭിനന്ദിക്കുകയും ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിക്കുകയും ചെയ്യുന്നു.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

# Sathya Deepam

Vol. 23 Ernakulam July 5 1950 No. 43


## വത്തിക്കാന്റെ മുഖപത്രം

(1-ാം പേജ് തുടർച്ച)

ത്തിക്കാൻ ഉദ്യോഗസ്ഥന്മാരും ഓരോ വിഷയങ്ങളിൽ പ്രത്യേകവൈദഗ്ധ്യം നേടിയിട്ടുള്ളവരുമാണ്. ഇവർ ഓരോരുത്തരെയും മാർപ്പാപ്പാതിരുമനസ്സുകൊണ്ടു നേരിട്ടു നിയമിച്ചിട്ടുള്ളതാണ്. ഈ വിഭാഗത്തിലെ പ്രമുഖൻ പ്രൊഫസർ കാസിഡിയോ ലോളി എന്ന പണ്ഡിതനാണ്. മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു നിയമേനയെന്നോണം, അതു, എട്ടുഭാഷകളിൽ, വാചാപ്രസംഗം നടത്തുന്നുണ്ട്. അവയിലെ ഉദ്ധരണങ്ങളും മറ്റും ശരിയാണോയെന്നു, പ്രസിദ്ധീകരണത്തിനുമുൻപ് ഒത്തുനോക്കുന്നതിനു തിരുമനസ്സിലേക്ക സമയം കിട്ടാറില്ല. അതു പ്രൊഫസർ ലോളിയുടെ ജോലിയാണ്. അനുദിനം ദിവസവും മാർപ്പാപ്പാ തിരുമേനിയുമായി സമ്പർക്കത്തിലേർപ്പെടുന്നതിനുള്ള സന്ദർഭം അദ്ദേഹത്തിനുണ്ട്.

എന്നാൽ പ്രൊഫസർ ലോളിയോ പത്രാധിപസംഘത്തിലെ മററ് അംഗങ്ങളോ അല്ലാ യഥാർത്ഥത്തിൽ ഒസ്സർവത്തോരെയുടെ പത്രാധിപർ. ആ സ്ഥാനം വഹിക്കുന്നതു സാൻജപിനെററാ പ്രഭുവായ ഗുസപ്പെ ഡെല്ലാ ടോറെയാണ്. തുടർച്ചയായി മൂന്നു മാർപ്പാപ്പാമാരുടെ കീഴിൽ കഴിഞ്ഞ 28 വർഷക്കാലം അദ്ദേഹം ഒസ്സർവത്തോരെയുടെ മാനേജിംഗ് ഡയറക്ടർസ്ഥാനം വഹിച്ചിരിക്കുന്നു. അദ്ദേഹം മാർപ്പാപ്പായുമായി കൂടിയാലോചിക്കുക സാധാരണമാണെങ്കിലും, ഒസ്സർവത്തോരെ, വത്തിക്കാന്റെ ഔദ്യോഗികപരിശോധനയോടുകൂടിയ ഒരു പത്രമല്ലാ.

കൗണ്ട് ഡെല്ലാ ടോറെ ഓജസ്വിയും നിർഭയനും, അഭിപ്രായസ്ഥിരനുമായ ഒരു ധീരപുരുഷനാണ്. കമ്മ്യൂണിസത്തിനെതിരായുള്ള എല്ലാ ലേഖനങ്ങളും വാർത്താപരമായ ലേഖനങ്ങളിൽ 90 ശതമാനവും അദ്ദേഹംതന്നെയാണ് എഴുതുന്നതു്. സഭയുടെ രാഷ്ട്രീയ ശത്രുക്കളോടുള്ള അദ്ദേഹത്തിന്റെ ധർമ്മരോഷം പ്രസിദ്ധമാണ്. കഴിഞ്ഞ യുദ്ധകാലത്ത് അച്ചുതണ്ടുശക്തികളുടെ സ്വാധീനത്തിലുള്ള രാജ്യങ്ങളുടെ മദ്ധ്യത്തിൽനിന്നാണ് തന്റെ പത്രം പ്രസിദ്ധപ്പെടുത്തിയിരുന്നതെങ്കിലും, ഹിററ്ലർ അന്തിക്രിസ്തുവെന്നു മുദ്രയടിക്കുവാനോ, അച്ചുതണ്ടു മേധാവികളെ ക്രൂരരായി വിമർശിക്കുവാനോ അദ്ദേഹം അല്പവും സങ്കോചം കാണിക്കുകയുണ്ടായില്ല.

നാസികൾ നേർവെ ആക്രമിച്ച ദിവസം കൗണ്ട് ഡെല്ലാ ടോറെ സകല സംവരണങ്ങളും ദൂരെയെറിഞ്ഞുകൊണ്ട്, ഒരു ആഗോളസമരം ആരംഭിച്ചതിൽ ജർമ്മൻകാരെയും ഹിററ്ലരെയും ക്രൂരമായി കുററം വിധിച്ചുകൊണ്ടുള്ള ഒരു മുഖപ്രസംഗം പ്രസിദ്ധപ്പെടുത്തി. ഒക്ടോപ്പസ് (Octopus) എന്നാണ് അദ്ദേഹം അതിനു തലക്കെട്ടു കൊടുത്തതു്. ലോകത്തിലെ മിക്ക പ്രധാന പത്രങ്ങളും അതെടുത്തു പകർത്തുകയുണ്ടായി. നിനച്ചിരിയാത്ത ഒരു കോളിളക്കം അതുണ്ടാക്കിത്തീർത്തു. ഡെല്ലാ ടോറെയെ ഉദ്യോഗത്തിൽനിന്നു മാററണമെന്നു ഫാസിസ്റ്റ് പത്രങ്ങൾ മുറവിളികൂട്ടി. ഒരു വത്തിക്കാൻ ഉദ്യോഗസ്ഥൻ പറയുകയുണ്ടായി: "ഡെല്ലാ ടോറെയുടെ നില കൂടുതൽ സുരക്ഷിതമാക്കാൻ പററിയ മാർഗ്ഗമാണ്, അദ്ദേഹത്തെ മാററണമെന്നുള്ള മുറവിളി. പുറമേനിന്നുള്ള യാതൊരു ഇടപെടലിനെയും പരിശുദ്ധപിതാവു് സമ്മതിക്കുന്നതല്ല."

ഉൽകണ്ഠാകുലമായ ആ കാലത്ത് ഒരുദിവസം കൗണ്ട് ഡെല്ലാ വത്തിക്കാൻ സംസ്ഥാനത്തുകൂടെ സവാരിചെയ്യുമ്പോൾ, ഇററാലിയൻ അതിർത്തികടന്നു സഞ്ചരിക്കുകയുണ്ടായി. രണ്ടു ഫാസിസ്റ്റ് പോലീസുകാർ അദ്ദേഹത്തെ തടഞ്ഞു നിർത്തി അവരോടുകൂടി പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ ചെല്ലുവാൻ ആവശ്യപ്പെട്ടു. അദ്ദേഹം അനുകൂലമാംവണ്ണം തലകുനിച്ചു. പെട്ടെന്നു അവരുടെ പിടിയിൽനിന്നു മുക്തനായി വത്തിക്കാൻ അതിർത്തിയിൽ ഓടിക്കയറി. അവിടെ നിന്നുകൊണ്ട് അദ്ദേഹം പറഞ്ഞു: "എന്റെ ആഫീസ് എവിടെയെന്നു നിങ്ങൾക്കറിയാമല്ലോ. അവക്ക് എന്തെങ്കിലും എന്നോടു ചോദിക്കുവാനുണ്ടെങ്കിൽ, സന്ദർശനനുവാദം വാങ്ങി എന്റെ അടുക്കലേക്കു വരട്ടെ. പക്ഷേ ഞാൻ അവരെ കണ്ടെന്നുവരാം." ആ ദിവസത്തിനുശേഷം, സഖ്യകക്ഷിസൈന്യം റോമയിൽ പ്രവേശിക്കുന്നതുവരെ അദ്ദേഹം വത്തിക്കാൻ വിട്ടുപോയിട്ടില്ല.

ഡെല്ലാ ടോറെ ഫാസിസ്റ്റുകാരുമായി സംഘട്ടനത്തിലേർപ്പെട്ടതു് 1940 ലാണ്. ഒസ്സർവത്തോരെ പ്രതിദിനം ഒരു കോളം യുദ്ധവാർത്ത പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നു. "ദിനസംഭവം" എന്ന പേരിൽ കൊടുത്തിരുന്ന ആ യുദ്ധവാർത്താക്കുറിപ്പിൽ ലണ്ടൻ, പാരിസ്, ബെർലിൻ മുതലായ സമരകേന്ദ്രങ്ങളിൽ നിന്നുള്ള കമ്മ്യൂണിക്കകളുടെ ചുരുക്കവും ചേർത്തിരുന്നു. അച്ചുതണ്ടു കക്ഷികളുടെയും സഖ്യകക്ഷികളുടെയും യുദ്ധവാർത്തകൾ ഒന്നുപോലെ പ്രസിദ്ധം ചെയ്തിരുന്ന ഇററലിയിലെ ഏക പത്രം ഒസ്സർവത്തോരെയായിരുന്നു. അന്ന് അതിന്റെ മൂന്നുലക്ഷം കോപ്പികളാണ് പ്രചരിച്ചിരുന്നതു്. ഇററലി യുദ്ധപ്രഖ്യാപനം ചെയ്തതിന്റെ പിറേറദിവസവും ഒസ്സർവത്തോരെയിൽ ഈ പംക്തി ഉണ്ടായിരുന്നു; അന്നുതന്നെ ഇററലിയിലെങ്ങും ഒസ്സർവത്തോരെ കണ്ടുകെട്ടി.

ഈ പംക്തി എഴുതിക്കൊണ്ടിരുന്നതു് പ്രൊഫസർ ഗ്വിഡോ ഗോനെല്ലാ എന്ന പണ്ഡിതനായിരുന്നു. പത്രം കണ്ടുകെട്ടപ്പെട്ട അന്ന് പ്രൊഫസർ ഗോനെല്ലായും അപ്രത്യക്ഷനായി. ഇററാലിയൻ പോലീസ് അദ്ദേഹത്തെ ജയിലിലാക്കിയിരിക്കുകയാണെന്നു ഡെല്ലാ ടോറെ മനസ്സിലാക്കി. ഇററലിയിലെ ഒരു പൗരനായ പ്രൊഫസർ രാജ്യതാല്പര്യങ്ങൾക്കെതിരായി എഴുതുന്നു എന്നതായിരുന്നു അവരുടെ കേസ്. പരിശുദ്ധപിതാവിനു ഇതറിഞ്ഞപ്പോൾ അമർഷമുളവായി. ഡെല്ലാ ടോറെ ഒരു ദിവസത്തേക്കു പത്രം മുടക്കി. ആ പത്രത്തിന്റെ സുദീർഘചരിത്രത്തിൽ പത്രം പുറപ്പെടാത്ത ഏകദിനം അന്നായിരുന്നു. പിറേറദിവസം മുതൽ ദിനസംഭവപംക്തി വേണ്ടെന്നുവെച്ചു. പ്രൊഫസർ ജയിൽമുക്തനായപ്പോൾ, പരിശുദ്ധ പിതാവു് അദ്ദേഹത്തിനു വത്തിക്കാനിൽ തന്നെ ഒരു മുറി നല്കി. സഖ്യകക്ഷികൾ റോമയിൽ പ്രവേശിക്കുന്നതുവരെ അദ്ദേഹം വത്തിക്കാൻ വിട്ടുപോയില്ല. പിന്നീട് ഒസ്സർവത്തോരെയിലെ ഉദ്യോഗം രാജിവച്ചശേഷം ഡിഗസ്പെരി ഗവർമ്മെന്റിൽ വിദ്യാഭ്യാസമന്ത്രിയായി.

ഡെല്ലാ ടോറെയെ സഹായിക്കുന്നതിനു 15 റിപ്പോർട്ടർമാർ വത്തിക്കാനിൽതന്നെയുണ്ട്. ഇവരിൽ 2 പേർ വൈദികരും 13 പേർ പത്രപ്രവർത്തനപരിശീലനവും വൈദഗ്ദ്ധ്യവുമുള്ള ഇററാലിയൻ അൽമായരുമാണ്. ഈ റിപ്പോർട്ടർമാർ ഒസ്സർവത്തോരെയിൽ പ്രസിദ്ധപ്പെടുത്തേണ്ട ലേഖനങ്ങളെയും വാർത്തകളെയും നിഷ്കർഷാപൂർവ്വം പരിശോധിക്കുന്നു. തിങ്കളാഴ്ച നടന്ന ഒരു സംഗതി വ്യാഴാഴ്ചയോ വെള്ളിയാഴ്ചയോ മാത്രമേ റിപ്പോർട്ടു ചെയ്യുള്ളുവെന്നു വരാം. "ഞങ്ങൾ വാർത്തകൾ ചൂടോടെ നൽകുന്നില്ലായിരിക്കാം. എന്നാൽ ഞങ്ങളുടെ വാർത്തകൾ യഥാർത്ഥങ്ങളായിരിക്കും" എന്നാണ് ഒരു പത്രാധിപർ അതേപ്പററി പറഞ്ഞതു്.

ഒസ്സർവത്തോരെയിൽ പ്രാദേശിക വാർത്തകൾക്കു അപ്രധാനമായ ഒരു സ്ഥാനമേയുള്ളു. വിദേശവാർത്തകൾ ഒസ്സർവത്തോരെയിലത്രെ് ലോകത്തിലെ മററു പത്രത്തിലേതിനെയുംകാൾ പ്രാധാന്യമർഹിക്കുന്നു എന്നാണു റോമയിലെ അമേരിക്കൻ പത്രപ്രവർത്തകരുടെ അഭിപ്രായം. വിദേശലേഖകന്മാർ റിപ്പോർട്ടുകൾ എഴുതുകയല്ല, നടക്കുന്നതെന്തെല്ലാമാണെന്നു യഥാസമയം ഒസ്സർവത്തോരെയെ അറിയിക്കുകയാണു ചെയ്യുന്നതു്. ഇരുമ്പുകർട്ടനു പുറമേയുള്ള എല്ലാ രാജ്യങ്ങളിലുമായി മുന്നൂറിലധികം താല്ക്കാലികലേഖകന്മാർ ഒസ്സർവത്തോരെക്കുണ്ട്. ഇവരധികവും അതതുസ്ഥലത്തെ പ്രമുഖരായ കത്തോലിക്കാ പത്രപ്രവർത്തകരാണ്. ഇതിനുപുറമെ വത്തിക്കാൻ സ്റ്റേററു സിക്രട്ടറിയേററുമായി ഒസ്സർവത്തോരെ സമ്പർക്കത്തിലുമാണ്. ലോകത്തിലെ പ്രധാനപ്പെട്ട 40-ൽ പരം ഗവമ്മെന്റുകളുടെ സ്ഥാനപതികൾ വത്തിക്കാനിലുണ്ടല്ലോ. ഈ ഏർപ്പാടുമൂലം മററുപത്രങ്ങളെ അപേക്ഷിച്ചു കൂടുതൽ യഥാതഥമായി റിപ്പോർട്ടു ചെയ്യുന്നതിനു സാധിക്കുന്നു.

ഒസ്സർവത്തോരെയുടെ ആഫീസ് മുറികൾ ആഡംബരപൂർണ്ണങ്ങളല്ല. ഒരു മേശയും ഏതാനും കസേരകളും ഇപ്പോഴത്തെ മാർപ്പാപ്പായുടെ ഒരു ചിത്രവും: തീർന്നു ആ മുറിയിലെ അലങ്കാരങ്ങൾ. എന്നാൽ അച്ചടിശാലയിൽ ഏററവും ആധുനികങ്ങളായ ലിനോടൈപ്പ യന്ത്രങ്ങളും റോട്ടറി പ്രസ്സുകളുമുണ്ട്. റഷ്യൻ, അറബിക്ക്, ഹിബ്രു, ഗ്രീക്ക്, സ്പാനിഷ്, സംസ്കൃതം മുതലായി 34 ഭാഷകളിൽ അച്ചടിക്കുന്നതിനുള്ള ലിനോടൈപ്പയന്ത്രങ്ങൾ അവിടെയുണ്ട്. ഒസ്സർവത്തോരെ സാധാരണമായി ഇററാലിയൻ ഭാഷയിലാണെങ്കിലും, മാർപ്പാപ്പാ തിരുമനസ്സിലെ പ്രസംഗങ്ങളും സന്ദേശങ്ങളും, രേഖകളും അവ ഏതു ഭാഷയിൽ തയാറാക്കപ്പെടുന്നുവോ ആ ഭാഷയിലാണ് ഒസ്സർവത്തോരെയിൽ പ്രസിദ്ധപ്പെടുത്തുന്നതു്.

ഒന്നാംപുറം സർവരാജ്യകത്തോലിക്കാവാർത്തകൾക്കും, മാർപ്പാപ്പാ തിരുമേനിയുടെ സന്ദർശനങ്ങൾക്കും പ്രഖ്യാപനങ്ങൾക്കുമായി വിനിയോഗിക്കപ്പെടുന്നു. രണ്ടാംപുറത്തു വത്തിക്കാനിലെയും ഇററലിയിലെയും വാർത്തകൾക്കു പ്രാധാന്യം നൽകുന്നു. മൂന്നാംപുറത്തു ലേഖനങ്ങളും സാഹിത്യപരമായ പ്രബന്ധങ്ങളും പ്രസിദ്ധപ്പെടുത്തുന്നു. നാലാംപുറത്തു വിദേശവാർത്തകളും വിമർശങ്ങളുമാണുള്ളതു്. പരസ്യങ്ങളും നാലാംപുറത്താണു ചേർക്കുന്നതു്.

ഒസ്സർവത്തോരെ ഒരു നിരന്തരസമരത്തിലേർപ്പെട്ടിരിക്കുകയാണെന്നു പറയാം. ഇററലിയിലായാലും ഇററലിക്കു പുറത്തായാലും കമ്മ്യൂണിസ്റ്റുകാർ, വൈദികവിദ്വേഷികൾ, മതവൈരികൾ മുതലായവരാണു ഒസ്സർവത്തോരെയുടെ നിശിതമായ വിമർശത്തിനു ലക്ഷ്യം. 2000 കൊല്ലത്തെ പഴക്കമുള്ള സഭയുടെ പാരമ്പര്യത്തിൽ ഉറച്ചുനിന്നുകൊണ്ടു് സനാതനങ്ങളായ ജീവിതമൂല്യങ്ങൾക്കുവേണ്ടി നടത്തപ്പെടുന്ന ഈ ധാർമ്മികസമരത്തിൽ അന്തിമവിജയം തങ്ങൾക്കായിരിക്കുമെന്നു ഒസ്സർവത്തോരെ റൊമാനോയ്ക്കു പരമബോദ്ധ്യമാണ്.

---


ഏററവും നല്ല

ഹാഫ്ടോൺ

കളർ

ലൈൻ

സ്റ്റീരിയോ

ബ്ലോക്കുകൾ

റബ്ബർസ്റ്റാമ്പ്

സിനിമാസ്ലൈഡ്

ഇവയ്ക്കു്, എപ്പോഴും

മാർ ളൂയിസ് മെമ്മോറിയൽ പ്രസ്

ബ്ലോക്ക്

സ്റ്റുഡിയോ

ബ്രോഡ്‌വേ,

എറണാകുളം


---

## വി. കുർബാനയുടെ സന്നിധിയിൽ

(പി. ഡി. ജോസഫ്)

(നല്ലതങ്കയിലെ "അമ്മയൻ പ്രേമ" എം. മ.)

ചിന്മയൻ ഈശോ സൗഹാർദ്ദത്താൽ വാഴ്‌വൂ
നന്തനച്കാനായ് സാനന്ദം ഭ്രമൗ
വൻവ്യഥ ഏറിടുമങ്ങയെ കാണുന്നു ഞാൻ
എന്റെ ആശ്രയം നീയേ. . . . .  (ചിന്മ

1 നിൻജനം ഭീമമാം പാപത്തിൽ പൂണ്ടുപോയ്
വൻക്രൂശിലേററിയോ നിത്യേന പാലകാ
എന്റെ ആശ്രയം നീയേ. . . .  (ചിന്മ

2 തിന്മകൾ മൂലമീ ജന്മം പാഴാക്കായ്‌വാൻ
നിൻ ആശിസ്സുകക സന്താഗ്‌തശമ
എന്റെ ആശ്രയം നീയേ. . . .  (ചിന്മ

---

## മിഷനറിമാർ ചാരന്മാരല്ല

ചൈനയിലെ കത്തോലിക്കാ മിഷനറിമാർ വത്തിക്കാന്റെ ചാരന്മാരാണെന്നു ചില കമ്മ്യൂണിസ്റ്റ് നേതാക്കൾ ചെയ്ത പ്രസ്താവനയെ പ്രോപ്പഗാന്താ തിരുസംഘം പ്രതിഷേധിച്ചിരിക്കുന്നു. അവരുടെ വാദമുഖങ്ങളെ ഖണ്ഡിക്കുന്ന കൂട്ടത്തിൽ, കഴിഞ്ഞ ഡിസംബർ മാസത്തിൽ ചൈനീസ് കമ്മ്യൂണിസ്റ്റ് നേതാവ്, മാവൊ സെ തുംഗ്, മിഷനറിമാർക്ക് അനുകൂലമായി ചെയ്ത ഒരു പ്രസ്താവനയെ അനുസ്മരിക്കുന്നുമുണ്ട്. "കത്തോലിക്കാസഭ അതിന്റെ സാമൂഹ്യവും ജീവകാരുണ്യപരവുമായ പ്രവർത്തനങ്ങൾവഴി ചൈനക്കു പല ഉപകാരങ്ങളും ചെയ്തിട്ടുണ്ട്" എന്നത്രെ അദ്ദേഹം അന്നു പ്രസ്താവിച്ചതു്.

സ്വന്തം ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്ന നല്ല ഇടയനായ ക്രിസ്തുവിന്റെ മാതൃക അനുസരിച്ചാണ് മിഷനറിമാർ ആപൽക്കരങ്ങളായ സാഹചര്യങ്ങളിലെപ്പോലും ധൈര്യം കൈവിടാതെ ചൈനയിൽ ജീവിതം തുടരുവാൻ സന്നദ്ധരായിരിക്കുന്നതെന്നു വ്യക്തമാക്കിയശേഷം തിരുസംഘം തുടർന്നു പറയുന്നു: "യഥേഷ്ടം വ്യാപാരം അവസാനിപ്പിക്കയോ പ്രതികൂലസാഹചര്യങ്ങളിൽ പിരിച്ചുവിടുകയോ ചെയ്യാവുന്നതരം വർത്തകസംഘങ്ങളുടെ ഏജന്റന്മാരല്ല മിഷനറിമാർ. ക്രിസ്തുവിന്റെ ജോലി തുടർന്നുകൊണ്ടുപോകുന്നതിനാണു് അവർ അവിടെ ചെന്നിരിക്കുന്നതു്."